# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# മട്ടന്നൂർ മുനിസിപ്പാലിറ്റി

# ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001

ഇ-മെയിൽ: doknr.ksad@kerala.gov.in

ഫോൺ : 0497-2707698

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ./കെ.എൻ.ആർ./സി.15/531/23

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001
തീയ്യതി: 18/05/2023
ഇ-മെയിൽ: doknr.ksad@kerala.gov.in
ഫോൺ: 0497-2707698

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

ചെയർമാൻ (സെക്രട്ടറി മുഖേന)
മട്ടന്നൂർ മുനിസിപ്പാലിറ്റി

സർ,

വിഷയം : മട്ടന്നൂർ മുനിസിപ്പാലിറ്റിയുടെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മട്ടന്നൂർ മുനിസിപ്പാലിറ്റിയുടെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള മുനിസിപ്പാലിറ്റി നിയമം -പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള മുനിസിപ്പാലിറ്റി പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1. സെക്രട്ടറി,തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
2. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (എയിംസിൽ )
3. ഡയറക്ടർ, നഗരകാര്യ വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
4. റീജിയണൽ ജോയിന്റ് ഡയറക്ടർ, നഗരകാര്യം, കോഴിക്കോട് (ഉപരിപത്രം സഹിതം)

നമ്പർ: കെ.എസ്.എ./കെ.എൻ.ആർ./സി.15/531/23 തീയ്യതി: 18/05/2023

## കണ്ണൂർ ജില്ലയിലെ മട്ടന്നൂർ മുനിസിപ്പാലിറ്റിയുടെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കണ്ണൂർ ജില്ലയിലെ മട്ടന്നൂർ മുനിസിപ്പാലിറ്റിയുടെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 13-12-2021 മുതൽ 31-03-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2021 മുതൽ 31-03-2022 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 47 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 24 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 27-04-2023 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്തു ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. കിഷോർ തോമസ് എം | സീനിയർ ഡെപ്യൂട്ടി ഡയറക്ടർ | 03-04-2023 | 18-04-2023 |
| ശ്രീ.രാജിലൻ.എം.സി | സീനിയർ ഡെപ്യൂട്ടി ഡയറക്ടർ-ഇൻ-ചാർജ്ജ് | 19-04-2023 | 27-04-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 03-04-2023 | 27-04-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി.ഷൈമകുമാരി.എസ്.എൽ, ഓഡിറ്റ് ഓഫീസർ (ഹയർ ഗ്രേഡ്)

ശ്രീമതി.ഷിജില.വി.ഡി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി.വനജ മാടത്താൻകണ്ടി, സീനിയർ ഗ്രേഡ് ഒഡിറ്റർ
ശ്രീ.ബിജു ബാലൻ, ഓഡിറ്റർ.

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി.അനിത വേണു | ചെയർപേഴ്സൺ | 01-04-2021 | 31-03-2022 |
| ശ്രീ.വിനോദ്കുമാർ.എസ് | സെക്രട്ടറി | 01-04-2021 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.കെ.പി.രമേഷ് ബാബു | പ്രൊജക്ട് ഓഫീസർ,നഗരദാരിദ്ര്യനിർമാർജന സെൽ | 01-04-2021 | 31-03-2022 |
| ഡോ.സുഷമ.കെ | മെഡിക്കൽ ഓഫീസർ(സി എച്ച് സി) | 01-04-2021 | 31-03-2022 |
| ഡോ.വിദ്യോത് കുമാർ.പി | മെഡിക്കൽ ഓഫീസർ, (ആയുർവേദ) | 01-04-2021 | 31-03-2022 |
| ഡോ.ഷെർന.സി.എം | മെഡിക്കൽ ഓഫീസർ(ഹോമിയോ) | 01-04-2021 | 31-03-2022 |
| ഡോ.രാമ അറുമുഖം | സീനിയർ വെറ്റിനറി സർജ**ൻ** | 01-04-2021 | 31-03-2022 |
| ശ്രീമതി.ജിസ്മി അഗസ്ററിൻ | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 01-04-2021 | 31-03-2022 |
| ശ്രീ.ശ്രീജിത്ത്.എസ് | കൃഷി ഓഫീസർ | 01-04-2021 | 31-03-2022 |
| ശ്രീ.മനോജ് കുമാർ.ആർ | മുനിസിപ്പൽ എഞ്ചിനീയർ | 01-04-2021 | 04-08-2021 |
| ശ്രീ.കെ.ടി.പ്രണാം | മുനിസിപ്പൽ എഞ്ചിനീയർ | 05-08-2021 | 31-03-2022 |
| ശ്രീമതി.പ്രീത.പി | സബ് ഇൻസ്പെകറ്റർ ഓഫ് ഫിഷറീസ് | 01-04-2021 | 07-09-2021 |
| ശ്രീ.ഷാജി.സി | സബ് ഇൻസ്പെകറ്റർ ഓഫ് ഫിഷറീസ് | 08-09-2021 | 31-03-2022 |
| ശ്രീ.ശശിധരൻ.എൻ.പി. | ഹെഡ് മാസ്റ്റർ | 01-04-2021 | 31-03-2022 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക 2021-22 | 1-2 |
| 3 | 2021-22 വർഷത്തെ വാർഷിക ധനകാര്യ പത്രികയിലെ അപാകങ്ങൾ. | 1-2-1 |
| 4 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേമെന്റ് പ്രകാരം) | 1-3 |
| 5 | ഫണ്ട് വിനിയോഗം | 1-4 |
| 6 | വിനിയോഗിക്കാൻ/തിരിച്ചടക്കാൻ ബാക്കിയുള്ള തുകയുടെ വിവരം | 1-4-1 |
| 7 | പദ്ധതി അവലോകനം | 1-5 |
| 8 | അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി | 1-6 |
| 9 | അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി - ജി എസ് ടി തുക 5132/- രൂപ ഈടാക്കേണ്ടതാണ് | 1-6-1 |
| 10 | സാമൂഹ്യക്ഷേമ പെൻഷൻ | 1-7 |
| 11 | സാമൂഹ്യ സുരക്ഷ പെൻഷൻ- മരണ ശേഷവും ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്ക് പെൻഷൻ തുക കൈമാറുന്നു | 1-7-1 |
| 12 | ക്യാഷ് ബാലൻസ് പരിശോധന സാക്ഷ്യപത്രം | 1-8 |
| 13 | അഭ്യന്തര നിയന്ത്രണ സംവിധാനം | 1-9 |
| 14 | വാർഡ് സഭ | 1-10 |
| 15 | കമ്മിറ്റികളുടെ പ്രവർത്തനം കാര്യക്ഷമമാക്കേണ്ടതാണ്. | 1-11 |
| 16 | രശീതി പരിശോധനയിൽ കണ്ടെത്തിയ അപാകങ്ങൾ | 1-12 |
| 17 | തൊഴിൽ നികുതി ഈടാക്കിയിട്ടില്ല | 1-13 |
| 18 | നഗരസഭയിൽ രജിസ്റ്റർ ചെയ്തിട്ടുള്ള കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കേണ്ടതാണ് | 1-14 |
| 19 | മൊബൈൽ ടെലഫോൺ ടവർ- നികുതി വരുമാനം ഉറപ്പ വരുത്തേണ്ടതാണ്. | 1-15 |
| 20 | വാടക മുറികൾ കൈമാറ്റം ചെയ്യുന്നതിന് ബൈലോ പ്രകാരമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. | 1-16 |
| 21 | മുനിസിപ്പാലിറ്റി കെട്ടിടങ്ങളിലെ വാടക പിരിച്ചെടുക്കാത്തത് കാരണം വരുമാന നഷ്ടം | 1-17 |
| 22 | നഗരസഭയുടെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളിലെ /ഇൻഡസ്ട്രിയൽ എസ്റ്റേറ്റിലെ മുറികൾ/പ്ലോട്ടുകൾ വാടകയ്ക്ക് നൽകാതെ ഒഴിഞ്ഞുകിടക്കുന്നു. | 1-18 |
| 23 | കൗൺസിൽ തീരുമാനം പ്രകാരമുള്ള, ലീസ് / ലേല നടപടികൾക്കായുള്ള ബൈലോ രൂപീകരിച്ചിട്ടില്ല | 1-19 |
| 24 | 5,41,478/- രൂപയുടെ മരുന്നുകൾ ലഭിച്ചിട്ടില്ല | 1-20 |

| | | |
|---|---|---|
| 25 | പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി- മുഴുവൻ തുകയുടേയും വിനിയോഗ സാക്ഷ്യ പത്രം ലഭിച്ചിട്ടില്ല. | 1-21 |
| 26 | പദ്ധതിയിൽ നിന്നും വ്യതിചലിച്ച് ഫർണിച്ചർ വാങ്ങി- വാങ്ങിയ ഇനങ്ങൾ സിഡ്കോ നിർമ്മിതമായവ ആണെന്ന സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. | 1-22 |
| 27 | ചെലവ് രേഖകൾ ലഭ്യമാക്കിയിട്ടില്ല - 421535/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. | 1-23 |
| 28 | നഗരസഭ സെക്രട്ടറിക്ക് ക്വാർട്ടേഴ്സ് വാടകയും വീട്ടുവാടക ബത്തയും ഒരേസമയം അനുവദിച്ചത് ക്രമപ്രകാരമല്ല. | 1-24 |
| 29 | നഗരസഭയ്ക്ക് ശുചീകരണ വാഹനം വാങ്ങൽ - ജി.എസ്.ടി.ടി.ഡി.എസ് ഈടാക്കിയതിന്റെയും വാഹനം സ്റ്റോക്കിലെടുത്തതിന്റെയും രേഖകൾ ലഭ്യമാക്കിയിട്ടില്ല - ₹ 671502 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-25 |
| 30 | വരൾച്ച ബാധിത പ്രദേശങ്ങളിലെ കുടിവെള്ളവിതരണം - കരാറുകാർക്ക് തുക അനുവദിച്ചതിലെ അപാകങ്ങൾ-₹324797 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-26 |
| 31 | മഴക്കാല പൂർവ്വ ശുചീകരണം - ചെലവു രേഖകളും വിനിയോഗ സാക്ഷ്യപത്രവും ലഭ്യമാക്കിയിട്ടില്ല -₹700000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-27 |
| 32 | സർക്കാർ നിർദ്ദേശം പാലിക്കാതെ ലാസ്റ്റ് ഗ്രേഡ് ഒഴികെയുള്ള ജീവനക്കാരുടെ ആർജ്ജിതാവധി സറണ്ടർ അനുവദിച്ചു. | 1-28 |
| 33 | ക്ഷാമബത്ത കുടിശ്ശിക - പങ്കാളിത്ത പെൻഷൻ വിഹിതം ഒടുക്കിയതിന്റെ രേഖകൾ ലഭ്യമാക്കിയില്ല. | 1-29 |
| 34 | നഗരസഭ സെക്രട്ടറി -ശമ്പളവും, അലവൻസുകളും, പെൻഷൻ അംശദാനവും അടവാക്കിയതിന്റെ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല. | 1-30 |
| 35 | തുടർ വിദ്യാകേന്ദ്രങ്ങളിലെ സാക്ഷരതാ പ്രേരക് മാർക്ക് ഹോണറേറിയം ₹156375 അനുവദിച്ചത്- തനത് ഫണ്ടിലേക്ക് റീക്കൂപ്പ് ചെയ്തിട്ടില്ല. | 1-31 |
| 36 | ക്ലീൻ കേരള കമ്പനിക്ക് തുക നൽകൽ -രേഖകൾ ലഭ്യമാക്കിയില്ല - ₹1737067 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-32 |
| 37 | ഓട്ടോമാറ്റിക് ബെയ്‌ലിംഗ് മെഷീൻ സ്ഥാപിക്കൽ - ഉപകരണങ്ങൾ സ്ഥാപിച്ചതിന്റെയും പ്രവർത്തനം തുടങ്ങിയതിന്റെയും രേഖകൾ ലഭ്യമാക്കിയിട്ടില്ല - ₹570000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-33 |
| 38 | ജൈവവള നിർമ്മാണ കേന്ദ്രത്തിലേക്ക് ആവശ്യമായ പാക്കിംഗ് ഉപകരണങ്ങൾ വാങ്ങൽ - ഉപകരണങ്ങൾ സ്ഥാപിച്ചതിന്റെയും പ്രവർത്തനം തുടങ്ങിയതിന്റെയും രേഖകൾ ലഭ്യമാക്കിയില്ല - ₹165481 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-34 |
| 39 | സെക്രട്ടറി നിർവ്വഹണം നടത്തിയ വിവിധ പ്രോജക്ടുകൾ -ചെലവു രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല - ₹9223113 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-35 |

| | | |
|---|---|---|
| 40 | ബയോവേസ്റ്റ് ഷ്രഡ്ഡർ സ്ഥാപിക്കൽ - ഉപകരണങ്ങൾ സ്ഥാപിച്ചതിന്റെയും പ്രവർത്തനം തുടങ്ങിയതിന്റെയും രേഖകൾ ലഭ്യമാക്കിയിട്ടില്ല-₹413000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-36 |
| 41 | സി ഡി എസ് മെമ്പർ സെക്രട്ടറി/പ്രോജക്ട് ഓഫീസറുടെ അധികചുമതല വഹിച്ചിരുന്ന ജീവനക്കാരന് നഗരസഭ യു പി എ ഫണ്ടിൽ നിന്ന് ചാർജ്ജ് അലവൻസ് അനുവദിച്ചത് ക്രമപ്രകാരമല്ല. ₹107930യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-37 |
| 42 | പ്രോജക്ട് ഓഫീസർ നിർവ്വഹണം നടത്തിയ വിവിധ പ്രോജക്ടുകളുടെ ചെലവ് രേഖകൾ ലഭ്യമാക്കിയിട്ടില്ല. ₹1665000 യുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. | 1-38 |
| 43 | ബാലസഭ -മാർഗ്ഗരേഖാ വ്യവസ്ഥകൾക്കു വിരുദ്ധമായി അധികം ചെലവഴിച്ച ₹119515 തിരികെ ഈടാക്കേണ്ടതാണ്. | 1-39 |
| 44 | പ്രവൃത്തി മൂല്യം നെഗോഷ്യേറ്റ് ചെയ്ത തുകയിൽ ലിമിറ്റ് ചെയ്യാത്തതിനാൽ 1706 രൂപ നഷ്ടം | 1-40 |
| 45 | മരാമത്ത് പ്രവൃത്തികൾ - കരാർ ചമയ്ക്കുന്നതിലെ അപാകതകൾ | 1-41 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| 1 | ബാലസഭ -മാർഗ്ഗരേഖാ വ്യവസ്ഥകൾക്കു വിരുദ്ധമായി അധികം ചെലവഴിച്ച ₹119515 തിരികെ ഈടാക്കേണ്ടതാണ്. | 3-1 |
| 2 | പ്രവൃത്തിമൂല്യം നെഗോഷ്യേറ്റ് ചെയ്ത തുകയിൽ ലിമിറ്റ് ചെയ്യാത്തതിനാൽ 1706 രൂപ നഷ്ടം | 3-2 |
| | ഭാഗം **4** | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരം | 4-4 |
| 5 | വായ്പ/വായ്പ തിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപത്തിന്റെ വിവരം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-11 |

| അനുബന്ധം | |
|---|---|
| 1 | ഓഡിറ്റ് സാക്ഷ്യപത്രം |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം |
| 3 | RECEIPT & PAYMENT STATEMENT |
| 4 | INCOME & EXPENDITURE STATEMENT |
| 5 | BALANCE SHEET |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

മട്ടന്നൂർ നഗരസഭയുടെ ഭരണസമിതിയുടെ 18-2-2021ലെ യോഗതീരുമാനം നമ്പർ 1 പ്രകാരം അംഗീകരിച്ച 2021-22 സാമ്പത്തിക വർഷത്തെ ബജറ്റ് ചുവടെ കൊടുക്കുന്നു.

| ബജറ്റ് | |
|---|---|
| മുൻബാക്കി | ₹3,82,84,807 |
| വരവ് | ₹55,33,01,089 |
| ആകെ വരവ് | ₹59,15,85,896 |
| ചെലവ് | ₹55,46,80,444 |
| നീക്കിയിരിപ്പ് | ₹3,69,05,452 |

| പുതുക്കിയ ബജറ്റ് | |
|---|---|
| മുൻബാക്കി | ₹9,00,94,321 |
| വരവ് | ₹57,18,24,540 |
| ആകെ വരവ് | ₹66,19,18,861 |
| ചെലവ് | ₹57,95,43,339 |
| നീക്കിയിരിപ്പ് | ₹8,23,75,522 |

പുതുക്കിയ ബജറ്റ് അംഗീകരിച്ചതിന്റെ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല.

## 1-2 വാർഷിക ധനകാര്യപത്രിക 2021-22

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകം പരിഹരിക്കുവാനായി തിരിച്ചയച്ച തീയതി |
|---|---|---|
| 31-07-2022 | 23-11-2022 | തിരിച്ചയച്ചിട്ടില്ല |

വാർഷിക ധനകാര്യപത്രിക 31.07.2022ന് എയിംസിൽ സമർപ്പിച്ചിട്ടുണ്ട്.

### 1-2-1 2021-22 വർഷത്തെ വാർഷിക ധനകാര്യ പത്രികയിലെ അപാകങ്ങൾ.

2021-22 വർഷത്തെ വാർഷിക ധനകാര്യ പത്രികയുടെ പരിശോധനയിൽ കണ്ടെത്തിയ അപാകങ്ങൾ ചുവടെ കൊടുക്കുന്നു.

1. 2020-21 വർഷത്തെ ഓഡിറ്റ് ചെയ്ത ബാലൻസ് ഷീറ്റിലെ B-1 ഷെഡ്യൂൾ പ്രകാരമുള്ള General Fund(310100100), Excess Of Income Over Expenditure (310900100) എന്നീ ഹെഡുകളിലെ തുകകൾ 2021-22 വർഷത്തെ ട്രയൽബാലൻസ് മുന്നിരിപ്പുമായി പൊരുത്തപ്പെടുന്നില്ല. ഇൻകം & എക്സ്പെൻഡിച്ചർ പ്രകാരമുള്ള വരുമാന, ചെലവുകൾ B-1 ഷെഡ്യൂൾ തയ്യാറാക്കുന്നതിന് പരിഗണിച്ചിട്ടില്ല.

2. B-2 ഷെഡ്യൂളിലെ (ദുരിതാശ്വാസ നിധി, കണ്ടിജന്റ് സ്റ്റാഫ് പെൻഷൻ ഫണ്ട്, പോവർട്ടി അലീവിയേഷൻ ഫണ്ട്)

തുകകളുടെ കൃത്യത പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ ഹാജരാക്കിയിട്ടില്ല. ദുരിതാശ്വാസ നിധി, B-2 ഷെഡ്യൂൾ പ്രകാരമുള്ള തുക (1,91,866/- രൂപ) B-17 ഷെഡ്യൂൾ പ്രകാരമുള്ള തുക (1,31,666/- രൂപ) യുമായി പൊരുത്തപ്പെടുന്നില്ല.

3. Kolari Service Co-op Bank A/c No. 0301110000881, Chairman Distress Relief Fund (450230200) - Bank Statement പ്രകാരമുള്ള നീക്കിയിരിപ്പ് 157354 രൂപയും 31-3-2022 ലെ റീകൺസീലിയേഷൻ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള നീക്കിരിപ്പ് 157254 രൂപയുമാണ്. 100 രൂപയുടെ വ്യത്യാസം വിശദീകരിക്കപ്പെട്ടിട്ടില്ല.

4. ബി-4 ഷെഡ്യൂളിൽ ഉൾപ്പെട്ട കേന്ദ്ര, സംസ്ഥാന സർക്കാരുകളിൽ നിന്നും മറ്റ് ഏജൻസികളിൽ നിന്നും ലഭിച്ച തുകകളുടെ വിശദ വിവരങ്ങൾ (ഏതു വർഷത്തിൽ ഏതു പദ്ധതിയുമായി ബന്ധപ്പെട്ട് ലഭിച്ചതാണെന്നത് സംബന്ധിച്ചുള്ള വിശദാംശങ്ങൾ ഉൾപ്പെടെ) ലഭ്യമാക്കിയിട്ടില്ല.

5. ഡെപ്പോസിറ്റ് രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കാത്തതിനാൽ B-7 ഷെഡ്യൂൾ പ്രകാരമുള്ള ഡെപ്പോസിറ്റ് തുകകളുടെ കൃത്യത പരിശോധിക്കാനായിട്ടില്ല.

6. ഗ്രാമപഞ്ചായത്തിലെ സ്ഥിരജീവനക്കാരുടെ 2022 മാർച്ച് മാസത്തെ ശമ്പളാനുകൂല്യങ്ങൾ, ജനപ്രതിനിധികളുടെ ഹോണറേറിയം, വാഹന ഇന്ധനച്ചെലവ്, കരാർ ജീവനക്കാരുടെ ശമ്പളം, ടെലഫോൺ ചാർജ്ജ്, വൈദ്യുതി ചാർജ്ജ്, വെള്ളക്കരം എന്നീ ബാധ്യത ചെലവുകളുടെ കുടിശ്ശിക 2021-22 വർഷത്തെ ബാലൻസ് ഷീറ്റ് B-9 ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടില്ല.

7. തൊഴിൽ നികുതി, ഡി & ഒ ലൈസൻസ് ഫീ, വസ്തു നികുതി, പെർമിറ്റ് ഫീ, വാടക ഉൾപ്പെടെ എല്ലാ നികുതി-നികുതിയേതര വരവിനങ്ങളുടെയും സാക്ഷ്യപ്പെടുത്തിയ ഡി സി ബി പത്രിക പരിശോധനക്ക് ഹാജരാക്കിട്ടില്ലാത്തതിനാൽ ഈയിനങ്ങളിൽ വാർഷിക കണക്കിൽ ചേർത്ത ഡിമാന്റ്, കളക്ഷൻ, ബാലൻസ് തുകകളുടെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

8. തൊഴിൽ രഹിത വേതനം, സാമൂഹ്യ സുരക്ഷാ പെൻഷനുകൾ, മറ്റു റവന്യൂ വരവുകൾ എന്നീ ഇനങ്ങളിലുള്ള വരവു ചെലവുകൾ I-6, I-14(a) ഷെഡ്യൂളുകളിൽ ഉൾപ്പെടുത്തിയിട്ടില്ല.

9. ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കാത്തതിനാൽ B-11 Schedule പ്രകാരമുള്ള തുകകളുടെ കൃത്യത പരിശോധിക്കാനായിട്ടില്ല.

10. ആസ്തി, ഡിപ്രീസിയേഷൻ എന്നിവ കണക്കാക്കിയതുമായി ബന്ധപ്പെട്ട പത്രിക പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. ഡിപ്രീസിയേഷന്റെ വിശദാംശങ്ങൾ രേഖപ്പെടുത്തുന്ന I-17(a) ഷെഡ്യൂൾ വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

11. അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി- വരവ് ചെലവുകൾ വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയ കണക്കുകളുമായി പൊരുത്തപ്പെടാത്തതിന്റെ കാരണം വിശദീകരിക്കപ്പെട്ടിട്ടില്ല.

12. 2007ലെ മുനിസിപ്പൽ അക്കൗണ്ട്സ് ചട്ടങ്ങൾ പ്രകാരമുള്ള താഴെപ്പറയുന്ന പത്രികകൾ ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

A. വാർഷിക കണക്കുകളിലെ പൊരുത്തക്കേട് സംബന്ധിച്ച് കുറിപ്പുകൾ (Notes On Accounts) തയ്യാറാക്കിയിട്ടില്ല (ചട്ടം 58.2)

B. ചട്ടം 58.3ൽ നിർദ്ദേശിച്ചിരിക്കുന്ന സാമ്പത്തിക അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല.

C. വാർഷിക ധനകാര്യ പത്രികയിലെ തുകകൾ പൂർണ്ണ രൂപയിൽ രേഖപ്പെടുത്തിയിട്ടില്ല (ചട്ടം 58.4).

13. 2007ലെ കേരള മുനിസിപ്പാലിറ്റീസ് (അക്കൗണ്ട്സ്) ചട്ടങ്ങൾ പ്രകാരം ഓരോ മാസാന്ത്യത്തിലും സെക്രട്ടറി സ്റ്റോക്കിന്റെ തൻമാസ വിനിയോഗ വിവരം ശേഖരിക്കേണ്ടതും വർഷാന്ത്യത്തിൽ സ്റ്റോക്കിന്റെ ഭൗതിക പരിശോധന നടത്തി പൊരുത്തപ്പെടുത്തേണ്ടതുമാണ്. എന്നാൽ ബാലൻസ് ഷീറ്റ് B-14 ഷെഡ്യൂളിൽ ക്ലോസിങ് സ്റ്റോക്കിന്റെ വിവരങ്ങൾ ചേർത്തിട്ടില്ല.

14. അഡ്വാൻസ് രജിസ്റ്റർ സൂക്ഷിച്ചിട്ടുണ്ടെങ്കിലും ഇനം തിരിച്ചുള്ള വിവരങ്ങളുടെ സംക്ഷിപ്തവും ആകെ തുകയും എഴുതാത്തതിനാൽ B-18 പ്രകാരമുള്ള മുൻകൂർ തുകകളുടെ കൃത്യത പരിശോധിക്കാനായിട്ടില്ല.

15. പ്രോജക്ട് നമ്പർ 98/22, 60/22, 93/22 എന്നിവ പ്രകാരം യഥാക്രമം ₹114300, ₹671160, ₹631750 ചെലവഴിച്ചിട്ടുണ്ടെങ്കിലും ഈ തുകകൾ വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെട്ടിട്ടില്ല. അതുകൊണ്ടു തന്നെ വികസന ഫണ്ട് പൊതു വിഭാഗം – സാധാരണ വിഹിതം – വാർഷിക ധനകാര്യ പത്രികയിലെ I-6 പ്രകാരമുള്ള തുകയും സുലേഖ ചെലവ് പത്രികയിലെ തുകയും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

16. തനത് ഫണ്ട് അക്കൗണ്ട്, യൂണിയൻ ബാങ്ക് ഓഫ് ഇന്ത്യ- അക്കൗണ്ട് നമ്പർ 340102090 007719 – വാർഷിക ധനകാര്യ പത്രിക RP-40(b) പ്രകാരമുള്ള നീക്കിയിരിപ്പ് ₹454702.83 യും ബാങ്ക് റീകൺസീലിയേഷൻ പ്രകാരമുള്ള നീക്കിയിരിപ്പ് ₹398452.83 യും ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള നീക്കിയിരിപ്പ് ₹2971902.90 യുമാണ്. നീക്കിയിരിപ്പിലെ

വ്യത്യാസം വിശദികരിക്കപ്പെട്ടിട്ടില്ല.

17. കോഡ് 450250200, Treasury MF PD Account, തനത് ഫണ്ട് - മട്ടന്നൂർ ജില്ലാ ട്രഷറി 8448-00-102-98 നമ്പർ PD അക്കൗണ്ടിൽ 2009 വർഷം മുതൽ ഉപയോഗിക്കാതെ നീക്കിയിരിപ്പായി സൂക്ഷിക്കുന്ന ₹3044735 (500000 ഖരമാലിന്യ സംസ്കരണം, 288765 തനത് ഫണ്ട്, ₹2255970 ബി - ഫണ്ട്) - 13-10-2021 ന് നീക്കിയിരിപ്പ് സംബന്ധിച്ച സാക്ഷ്യപത്രം ജില്ലാ ട്രഷറി ഓഫീസർക്ക് അയച്ചുകൊടുത്തതല്ലാതെ നാളിതുവരെയായി തുക ചെലവഴിക്കുന്നതിനുള്ള സർക്കാർ അനുമതി നേടുകയോ ബി-ഫണ്ട് തുക സർക്കാരിലേക്ക് തിരിച്ചടക്കുകയോ ചെയ്തിട്ടില്ല.

18. നഗരസഭയ്ക്ക് സർക്കാരിൽ നിന്നും വിവിധ ഏജൻസികളിൽ നിന്നും ലഭിച്ച ഗ്രാന്റുകളുടെ (ആർ പി -24, ബി -4 ഷെഡ്യൂളുകൾ) വിവരങ്ങൾ രേഖപ്പെടുത്തുന്ന അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

19. 2021-22 വർഷത്തെ ഗ്രാന്റ് സ്റ്റേറ്റ്മെന്റ് ഓഡിറ്റിന് സമർപ്പിച്ചിട്ടില്ല.

20. വിവിധ ശീർഷകങ്ങളിലെ താഴെപ്പറയുന്ന തുകകൾ (-)Ve നീക്കിയിരിപ്പ് കാണിക്കുന്നു.

| ക്രമ നമ്പർ | കോഡ് | ഷെഡ്യൂൾ | ഇനം | തുക |
|---|---|---|---|---|
| 1 | 350200101 | B-9 | Recoveries Payable -Subscription To Provident Fund For Regular Employees | 2763603 |
| 2 | 350200104 | “ | Recoveries Payable- Insurance Premium | 596517 |
| 3 | 350200109 | “ | Recoveries Payable- Income Tax Deducted At Source - Salaries | 125129 |
| 4 | 350200116 | “ | State Life Insurance/Arrear Of SLI | 168150 |
| 5 | 350200117 | “ | Group Saving Life Insurance/Arrear Of GSLI | 200 |
| 6 | 350200129 | “ | Recoveries Payable- Contributory Pension | 858764 |
| 7 | 350200130 | “ | Recoveries Payable- EPF | 207300 |
| 8 | 350200199 | “ | Recoveries Payable- Other Recoveries From Employees | 21000 |
| 9 | 350200217 | “ | Recoveries Payable- Kerala Construction Worker’s Welfare Fund- Scheme Expenditure | 223 |
| 10 | 350209900 | “ | Recoveries Payable- Other Recoveries | 221491 |
| 11 | 350400299 | “ | Refund Payable – Other User Charges | 6128 |
| 12 | 350409900 | “ | Refund Payable- Others | 9414 |
| 13 | 350200118 | “ | Group Insurance/Arrears Of GIS | 181850 |

21. സഞ്ചയ ആപ്ലിക്കേഷനിൽ നിന്നുള്ള ഡി സി ബി പത്രിക പരിശോധനക്കായി ഹാജരാക്കിയിട്ടില്ല.

22. 2020-21 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രികയിൽ വസ്തു നികുതി കുടിശ്ശികയായി രേഖപ്പെടുത്തിയത് 24,78,331/- രൂപയാണ് (ബി-15 ഷെഡ്യൂൾ തൻവർഷ ബാക്കി + കുടിശ്ശിക). 2021-22 സാമ്പത്തിക വർഷം 15214309 രൂപ കുടിശ്ശികയുണ്ട്. പ്രയർ പിരിയഡ് ഇനമായി 12327202 രൂപ ഡിമാന്റിൽ കുറവു ചെയ്തിട്ടുണ്ട്(ഐ-18 ഷെഡ്യൂൾ). ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല.

23. വിവിധ ഡിമാന്റുകളിൽ വ്യത്യാസം വരുത്തുന്നതിനായി ഐ-18 ഷെഡ്യൂളിൽ ഉൾപ്പെടുത്തിയ തുകകളുടെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല.

24. 2021-22 വർഷത്തെ സ്ഥിരനിക്ഷേപം സംബന്ധിച്ച രജിസ്റ്റർ കാലികമാക്കി പരിശോധനക്കായി ഹാജരാക്കിയിട്ടില്ല. 2020-21 സാമ്പത്തിക വർഷം വരെയുള്ള വിവരങ്ങൾ മാത്രമാണ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുള്ളത്.

25. ബാലൻസ് ഷീറ്റ് ബി-5 ഷെഡ്യൂൾ പ്രകാരം 31-03-2022തീയതിയിലെ വായ്പ ബാധ്യത തുക ₹40545861 ആണ്. പലിശയിനത്തിൽ ഒടുക്കിയ 1012230 രൂപ വാർഷിക കണക്കിൽ ചേർത്തിട്ടില്ല. വായ്പ രജിസ്റ്ററിൽ KURDFC -മാർക്കറ്റ് ഷോപ്പിംഗ് കോംപ്ലക്സ് ലോൺ - 31-03-22 ലെ വായ്പാ ബാധ്യതയായി 6131426 രൂപ ചേർക്കേണ്ടതിനു പകരം 6131318 രൂപയാണ് ചേർത്തിട്ടുള്ളത്. 108/- രൂപയുടെ വ്യത്യാസം വിശദീകരിക്കപ്പെട്ടിട്ടില്ല.

26. സ്ഥിര നിക്ഷേപം ഇനത്തിൽ വാർഷിക കണക്ക് പ്രകാരം നീക്കിയിരിപ്പ് തുക പലിശ ഒഴിവാക്കിയാണ് രേഖപ്പെടുത്തിയിരിക്കുന്നത്. സ്ഥിരനിക്ഷേപത്തിന്റെ പലിശയിനത്തിൽ വരവ് വന്ന തുക 2,60,214/- രൂപയ്ക്ക് പകരം I-8ൽ രേഖപ്പെടുത്തിയിരിക്കുന്നത് 2,38,803/- രൂപയാണ്. വ്യത്യാസത്തിനുള്ള വിശദീകരണം ലഭ്യമാക്കിയിട്ടില്ല.

27. Excess Of Income Over Expenditure മുൻവർഷത്തെ തുക കൂടി ഉൾപ്പെടുത്താതെ തൻവർഷത്തെ Income & Expenditure സ്റ്റേറ്റ്മെന്റിലെ തുകയാണ് ഉൾപ്പെടുത്തിയിരിക്കുന്നത്.
28. സി.എഫ്.സി. ഗ്രാന്റ് ടൈഡ് & അൺടൈഡ് ചെലവു തുക സുലേഖ ചെലവു പത്രികയുമായും (₹31557564) വാർഷിക ധനകാര്യപത്രികയിലെ ഐ 6 ഷെഡ്യൂളുമായും (₹3665862+ ₹6960066=₹10625928) പൊരുത്തപ്പെടുന്നില്ല.

അപാകങ്ങൾ പരിഹരിക്കുന്നതിനായി നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (35/25.04.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകങ്ങൾ പരിഹരിച്ച് ബന്ധപ്പെട്ട രേഖകൾ/രജിസ്റ്ററുകൾ സഹിതം പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

## I-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേമെന്റ് പ്രകാരം)

| | |
|---|---|
| മുൻബാക്കി | 137591941 |
| വരവ് തുക | 246375482.51 |
| ആകെ | 383967423.51 |
| ചെലവ് തുക | 327501336 |
| നീക്കിയിരിപ്പ് | 56466087.51 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 121221 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 15999425 |

## I-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക |
|---|---|---|---|---|---|
| വികസന ഫണ്ട് ജനറൽ | - | 37539000 | 37539000 | 37537589 | 1411 |
| വികസന ഫണ്ട് - എസ്.സി.പി | - | 3723516 | 3723516 | 2602005 | 1121511 |
| വികസന ഫണ്ട് - ടി.എസ്.പി | - | 341001 | 341001 | 176668 | 164333 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് - അൺടൈഡ് | - | 18286000 | 18286000 | 16797206 | 1488794 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് -ടൈഡ് | - | 48906966 | 48906966 | 14760358 | 34146608 |
| മെയിന്റനൻസ് ഫണ്ട് - റോഡ് | - | 70120050 | 70120050 | 54698356 | 15421694 |
| മെയിന്റനൻസ് ഫണ്ട് - | - | 21104659 | 21104659 | 12652113 | 8452546 |

| | | | | | |
|---|---|---|---|---|---|
| നോൺറോഡ് | | | | | |
| സാക്ഷരത | 12473 | 340 | 12813 | - | 12813 |

കേന്ദ്ര സംസ്ഥാന സർക്കാരിൽ നിന്നും മറ്റ് ഏജൻസികളിൽ നിന്നും ലഭിച്ച വിവിധ ഗ്രാന്റുകളുടെ (എൻ.യു.എൽ.എം, ഐ.എച്ച്.എസ്. ഡി.പി.1, ഐ.എച്ച്.എസ്.ഡി.പി.2, പി.എം.എ.വൈ, ശുചിത്വ മിഷൻ. 1, ശുചിത്വ മിഷൻ. 2, പി.എം.എ.വൈ - എച്ച്.ഡി.എഫ്.സി) വരവ് ചെലവ് നീക്കിയിരിപ്പ് വിവരങ്ങൾ, 2021-22 വർഷത്തെ വാർഷിക ധനകാര്യ പത്രിക ബി-4 ഷെഡ്യൂൾ പ്രകാരമുള്ള തുകകളുടെ കൃത്യത പരിശോധിക്കാനാവശ്യമായ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ എന്നിവ ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ ഈ ഗ്രാന്റുകളുടെ വിനിയോഗ വിവരങ്ങൾ മേൽ പട്ടികയിൽ ചേർത്തിട്ടില്ല. ഗ്രാന്റ് വിനിയോഗ പത്രിക പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

## 1-4-1 വിനിയോഗിക്കാൻ/തിരിച്ചടക്കാൻ ബാക്കിയുള്ള തുകയുടെ വിവരം

ബി-4 ഷെഡ്യൂളിൽ മുൻവർഷത്തെ തുകകൾ തന്നെ ഈ വർഷവും നീക്കിയിരിപ്പായി തുടരുന്നുണ്ട്. വിശദവിവരം ചുവടെ കൊടുക്കുന്നു.

| കോഡ് നം. | ഇനം | തുക |
|---|---|---|
| 320200110 | Grants/Funds For Pandemic/Epidemic Control | 48700 |
| 320300100 | Other Government Agencies | 89178000 |
| 320600100 | International Organisations | 846500 |
| 300802000 | Grant For Projects | 18706010 |
| 320809900 | Other Grants & Contributions For Specifice Purpose | 8779810 |

ഈ തുകകളുടെ ഇനം തിരിച്ചുള്ള വിവരം ലഭ്യമാക്കേണ്ടതും ചെലവഴിക്കാൻ സാധ്യതയില്ലെങ്കിൽ ബന്ധപ്പെട്ട ഫണ്ടിൽ തിരിച്ചൊടുക്കി വിവരം ലഭ്യമാക്കേണ്ടതുമാണ്.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ ₹ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് ₹ | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ എണ്ണം | പൂർത്തീകരിച്ച പ്രോജക്ടുകളുടെ % |
|---|---|---|---|---|---|---|---|
| 268 | 234810275 | 175 | 141587854 | 63 | 93 | 112 | 42% |

| ക്രമ നമ്പർ | നിർവ്വഹണ ഉദ്യോഗസ്ഥർ | പ്രോജക്ടുകളുടെ എണ്ണം | | ആകെ അടങ്കൽ | ചെലവഴിച്ച തുക | ചെലവ് % |
|---|---|---|---|---|---|---|
| | | ഏറ്റെടുത്തത് | നടപ്പിലാക്കിയത് | | | |
| 1 | സെക്രട്ടറി | 44 | 30 | 50073798 | 20899626 | 42 |
| 2 | പ്രൊജക്ട് ഓഫീസർ | 15 | 6 | 4376069 | 2337015 | 53 |

| | | | | | | |
|---|---|---|---|---|---|---|
| | നഗര ദാരിദ്ര്യ നിർമ്മാർജ്ജന സെൽ | | | | | |
| 3 | മുനിസിപ്പൽ എഞ്ചിനീയർ | 177 | 109 | 149662521 | 93396831 | 62 |
| 4 | കൃഷി ഓഫീസർ | 4 | 4 | 2514902 | 1671332 | 66 |
| 5 | മെഡിക്കൽ ഓഫീസർ CHC | 9 | 9 | 8242000 | 8056152 | 98 |
| 6 | മെഡിക്കൽ ഓഫീസർ ആയുർവേദം | 1 | 1 | 1000000 | 1000000 | 100 |
| 7 | മെഡിക്കൽ ഓഫീസർ ഹോമിയോ | 2 | 2 | 300000 | 295900 | 99 |
| 8 | വെറ്റിനറി സർജൻ | 2 | 2 | 2530000 | 1269376 | 50 |
| 9 | ICDS സൂപ്പർവൈസർ | 5 | 5 | 10315892 | 9563258 | 93 |
| 10 | ഹെഡ് മാസ്റ്റർ ജി.യു.പി.എസ് | 5 | 3 | 2958618 | 2545669 | 86 |
| 11 | സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 4 | 4 | 2836475 | 552695 | 19 |
| | ആകെ | 268 | 175 | 234810275 | 141587854 | 60 |

## 1-6 അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 27501 | 20396377 | 20423878 | 650888.85 | 697214.15 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | | | | 19075775 | |
| | 27501 | 20396377 | 20423878 | 19726663.85 | 697214.15 |

1. വരവ് തുകകൾ തരം തിരിച്ച് എഴുതി സൂക്ഷിക്കുന്നില്ല. മുന്നിരിപ്പ് തുകയിൽ വ്യത്യാസം ഉണ്ട്. ആയതിന്റെ കാരണം വ്യക്തമാക്കിയിട്ടില്ല.

2. അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി പ്രകാരം നാളിതുവരേയും ആകെ 1937എണ്ണം തൊഴിൽകാർഡുകൾ അനുവദിച്ചിട്ടുണ്ട്. ആയതിൽ 102 തൊഴിൽകാർഡ് ഉടമകൾക്ക് 2021-22 സാമ്പത്തിക വർഷത്തിൽ 100 തൊഴിൽ ദിനങ്ങൾ ലഭ്യമായിട്ടുണ്ട്.

3. 2021-22സാമ്പത്തിക വർഷത്തിൽ മഹാത്മാഗാന്ധി ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം ആകെ 165 എണ്ണം പ്രൊജക്ടുകൾ നിർവ്വഹണം നടത്തിയിട്ടുണ്ട്. ആയതിൽ 32 എണ്ണം മെറ്റീരിയൽ പ്രവൃത്തികളാണ്.
മേൽ വിവരങ്ങൾ ഓഡിറ്റ് എൻക്വയറിയ്ക്ക്(6/11-4-23) മറുപടിയായി അറിയിച്ചിട്ടുണ്ട്.

## 1-6-1 അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി - ജി എസ് ടി തുക 5132/- രൂപ ഈടാക്കേണ്ടതാണ്

2,50,000/- രൂപയിൽ അധികരിച്ച തുകകൾ അനുവദിച്ച കരാറുകാരുടെ ബില്ലുകളിൽ നിന്നും 2% നിരക്കിൽ ജി.എസ്.ടി (ടി.ഡി.എസ്) കുറവ് ചെയ്യേണ്ടതുണ്ട് (ഗുഡ്സ് ആന്റ് സർവ്വീസ് ആക്ട് 2017ലെ സെക്ഷൻ 51, 21-07-2018ലെ 28th

ജി.എസ്.സി. കൗൺസിൽ തീരുമാനം). ജി.എസ്.റ്റി. ചട്ടം അനുസരിച്ച് നികുതികൾ ഒഴികെ ബിൽ തുക 2,50,000/- രൂപയോ അതിൽ കൂടുതലോ അനുവദിക്കുമ്പോൾ സ്രോതസ്സിൽ നിന്നും 2% ജി.എസ്.ടി (ടി.ഡി.എസ്) കുറവ് ചെയ്യണം. 30-07-2019ലെ സർക്കുലർ നമ്പർ 957/ഇ.ജി.എസ്-സി/16/ആർ.ഇ.ജി.എസ്. കൂടി കാണുക. താഴെ കാണിച്ച പ്രവൃത്തിയുടെ ബില്ലിൽ നിന്നും മേൽ പരാമർശിച്ച വിധം 2% ജി.എസ്.ടി കുറവ് ചെയ്യേണ്ടതുണ്ട്.

താഴെ കാണിച്ച പ്രവൃത്തിയുടെ ബില്ലിൽ നിന്നും മേൽ പരാമർശിച്ച വിധം 2% ജി.എസ്.ടി കുറവ് ചെയ്തിട്ടില്ല.

| പ്രവൃത്തിയുടെ പേര് | കരാറുകാരന്റെ പേര് | പ്രവൃത്തി മൂല്യം | മെറ്റീരിയൽ ചെലവ് | ജി.എസ്.റ്റി. ഈടാക്കേണ്ടത് |
|---|---|---|---|---|
| പരിയാരംപള്ളിമുക്ക് അത്തുട്ട്പാറ റോഡ് കോൺക്രീറ്റിംഗ് | പ്രശാന്ത് കുറ്റമ്പള്ളി | 321622 | 256614 | 5132 |

ജി.എസ്.ടി. ഇനത്തിൽ ഈടാക്കാനുള്ള തുക 5132/- രൂപ കരാറുകാരനിൽ നിന്നും ഈടാക്കി ഒടുക്ക് വരുത്തേണ്ടതാണ്.

## 1-7 സാമൂഹ്യക്ഷേമ പെൻഷൻ

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷക തൊഴിലാളി പെൻഷൻ | ₹1,60,46,600 | 988 |
| വിധവാപെൻഷൻ | ₹3,31,60,400 | 2102 |
| വാർദ്ധക്യകാല പെൻഷൻ | ₹4,29,95,600 | 3003 |
| ഭിന്നശേഷിക്കാരുടെ പെൻഷൻ | ₹73,80,800 | 472 |
| അവിവാഹിത പെൻഷൻ | ₹36,71,800 | 243 |
| വിവാഹ ധനസഹായം | ₹13,50,000 | 45 |

### 1-7-1 സാമൂഹ്യ സുരക്ഷ പെൻഷൻ- മരണ ശേഷവും ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്ക് പെൻഷൻ തുക കൈമാറുന്നു

സേവന വെബ്സൈറ്റിലെ പെൻഷൻ തിരച്ചിൽ സംവിധാനം മുഖേന മരണ രജിസ്ട്രേഷൻ രേഖകളുമായി താരതമ്യ പരിശോധന നടത്തിയപ്പോൾ പെൻഷൻ ഗുണഭോക്താക്കൾ മരണപ്പെട്ട ശേഷവും പെൻഷൻ തുക കൈമാറ്റം ചെയ്യപ്പെട്ടതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.
ഉദാഹരണങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്രമ നമ്പർ | പേര് | പെൻഷൻ ഐ.ഡി | പെൻഷൻ ഇനം | മരണപ്പെട്ട തീയതി | നിലവിലെ സ്ഥിതി |
|---|---|---|---|---|---|
| 1 | ചന്ദ്രോത്ത് | 2220232075 | ഇന്ദിരാ ഗാന്ധി | 06.12.2021 | പെൻഷൻ സ്റ്റാറ്റസ് |

| | | | | | |
|---|---|---|---|---|---|
| | കുമാരൻ | | ദേശീയ വാർദ്ധക്യകാല പെൻഷൻ | | ആക്ടീവ് ആണ്. 2023 ഫെബ്രുവരി മാസം വരെ പെൻഷൻ തുക ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുണ്ട്. |
| 2 | പാത്തുമ്മ പി | 102170601806 | ഇന്ദിരാ ഗാന്ധി ദേശീയ വിധവ പെൻഷൻ | 05.03.2022 | 2022 ഏപ്രിൽ മാസം വരെ പെൻഷൻ തുക ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുണ്ട്. |
| 3 | പുതിയ പുരയിൽ ജാനകി | 111260100071 | കർഷക തൊഴിലാളി പെൻഷൻ | 05.02.2022 | 2022 ഏപ്രിൽ മാസം വരെ പെൻഷൻ തുക ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുണ്ട്. |
| 4 | കുഞ്ഞികണ്ടി സലാം | 111220200587 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 30.01.2022 | 2022 ഡിസംബർ മാസം വരെ പെൻഷൻ തുക ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുണ്ട്. |
| 5 | നാരായണി എൻ | 102170201229 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 02.12.2021 | പെൻഷൻ സ്റ്റാറ്റസ് ആക്ടീവ് ആണ്. 2023 ഫെബ്രുവരി മാസം വരെ പെൻഷൻ തുക ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുണ്ട്. |
| 6 | കണ്ണൻ നായർ | 102170200200 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 08.01.2022 | പെൻഷൻ സ്റ്റാറ്റസ് ആക്ടീവ് ആണ്. 2023 ഫെബ്രുവരി മാസം വരെ പെൻഷൻ തുക ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുണ്ട്. |
| 7 | നാരായണി. സി | 102170200926 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 27.12.2021 | 2022 മെയ് മാസം വരെ പെൻഷൻ തുക ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുണ്ട്. |
| 8 | സതി കെ | 102170600300 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 26.12.2021 | 2022 ഏപ്രിൽ മാസം വരെ പെൻഷൻ തുക ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുണ്ട്. |
| 9 | മൂസ മൊട്ടമ്മൽ | 102170201290 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 18.12.2021 | 2022 സെപ്റ്റംബർ മാസം വരെ പെൻഷൻ തുക ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുണ്ട്. |
| 10 | വേലായുധൻ സി | 111690200847 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല | 02.02.2022 | പെൻഷൻ സ്റ്റാറ്റസ് ആക്ടീവ് ആണ്. 2023 ഫെബ്രുവരി മാസം |

| | | | | | |
|---|---|---|---|---|---|
| | | | പെൻഷൻ | | വരെ പെൻഷൻ തുക ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുണ്ട്. |
| 11 | കെ.സി. മാധവി | 102170200967 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 14.04.2022 | 2022 മെയ് മാസം വരെ പെൻഷൻ തുക ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുണ്ട്. |
| 12 | ലക്ഷ്മി കോറോത്ത് | 102170100866 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 08.05.2022 | പെൻഷൻ സ്റ്റാറ്റ സ് ആക്ടീവ് ആണ്. 2023 ഫെബ്രുവരി മാസം വരെ പെൻഷൻ തുക ബാങ്ക് അക്കൗ ണ്ടിൽ നിക്ഷേപി ച്ചിട്ടുണ്ട്. |

മരണപ്പെട്ട മുഴുവൻ ഗുണഭോക്താക്കളുടെയും പെൻഷൻ, മരണ രജിസ്റ്റർ പരിശോധിച്ച ശേഷം, സസ്പെൻഡ് ചെയ്യേണ്ടതും അധികം നൽകിയ തുക സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡിന്റെ പേരിലുള്ള അക്കൗണ്ടിലേക്ക് തിരിച്ചടക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും വിശദാംശങ്ങൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതുമാണ്.

## 1-8 ക്യാഷ് ബാലൻസ് പരിശോധന സാക്ഷ്യപത്രം

കണ്ണൂർ ജില്ലയിലെ മട്ടന്നൂർ നഗരസഭയുടെ 2021-22 വർഷത്തെ ഓഡിറ്റിന്റെ ഭാഗമായി 1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 11-4-2023 തീയ്യതിയിൽ 3.45 Pm ന് നഗരസഭ സെക്രട്ടറിയുടെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. ക്യാഷ് ബാലൻസ് തുക 290483/- രൂപയുടെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-9 അഭ്യന്തര നിയന്ത്രണ സംവിധാനം

മനുഷ്യവിഭവശേഷിയുടെ ഫലപ്രദമായ വിനിയോഗം ഉറപ്പു വരുത്തി ലക്ഷ്യം നേടാൻ കാര്യക്ഷമമായ ആഭ്യന്തര നിയന്ത്രണ സംവിധാനം സ്ഥാപനത്തിൽ പ്രവർത്തന സജ്ജമാക്കേണ്ടത് അനിവാര്യമാണ്. അധികാര – ഉത്തരവാദിത്ത ബന്ധങ്ങളെ കൃത്യമായി നിർവ്വചിച്ചു കൊണ്ടുള്ള ഉദ്യോഗസ്ഥ സംഘടനാ സംവിധാനം, ശക്തവും കാര്യക്ഷമവുമായ മേൽ ചുമതലാ നിർവ്വഹണം, നിർദ്ദേശങ്ങളുടെയും ആശയങ്ങളുടെയും കാര്യക്ഷമമായ വിനിമയം, കൃത്യമായ ഇൻഡക്ഷൻ ട്രെയിനിങ്ങ് സംവിധാനത്തോടെയും സുരക്ഷിതവും സുഗമവുമായ രീതിയിലുള്ള രേഖകളുടെ സൂക്ഷിപ്പ് എന്നിവയോടൊപ്പം പൊതുജനങ്ങളോടുള്ള അക്കൗണ്ടബിലിറ്റി ഉറപ്പു വരുത്തൽ എന്നിവയാണ് ഫലപ്രദമായ ആഭ്യന്തര നിയന്ത്രണ സംവിധാനത്തിന്റെ അടിസ്ഥാനം.

മട്ടന്നൂർ നഗരസഭയിൽ 2021-22 വർഷത്തിൽ കൃത്യമായ ഇടവേളകളിൽ ഓഫീസ് യോഗം ചേർന്നതായി കാണുന്നില്ല. വാർഷിക ധനകാര്യ പത്രികയുമായി ബന്ധപ്പെട്ട് സൂക്ഷിക്കേണ്ട ബാങ്ക് പാസ്സ്ബുക്കുകൾ, ബാങ്ക് ബുക്കുകൾ എന്നിവ പൊരുത്തപ്പെടുത്തി സൂക്ഷിച്ചു വരുന്നുണ്ട്. എന്നാൽ ഡെപോസിറ്റ്, അഡ്വാൻസ് രജിസ്ററുകൾ എന്നിവ ശരിയായ രീതിയിൽ സൂക്ഷിച്ചു വരുന്നില്ല. നികുതി പിരിവ് 100% കൈവരിച്ചിട്ടില്ല. സാധനങ്ങളും സേവനങ്ങളും വാങ്ങുന്നതിന് വാർഷികാവശ്യങ്ങളെ തിട്ടപ്പെടുത്തിയുള്ള പ്രൊക്വയർമെന്റ് പ്ലാനും ബജറ്റും തയ്യാറാക്കാതെ, ഒരോ നിർവ്വഹണോദ്യോഗസ്ഥനെയും വാങ്ങലിന് ചുമതലപ്പെടുത്തുന്ന രീതിയാണുള്ളത്. അസറ്റ് രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചു വരുന്നില്ല. എന്നാൽ സേവനങ്ങൾക്കുള്ള ഏകജാലക സംവിധാനമായ ഫ്രണ്ട് ഓഫീസ് സംവിധാനം കാര്യക്ഷമമായി പ്രവർത്തിച്ചു വരുന്നുണ്ട്.

നഗരസഭയിലെ ജനങ്ങൾക്ക് ലഭ്യമാകുന്ന സേവനങ്ങളും അവകാശങ്ങളും സംബന്ധിച്ച പൗരാവകാശ രേഖ 2011 ലാണ് പ്രസിദ്ധീകരിച്ചിട്ടുള്ളത്. കാലോചിതമായ പരിഷ്കരണം വരുത്തി പൗരാവകാശ രേഖ പുനഃപ്രസിദ്ധീകരിക്കേണ്ടതാണ്. നഗരസഭയിൽ ബഡ്സ് സ്കൂൾ, ക്രിമറ്റോറിയം എന്നിവ മികച്ച രീതിയിൽ പ്രവർത്തിക്കുന്നുണ്ട്.

## 1-10 വാർഡ് സഭ

മട്ടന്നൂർ നഗരസഭയിൽ ആകെയുള്ള 35 വാർഡുകളിലെയും മിനുട്സ് പരിശോധിച്ചതിൽ, 2021-22 വർഷം ജനവരി മാസത്തിൽ ഒരു തവണ മാത്രമാണ് വാർഡ്സഭ ചേർന്നിട്ടുള്ളത് (ഓൺലൈൻ മീറ്റിംഗ്). കേരള മുനിസിപ്പാലിറ്റി ആക്ട് സെക്ഷൻ 42എ(3) പ്രകാരം വർഷത്തിൽ കുറഞ്ഞപക്ഷം 3 മാസത്തിലൊരിക്കൽ വാർഡ്സഭ ചേരണമെന്ന നിബന്ധന കോവിഡ് വ്യാപനത്തിന്റെ പശ്ചാത്തലത്തിൽ പാലിക്കപ്പെട്ടിട്ടില്ല.

## 1-11 കമ്മിറ്റികളുടെ പ്രവർത്തനം കാര്യക്ഷമമാക്കേണ്ടതാണ്.

വിവിധതലത്തിലുള്ള 17 വർക്കിംഗ് ഗ്രൂപ്പുകൾ രൂപീകരിച്ചിട്ടുണ്ട്. വിവിധ പ്രവൃത്തികൾ കാര്യക്ഷമമായി നിർവ്വഹണം നടത്തി എന്നത് പരിശോധിച്ച് സാക്ഷ്യപ്പെടുത്തേണ്ടത് അതത് വർക്കിംഗ് ഗ്രൂപ്പുകളുടെ ഉത്തരവാദിത്തമാണ്. വർക്കിംഗ് ഗ്രൂപ്പുകളുടെ യോഗം 2021-22 വർഷത്തിൽ കാര്യക്ഷമമായ രീതിയിൽ ചേർന്നതായി കാണുന്നില്ല. വാർഷിക പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങൾ യഥാസമയം യഥാവിധി നടത്തേണ്ടതും പദ്ധതി നിർവ്വഹണ സമയത്ത് വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് സമിതിയായി പ്രവർത്തിക്കേണ്ടതും പദ്ധതി നിർവ്വഹണം

പ്രൊജക്ടിൽ വിഭാവന ചെയ്ത വിധം നിർവഹിച്ചിട്ടുണ്ടോ എന്ന് പരിശോധിച്ച് സാക്ഷ്യപ്പെടുത്തേണ്ടതുമാണ്. കമ്മിറ്റികളുടെ പ്രവർത്തനം കാര്യക്ഷമമാക്കേണ്ടതാണ്.

## 1-12 രശീതി പരിശോധനയിൽ കണ്ടെത്തിയ അപാകങ്ങൾ

കേരള ഫിനാൻഷ്യൽ കോഡ് Vol I- Article 7 (2) പ്രകാരം വരവിനത്തിൽ ലഭിക്കുന്ന തുകകൾ തൊട്ടടുത്ത പ്രവൃത്തി ദിനത്തിലോ അതിനു സാധ്യമായില്ലെങ്കിൽ പ്രസ്തുത ആഴ്ചയിലെ അവസാന പ്രവൃത്തി ദിനത്തിലോ ട്രഷറി/ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിക്കേണ്ടതാണ്. എന്നാൽ 2021-22 സാമ്പത്തിക വർഷത്തെ രശീതികൾ പരിശോധിച്ചതിൽ വരവിനത്തിൽ ലഭിച്ച താഴെ സൂചിപ്പിച്ച തുകകൾ ബാങ്ക് അക്കൗണ്ടിൽ ഒടുക്കുന്നതിൽ മാസങ്ങളുടെ കാലതാമസം വന്നതായി കാണുന്നു.

| ക്രമ നമ്പർ | രസീതി ബുക്ക് നമ്പർ | രസീതി നമ്പർ | പണം ലഭിച്ച തീയതി | ആകെ തുക | ബാങ്കിൽ ഒടുക്കിയ തീയതി | റിമാർക്സ് |
|---|---|---|---|---|---|---|
| 1 | 370 | 36946 – 37000 | 12.11.2021 മുതൽ 09.02.2022 വരെ | 24800/- | 08.04.2022 | |
| | 386 | 38501 – 38509 | | | | |
| 2 | 386 | 38510 – 38546 | 10.02.2022 മുതൽ 21.03.2022 വരെ | 14800/- | 12.07.2022 | |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി (5/10-4-23)യ്ക്ക് കാലതാമസം മാപ്പാക്കിത്തരണമെന്ന മറുപടിയാണ് ലഭ്യമാക്കിയിരിക്കുന്നത്. വരവിനത്തിൽ ലഭിക്കുന്ന തുകകൾ കാലതാമസം വരുത്താതെ തൊട്ടടുത്ത പ്രവൃത്തി ദിനത്തിൽ തന്നെ ബാങ്ക്/ട്രഷറിയിലുള്ള മുനിസിപ്പൽ ഫണ്ട് അക്കൗണ്ടിൽ നിക്ഷേപിക്കേണ്ടതാണ്. ഇക്കാര്യത്തിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി, ഭരണസമിതി എന്നിവയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-13 തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

താഴെ കാണിച്ച സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും 2021-22 വർഷത്തെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

1) മഹാത്മാ ഗാന്ധി കോ-ഓപ്പറേറ്റീവ് പ്രസ്സ്, മട്ടന്നൂർ
2) ചെയർമാൻ, ഹാൻഡ്‌ലൂം വർക്കേഴ്സ് സൊസൈറ്റി
3) പയ്യന്നൂർ ഖാദി
4) എക്സിക്യൂട്ടീവ് എഞ്ചിനീയർ ഇൻവെസ്റ്റിഗേഷൻ സബ് ഡിവിഷൻ
5) മാനേജിംഗ് ഡയറക്ടർ , കിൻഫ്ര
6) സെക്രട്ടറി, മട്ടന്നൂർ പബ്ലിക് ലൈബ്രറി
7) അഗ്രികൾച്ചറൽ വെൽഫെയർ കോ-ഓപ്പ് സൊസൈറ്റി
8) സെക്രട്ടറി, മട്ടന്നൂർ പബ്ലിക് വെൽഫെയർ കോ-ഓപ്പറേറ്റീവ് സൊസൈറ്റി
9) കണ്ണൂർ ഇന്റർനാഷണൽ എയർപോർട്ട് ഏരിയ ലേബർ കോൺട്രാക്ട് കോ-ഓപ്പ് സൊസൈറ്റി
10) മാനേജർ ഐ മാൾ
11) ബിൽഡ് ഡക്കർ ഇലക്ട്രിക്കൽ
12) സ്റ്റിച്ച് ന്യൂ ബോട്ടിക് ബ്യൂട്ടി ക്ലിനിക്
13) ഫോർച്ചൂൺ അവന്യൂ, നെല്ലൂന്നി
14) ഫെയ്മസ് വെഡ്ഡിംഗ് കളക്ഷൻ
15) മസ്കോട്ട് ജ്വലറി
16) പി കെ എന്റർപ്രൈസസ്

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (2/5-4-23) മറുപടിയായി മേല്പറഞ്ഞ സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കാനുള്ള നടപടി സ്വീകരിക്കുന്നതാണ് എന്ന് മറുപടി നൽകിയിട്ടുണ്ട്. മുഴുവൻ സ്ഥാപനങ്ങളുടെയും വരുമാന വിവരം പരിശോധിച്ച് ജീവനക്കാരുടെയും സ്ഥാപനങ്ങളുടെയും തൊഴിൽ നികുതി ഒടുക്കുന്നുണ്ട് എന്നുറപ്പു വരുത്തേണ്ടതും തുക ഈടാക്കി ഒടുക്കു വരുത്തി വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതുമാണ്.

## 1-14 നഗരസഭയിൽ രജിസ്റ്റർ ചെയ്തിട്ടുള്ള കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കേണ്ടതാണ്

2005ലെ കേരള മുനിസിപ്പാലിറ്റി (തൊഴിൽ നികുതി)ചട്ടങ്ങൾ ചട്ടം 3-2-10 പ്രകാരം നഗരസഭയിൽ രജിസ്റ്റർ ചെയ്ത

കരാറുകാരിൽ നിന്നും 1250/-രൂപ അർദ്ധവാർഷിക തൊഴിൽ നികുതി ഇനത്തിൽ ഈടാക്കേണ്ടതുണ്ട്. നഗരസഭയിൽ സൂക്ഷിച്ചിരിക്കുന്ന കരാറുകാരുടെ വിവരം രേഖപ്പെടുത്തിയിരിക്കുന്ന രജിസ്റ്റർ പ്രകാരം നഗരസഭയിലെ രജിസ്റ്റർ ചെയ്ത കരാറുകാരുടെ എണ്ണം 20 ആണ്. രജിസ്റ്റർ ചെയ്തിട്ടുള്ള കരാറുകാരുടെ എണ്ണവും, പേരു വിവരങ്ങളും, ഇവരിൽ നിന്നും 2021-22 സാമ്പത്തിക വർഷം ഈടാക്കിയ തൊഴിൽ നികുതിയുടെ വിശദാംശങ്ങളും അറിയിക്കാനായി നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 23/18.04.2023 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

നഗരസഭയിൽ രജിസ്റ്റർ ചെയ്തിട്ടുള്ള കരാറുകാരുടെ പേരുവിവരങ്ങൾ താഴെ ചേർക്കുന്നു (രജിസ്റ്റർ പ്രകാരം ലഭ്യമായത്).

1) മുഹമ്മദ് ഷമീർ പി എം

2) സുരേഷ് ബാബു സി

3) ഷീബ പി എം

4) മലബാർ ലേബർ കോൺട്രാക്ട് സൊസൈറ്റി

5)സുമിഷ എ

6)ലൈജു കുര്യക്കോസ്

7)അസ്കർ എ

8)ശശീന്ദ്രൻ പി

9)ദിനോജ് കെ

10)അനിൽ കുമാർ പി വി

11)മിഥുൻ വിശ്വനാഥ്

12)ജിജിത് എൻ

13)രാജീവൻ പി കെ

14)സോമനാഥൻ എം

15)എൻ ബാബു

16)പി അബ്ദുൽ ജമാൽ

17)പി മുസ്തഫ

18)സുരേഷ് കെ അനമൽ

19)ഡി കെ എച് കൺസ്ട്രക്ഷൻ

20)ഷിമോജ് പ്രകാശൻ

പ്രസ്തുത കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കി നഗരസഭ ഫണ്ടിൽ ഒടുക്ക് വരുത്തേണ്ടതാണ്.

## 1-15 മൊബൈൽ ടെലഫോൺ ടവർ- നികുതി വരുമാനം ഉറപ്പു വരുത്തേണ്ടതാണ്.

നഗരസഭ പരിധിയിലുള്ള മൊബൈൽ ടെലഫോൺ ടവറുകളുടെ നികുതി നിർണയം സംബന്ധിച്ച് സഞ്ചയ സോഫ്റ്റ്‌വെയർ പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന ടവറുകളുടെ വസ്തു നികുതി ഇനത്തിൽ വർഷങ്ങളായി കുടിശ്ശിക ഉള്ളതായി കാണുന്നു.

| ക്രമ നം | കെട്ടിട നമ്പർ | ഉടമസ്ഥന്റെ പേര് | കുടിശ്ശിക |
|---|---|---|---|
| 1 | 17/108 | ജയബാൽ മേനോൻ, ഭാരതി ഇൻഫ്രാടെൽ ലിമിറ്റഡ്, കണ്ണൂർ | ₹38,102/-<br>(2017 II-ാം അർദ്ധവർഷം മുതൽ-31.03.2022 വരെ) |
| 2 | 17/423 | ശ്രീജിത്ത് ജി പിള്ള, പ്രൊജക്ട് മാനേജർ,<br>ടവർ വിഷൻ ഇന്ത്യ ലിമിറ്റഡ് | ₹53,778/-<br>2011 I-ാം അർദ്ധവർഷം മുതൽ-31.03.2022 വരെ |
| 3 | 28/902 B | ഭാരതി ടെലി വെഞ്ചർ ലിമിറ്റഡ് | ₹39,639/- 2016 II-ാം അർദ്ധവർഷം മുതൽ-31.03.2022 വരെ |

| | | | |
|---|---|---|---|
| 4 | 29/192 A | സമ്മിറ്റ് ഡിജിറ്റൽ ഇൻഫ്രാസ്ട്രക്ച്ചർ പ്രൈവറ്റ് ലിമിറ്റഡ് | ₹1,792/-<br>2021 II-ാം അർദ്ധവർഷം മുതൽ -31.03.2022 വരെ |
| 5 | 30/23/A | റിലയൻസ് ഇൻഫോ കോം ലിമിറ്റഡ് | ₹4,302/-<br>2021-22 വർഷം |
| | | | ആകെ തുക : ₹1,37,613/- |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 37/24-4-23 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ സൂചിപ്പിച്ച മൊബൈൽ ടവറുകളുടെ നികുതി കുടിശ്ശിക ഇനത്തിലുള്ള 1,37,613/- രൂപ പിരിച്ചെടുത്ത് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതും തുടർന്ന് നികുതി അടവിൽ കൃത്യത വരുത്താൻ ശ്രദ്ധിക്കേണ്ടതുമാണ്. നഗരസഭയുടെ വരുമാനത്തിലുണ്ടാകുന്ന വീഴ്ചയിലേക്ക് ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 1-16 വാടക മുറികൾ കൈമാറ്റം ചെയ്യുന്നതിന് ബൈലോ പ്രകാരമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

നഗരസഭ ഷോപ്പിംഗ് കോംപ്ലക്സ് നടത്തിപ്പിനായി തയ്യാറാക്കിയ ബൈലോ ഖണ്ഡിക 26 പ്രകാരം ഒഴിഞ്ഞ കടമുറികൾ വാടകയ്ക്ക് നൽകാനായി ലേല/പുനർലേല നടപടികൾ സ്വീകരിക്കേണ്ടതാണ്. പ്രസ്തുത ബൈലോ പാലിക്കാതെ ഓഫർ അടിസ്ഥാനത്തിൽ പുതിയ വാടകക്കാർക്ക് മുറികൾ നൽകിയത് കാരണം ബൈലോയുടെ പ്രത്യക്ഷ ലംഘനം നടത്തിയതായി കാണുന്നു . ഉദാഹരണങ്ങൾ ചുവടെ കൊടുക്കുന്നു.

1) നഗരസഭാ ഉടമസ്ഥതയിൽ ഉള്ള മാർക്കറ്റ് ഷോപ്പിംഗ് കോംപ്ലക്സിലെ 7/930 എന്ന മുറി ഉപയോഗിച്ചിരുന്നത് കെ.സുരേന്ദ്രൻ എന്ന വ്യക്തിയായിരുന്നു, പ്രസ്തുത മുറി തന്റെ പാർട്ണറായ കെ.നൗഷാദ് എന്ന വ്യക്തിക്ക് നൽകണം എന്ന സമ്മതപത്രത്തിന്റെ അടിസ്ഥാനത്തിൽ 19.03.2022ന് ചേർന്ന കൗൺസിൽ യോഗത്തിന്റെ തീരുമാനം 6 പ്രകാരം കൈമാറ്റം ചെയ്തിട്ടുണ്ട്.

2) മാർക്കറ്റ് ഷോപ്പിംഗ് കോംപ്ലക്സിലെ 7/941 എന്ന മുറി ഉപയോഗിച്ചിരുന്നത് ടി.പി.നിസാർ എന്ന വ്യക്തിയായിരുന്നു, പ്രസ്തുത മുറി തന്റെ പാർട്ണറായ കെ.കെ.മൂസക്കുട്ടി എന്ന വ്യക്തിക്ക് നൽകണം എന്ന സമ്മതപത്രത്തിന്റെ അടിസ്ഥാനത്തിൽ 19.03.2022ന് ചേർന്ന കൗൺസിൽ യോഗത്തിന്റെ തീരുമാനം 7 പ്രകാരം കൈമാറ്റം ചെയ്തിട്ടുണ്ട്. മേൽ വ്യക്തികൾ തമ്മിലുള്ള പാർട്ണർഷിപ്പ് ഡീഡ് പരിശോധിച്ചിട്ടാണോ പ്രസ്തുത കൈമാറ്റം നടത്തിയത് എന്ന് വ്യക്തമാക്കാനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (No.11/11-04-2023) മറുപടി ലഭ്യമാക്കിയിട്ടില്ല. നഗരസഭ ഉടമസ്ഥതയിലുള്ള വാടകമുറികൾ കൈമാറ്റം ചെയ്യുമ്പോൾ ബൈലോ പ്രകാരമുള്ള ലേല/പുനർലേല നടപടികൾ സ്വീകരിക്കേണ്ടതാണ്. ഇക്കാര്യത്തിൽ കൗൺസിലിന്റെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 1-17 മുനിസിപ്പാലിറ്റി കെട്ടിടങ്ങളിലെ വാടക പിരിച്ചെടുക്കാത്തത് കാരണം വരുമാന നഷ്ടം

മുനിസിപ്പാലിറ്റി ഉടമസ്ഥതയിൽ ഉള്ള വിവിധ കെട്ടിടങ്ങളിലെ വാടക ഇനത്തിൽ പിരിച്ചെടുക്കാൻ 2021-22 സാമ്പത്തിക വർഷം മാത്രം ഭീമമായ തുക കുടിശ്ശിക ഉണ്ട്. കുടിശ്ശിക പിരിച്ചെടുത്ത് നഗരസഭ ഫണ്ടിലേക്ക് മുതൽക്കൂട്ടുന്നതിലേക്കായി അടിയന്തിര നടപടികൾ സ്വീകരിക്കുന്നതിന് ധനകാര്യസ്റ്റാൻഡിങ് കമ്മിറ്റിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

| മാർക്കറ്റ് ഷോപ്പിംഗ് കോംപ്ലക്സ് | | | | |
|---|---|---|---|---|
| ക്രമ നമ്പർ | മുറി നമ്പർ | വാടകക്കാരന്റെ പേര് | മാസ വാടക | വാടക ഈടാക്കാത്ത മാസങ്ങൾ |
| 1 | 7/938 | സാജിദ് പി കെ | 8409/- | 8,409/-<br>മാർച്ച് 22 (1മാസം) |
| 2 | 7/944 | ടി പി ഷംസുദ്ധീൻ | 5513/- | 27,565/-<br>നവംബർ, ഡിസംബർ 2021<br>ജനവരി, ഫിബ്രവരി,മാർച്ച് 2022 (5മാസം ) |

| | | | | |
|---|---|---|---|---|
| 3 | 7/945 | ടി പി ഷംസുദ്ധീൻ | 5513/- | 27,565/- നവംബർ ,ഡിസംബർ 2021 ജനവരി, ഫിബ്രവരി, മാർച്ച്2022 (5 മാസം) |
| 4 | 7/946 | കെ പി അബ്ദുൾ മുനീർ | 5513/- | 27,565/- നവംബർ, ഡിസംബർ 2021 ജനവരി, ഫിബ്രവരി, മാർച്ച്2022 (5 മാസം) |
| 5 | 7/947A | കെ അബ്ദുൾ റസാഖ് | 6203/- | 31,015/- നവംബർ, ഡിസംബർ 2021 ജനവരി, ഫിബ്രവരി, മാർച്ച് 2022 (5 മാസം) |

ബസ് സ്റ്റാൻഡ് ടെർമിനൽ ഷോപ്പിംഗ് കോംപ്ലക്സ്

| ക്രമ നമ്പർ | മുറി നമ്പർ | വാടകക്കാരന്റെ പേര് | മാസ വാടക | വാടക ഈടാക്കാത്ത മാസങ്ങൾ |
|---|---|---|---|---|
| 1 | 7/962 A15 | വി ഷാക്കിബ് | 2782/- | 33,384/- ഏപ്രിൽ 2021 മുതൽ മാർച്ച് 2022 വരെ(12 മാസം) |

അമ്പലം റോഡ് ഷോപ്പിംഗ് കോംപ്ലക്സ്

| ക്രമ നമ്പർ | മുറി നമ്പർ | വാടകക്കാരന്റെ പേര് | മാസ വാടക | വാടക ഈടാക്കാത്ത മാസങ്ങൾ |
|---|---|---|---|---|
| 1 | 7/1375 | മട്ടന്നൂർ പബ്ലിക് ലൈബ്രെറി | 3531/- | 42,372/- ഏപ്രിൽ 2021 മുതൽ മാർച്ച് 2022 വരെ (12 മാസം) |

മിനി സ്റ്റേഡിയം കോംപ്ലക്സ്

| വാടക രജിസ്റ്റർ ക്രമ നമ്പർ | മുറി നമ്പർ | വാടകക്കാരന്റെ പേര് | മാസ വാടക | വാടക ഈടാക്കാത്ത മാസങ്ങൾ |
|---|---|---|---|---|
| 1 | 4/67 J | മൻസൂർ എം ആർ | 3709/- | 44,508/- ഏപ്രിൽ 2021 മുതൽ മാർച്ച് 2022 വരെ (12 മാസം) |

ബസ് സ്റ്റാൻഡ് ന്യൂ ഷോപ്പിംഗ് മാൾ

| ക്രമ | മുറി നമ്പർ | വാടകക്കാരന്റെ | മാസ വാടക | വാടക |
|---|---|---|---|---|

| നമ്പർ | | പേര് | | ഈടാക്കാത്ത മാസങ്ങൾ |
|---|---|---|---|---|
| 1 | 13-29/1158-M | സ്കറിയ അരയാക്കൽ | രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല | ഏപ്രിൽ 2021 മുതൽ മാർച്ച് 2022 വരെ (12 മാസം) |
| 2 | 14-29/1158-N | സ്കറിയ സി | രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല | ഏപ്രിൽ 2021 മുതൽ മാർച്ച് 2022 വരെ (12 മാസം) |
| 3 | 16-29/1158-A1 | അബ്ദുൾ അസീസ് എൻ പി | 6600/- | 79,200/- ഏപ്രിൽ 2021 മുതൽ മാർച്ച് 2022 വരെ (12 മാസം) |
| 4 | 26,27-29/1158-A2,A3 | പാലത്തിങ്കൽ മുസ്തഫ, കെ അഷറഫ് | 4400/- | 26,400/- 2021 ആഗസ്റ്റ് മുതൽ 2022 ജനുവരി വരെ (6 മാസം ) |
| 5 | 28-29/1158-A5 | ഹാഷിമ മാണിക്കോത്ത് | 4000/- | 24000/- 2021 ഒക്ടോബർ മുതൽ 2022 മാർച്ച് വരെ (6 മാസം) |
| 6 | 30-29/1158-A13 | സി പി നാരായണൻ | 4400/- | 52,800/- 2021ഏപ്രിൽ മുതൽ 2022 മാർച്ച് വരെ (12 മാസം) |
| 7 | 33-29/1158-A7 | ഹാഷിം ടി പി | രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല | 2021ഏപ്രിൽ മുതൽ 2022 മാർച്ച് വരെ (12 മാസം) |
| 8 | 34-29/1158-A8 | സിബി മാത്യു | 7500/- | 15,000/- 2022 ഫെബ്രുവരി, മാർച്ച് (2 മാസം) |
| 9 | 35-29/1158-A4 | സിബി മാത്യു | 4000/- | 8,000/- 2022 ഫെബ്രുവരി, മാർച്ച് (2 മാസം) |
| 10 | 37-29/1158- | സ്കറിയ.സി. | 6600/- | 79,200/- |

| | | | | |
|---|---|---|---|---|
| | A11 | | | 2021 ഏപ്രിൽ മുതൽ 2022 മാർച്ച് വരെ (12 മാസം) |
| 11 | 39-29/1158-B6 | സ്കറിയ സി | 4400/- | 52,800/- 2021ഏപ്രിൽ മുതൽ 2022 മാർച്ച് വരെ (12 മാസം) |
| 12 | 44-29/1158-B22 | സെക്രട്ടറി പ്രെസ്സ് ഫോറം | രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല | 2021 ഏപ്രിൽ മുതൽ മാർച്ച് 2022 വരെ (12 മാസം) |
| 13 | 47-29/1158-B19 | മുഹമ്മദ്‌ റാഷിദ്‌ | 2500/- | 30,000/- 2021 ഏപ്രിൽ മുതൽ മാർച്ച് 2022 വരെ (12 മാസം) |
| 14 | 50-29/1158-B11 | ആയിഷ പി | 3300/- | 39,600/- 2021 ഏപ്രിൽ മുതൽ മാർച്ച് 2022 വരെ (12 മാസം) |
| 15 | 51- 29/1158-B10 | കെ പ്രകാശൻ | 4400/- | 52,800/- 2021 ഏപ്രിൽ മുതൽ മാർച്ച് 2022 വരെ (12 മാസം) |

വാടക ഇനത്തിൽ കുടിശിക വന്ന തുക ഈടാക്കി ഒടുക്കു വരുത്തേണ്ടതും വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.12/2023 തീയതി 12.04.23ന് ലഭ്യമാക്കിയ മറുപടി പരിശോധിച്ച് നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചവയാണ് മുകളിൽ ഉൾപ്പെടുത്തിയവ. ഖണ്ഡികയിൽ പരാമർശിച്ച തുകകൾ ഈടാക്കി ഒടുക്കു വരുത്തേണ്ടതും വാടക ഇനത്തിലെ കുടിശ്ശിക ഒഴിവാക്കേണ്ടതുമാണ്.

## 1-18 നഗരസഭയുടെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളിലെ /ഇൻഡസ്ട്രിയൽ എസ്റ്റേറ്റിലെ മുറികൾ/പ്ലോട്ടുകൾ വാടകയ്ക്ക് നൽകാതെ ഒഴിഞ്ഞുകിടക്കുന്നു.

നഗരസഭയുടെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളിലെ 25 മുറികളും ഇൻഡസ്ട്രിയൽ എസ്റ്റേറ്റിലെ 7 പ്ലോട്ടുകളും വാടകയ്ക്ക് നൽകാതെ ഒഴിഞ്ഞു കിടക്കുന്നത് കാരണം ഡെപ്പോസിറ്റ് ഇനത്തിൽ കിട്ടേണ്ട തുകയിലും മാസവാടക ഇനത്തിൽ കിട്ടേണ്ട തുകയിലും വലിയ രീതിയിലുള്ള വരുമാന നഷ്ടം ഉണ്ടാകുന്നു.

| ക്രമ നമ്പർ | കെട്ടിടം/ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് | ആകെ മുറികളുടെ / പ്ലോട്ടുകളുടെ എണ്ണം | വാടകയ്ക്ക് നൽകിയത് | ബാക്കി |
|---|---|---|---|---|
| 1 | മിനി സ്റ്റേഡിയം കോംപ്ലക്സ് | 32 | 31 | 1 |
| 2 | ബസ് സ്റ്റാൻഡ് ന്യൂ ഷോപ്പിംഗ് മാൾ | 56 | 32 | 24 |
| 3 | കല്ലൂർ മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് | 18 | 11 | 7 |

മേൽ സൂചിപ്പിച്ച ഒഴിഞ്ഞുകിടക്കുന്ന മുറികൾ വാടകയ്ക്ക് നൽകാനുള്ള നടപടികൾ നഗരസഭ കൈക്കൊള്ളേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-19 കൗൺസിൽ തീരുമാനം പ്രകാരമുള്ള, ലീസ് / ലേല നടപടികൾക്കായുള്ള ബൈലോ രൂപീകരിച്ചിട്ടില്ല

നഗരസഭയുടെ ഉടമസ്ഥതയിലുള്ള കല്ലൂർ ഇൻഡസ്ട്രിയൽ എസ്റ്റേറ്റിലെ ലീസ്/ലേല നടപടികൾക്കായുള്ള ബൈലോ രൂപീകരിച്ചിട്ടില്ല. ആയതിനാൽ നിർദ്ദിഷ്ട ഇൻഡസ്ട്രിയൽ എസ്റ്റേറ്റിലെ പ്ലോട്ടുകളുടെ ലേല നടപടികളിലോ വാടകയിലോ ഒരു നിശ്ചിത ഏകീകരണം ഉണ്ടാവുന്നില്ല. അതുമൂലം പ്ലോട്ടുകൾ നൽകുമ്പോൾ ഡെപ്പോസിറ്റ് ഇനത്തിലും വാടക ഇനത്തിലും നഗരസഭയ്ക്ക് വരുമാന നഷ്ടമുണ്ടാകുന്നുണ്ട്. 22-10-21 ലെ കൗൺസിൽ യോഗത്തിൽ, ലീസ് കാലാവധി 11 വർഷത്തേയ്ക്ക് പുതുക്കി നൽകണമെന്ന ശ്രീ. എൻ. ഗോപാലൻ, ശ്രീ. മോഹനകൃഷ്ണൻ എന്നിവരുടെ അപേക്ഷ അജണ്ടയായി ഉൾപ്പെടുത്തിയിരുന്നു. ആയതിന്റെ തീരുമാനം നമ്പർ 11, 12 പ്രകാരം മുഴവൻ പ്ലോട്ടുകളുടെയും ലീസ് തുക പ്രതിവർഷം 2000 രൂപയിൽ നിന്നും 4000 രൂപയായി വർദ്ധിപ്പിക്കാനും, ലീസ് കാലാവധി 11 വർഷം എന്നത് 3 വർഷമായി കുറവ് വരുത്തി, ലേല നിബന്ധനകളിൽ മാറ്റം വരുത്തുവാനും, തീരുമാനം നമ്പർ 13 പ്രകാരം ഇത് സംബന്ധിച്ച് ബൈലോ തയ്യാറാക്കി കൗൺസിലിനു സമർപ്പിക്കുവാനും തീരുമാനിച്ചിട്ടുണ്ട്. എന്നാൽ ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 16/14-4-2023 ന് ബൈലോ തയ്യാറാക്കിയിട്ടില്ല എന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ആയതിനാൽ നഗരസഭയ്ക്ക് ഉണ്ടാകുന്ന വരുമാന നഷ്ടം ഒഴിവാക്കുന്നതിനായി കൗൺസിൽ തീരുമാനം പ്രാവർത്തികമാക്കിക്കൊണ്ട്, എത്രയും പെട്ടെന്ന് തന്നെ ബൈലോ രൂപീകരിക്കേണ്ടതും ആയതിന് സർക്കാരിൽ നിന്നും അംഗീകാരം ലഭ്യമാക്കേണ്ടതുമാണ്.

1-20 5,41,478/- രൂപയുടെ മരുന്നുകൾ ലഭിച്ചിട്ടില്ല

മെഡിക്കൽ ഓഫീസർ, സി എച്ച് സി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ വിവിധ പദ്ധതികളുടെ ഭാഗമായി മരുന്ന് ലഭ്യമാക്കുന്നതിനായി കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷന് താഴെ പറയും പ്രകാരം തുക നല്കിയിട്ടുണ്ട്. എന്നാൽ മുഴുവൻ തുകയ്ക്കുള്ള മരുന്നുകളും ലഭ്യമായിട്ടില്ല. വിശദവിവരങ്ങൾ ചുവടെ കൊടുക്കുന്നു.

| പ്രോജക്ട് നമ്പർ, പേര് | ബിൽ നമ്പർ, തീയ്യതി, തുക | പ്രോഫോർമ ഇൻവോയ്സ് നമ്പർ, തീയതി, തുക | ലഭ്യമായ മരുന്നുകളുടെ വിവരം-ഇൻവോയ്സ് നമ്പർ, തീയതി, തുക | ബാലൻസ് ₹ |
|---|---|---|---|---|
| 65/22 മട്ടന്നൂർ സാമൂഹിക ആരോഗ്യ കേന്ദ്രത്തിലേക്ക് മരുന്ന് വാങ്ങൽ | 21210147002200185991/ 08.07.2021 – ₹388011 | 969/29.06.21 ₹388011 | 6117/15.09.21- ₹301830 6118/15.09.21- ₹37792 14307/4.3.22- ₹14792 ആകെ ₹354414 | ₹33597 |
| | 21210147002201221817/ 28.02.22 – ₹611989 | PRF6148/24.02.22 ₹611989 | 3213/31.5.22 ₹147627 3215/31.5.22 ₹193985 3220/31.5.22– ₹42042 12504/29.9.22 ₹31456 ആകെ ₹415110 | ₹196879 |
| 64/22 ഡയാലിസിസ് സെന്ററിന് മരുന്നു വാങ്ങൽ | 21210147002201110394/ 11.02.22 – ₹199992 | PRF 5552/08.02.22 ₹199992 | -- | ₹199992 |
| 79/22 പാലിയേറ്റീവ് കെയർ | 21210147002201221823/ 28.02.22 – ₹199997 | PRF.6021/22.02.22 ₹199997 | 3223/31.05.22 ₹20787 3908/07.06.22 ₹51340 11748/21.09.22 | ₹98055 |

| | | | | |
|---|---|---|---|---|
| | | | ₹21597<br>13139/610.22<br>₹7770<br>14992/26.10.22<br>₹448 ആകെ<br>101942 | |
| 74/22 നഗര ആരോഗ്യ കേന്ദ്രത്തിന് മരുന്ന് വാങ്ങൽ | 21220147002200953028/ 15.01.22 – ₹49995 | PRF.4414/27.12.22 ₹49995 | 25324/22.2.23<br>₹5959<br>23292/16.01.23<br>₹2247<br>13794/23.2.22<br>₹2647<br>12742/10.2.22<br>₹18503<br>18568/24.11.22<br>₹4740<br>14104/18.10.22<br>₹2944 ആകെ<br>37040 | ₹12955 |
| | | | ആകെ തുക | ₹541478 |

₹541478യുടെ മരുന്നുകൾ നാളിതുവരേയും ലഭ്യമായിട്ടില്ല. മരുന്നുകൾ ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതും ആയതിന്റെ രേഖകൾ/സ്റ്റോക്ക് രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതുമാണ്.

## 1-21 പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി- മുഴവൻ തുകയുടേയും വിനിയോഗ സാക്ഷ്യ പത്രം ലഭിച്ചിട്ടില്ല.

| | |
|---|---|
| പ്രൊജക്റ്റ് നം. & പേര് | 45/2022, പ്രത്യേക കന്നുകുട്ടി പരിപാലനം. |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വെറ്റിനറി സർജൻ |
| അടങ്കൽ | ₹2500000<br>₹1250000<br>(വികസന ഫണ്ട് പൊതു വിഭാഗം സാധാ വിഹിതം)<br>₹1250000 (ഗുണഭോക്തൃ വിഹിതം) |
| ചെലവ് | ₹1250000 (വികസന ഫണ്ട്) |
| ബിൽ നം/തീയ്യതി/തുക | 212201470011500720382/29.11.2021/₹1250000 |

മട്ടന്നൂർ നഗരസഭ വെറ്റിനറി സർജ്ജൻ നടപ്പാക്കിയ പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതിയുടെ നിർവ്വഹണത്തിനായി 12,50,000/- രൂപ എസ്.എൽ.ബി.പി. ഡെപ്യൂട്ടി ഡയറക്ടർ, കണ്ണൂരിന് കൈമാറിയിട്ടുണ്ട്. വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നതിനായി 7/11.04.2023 പ്രകാരം നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി 9,67,332/- രൂപയുടെ വിനിയോഗ വിവരം ലഭ്യമാക്കിയിട്ടുണ്ട്. ബാക്കി തുകയുടെ (2,82,678/- രൂപ) വിനിയോഗ വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-22 പദ്ധതിയിൽ നിന്നും വ്യതിചലിച്ച് ഫർണിച്ചർ വാങ്ങി- വാങ്ങിയ ഇനങ്ങൾ സിഡ്കോ

നിർമ്മിതമായവ ആണെന്ന സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഹെഡ് മാസ്റ്റർ |
| പ്രോജക്ടിന്റെ നമ്പരും പേരും | 73/22, മട്ടന്നൂർ ഗവ യു.പി.എസിന് ഫർണിച്ചർ വാങ്ങൽ |
| അടങ്കൽ | ₹1000000 മെയിന്റനൻസ് ഫണ്ട് റോഡിതരം |
| ചെലവ് | ₹985669 |
| ബിൽ നമ്പർ & തീയ്യതി | 21220147002301272681/08.03.2022 |

2021-22 സാമ്പത്തിക വർഷത്തിൽ നടപ്പാക്കിയ മേൽ പദ്ധതി പ്രകാരം വിദ്യാർത്ഥികളുടെ പഠന സൗകര്യം മെച്ചപ്പെടുത്തുന്നതിനായി മട്ടന്നൂർ ഗവ യു.പി.സ്കൂളിലേക്ക് താഴെ പറയുന്ന സാധനങ്ങൾ ക്വട്ടേഷൻ/ടെണ്ടർ നടപടിക്രമങ്ങൾ കൂടാതെ വാങ്ങാൻ അനുവാദമുള്ള സ്ഥാപനങ്ങളിൽ നിന്നും നേരിട്ട് വാങ്ങുന്നതിന് പ്രൊജക്ട് പ്രകാരം തീരുമാനിച്ചിരുന്നു.

| ക്രമ നം | ഇനം | എണ്ണം |
|---|---|---|
| 1 | കസേര | 30 |
| 2 | ഓഫീസ് ഷെൽഫ് | 10 |
| 3 | ബുക്ക് ഷെൽഫ് | 2 |
| 4 | ബഞ്ച് | 80 |
| 5 | ഡെസ്ക് | 80 |

എന്നാൽ നിർവ്വഹണ ഉദ്യോഗസ്ഥൻ സിഡ്കോ കണ്ണൂരിൽ നിന്നും താഴെ പറയുന്ന ഇനങ്ങളാണ് ഇൻവോയ്സ് നമ്പർ KNR/21-22/167 തീയ്യതി 28.02.2022 പ്രകാരം വാങ്ങിയിട്ടുള്ളത്.

| ക്രമ.നം | ഇനം | എണ്ണം |
|---|---|---|
| 1. | സ്റ്റീൽ ഫ്രെയിം ബെഞ്ച് വിത്ത് വുഡൻ ടോപ്പ് | 10 |
| 2. | സ്റ്റീൽ ഫ്രെയിം ഡെസ്ക് | 10 |
| 3. | സ്റ്റീൽ കോംപാക്ട് ഡ്യുവൽ ബെഞ്ച് &ഡെസ്ക് | 100 |
| 4. | ഹാഡ് വുഡ് എസ്.ഡി ടേബിൾ | 5 |
| 5. | ഹാഡ് വുഡ് ആം ചെയർ | 5 |
| 6 | സ്റ്റീൽ അലമാര | 7 |

പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന അപാകങ്ങൾ കാണുന്നു.

1. പദ്ധതിയിൽ അംഗീകരിച്ച പ്രകാരമുള്ള ഇനങ്ങൾ / എണ്ണം അല്ല വാങ്ങിച്ചിരിക്കുന്നത്.

2. പദ്ധതിയിൽ നിന്നും വ്യതിചലിച്ച് ഫർണിച്ചർ വാങ്ങിയതിന്റെ കാരണം വ്യക്തമാക്കുന്ന രേഖകൾ (ഭരണസമിതി/ പർച്ചേസ് കമ്മിറ്റി/ഡി.പി.സി തീരുമാനം) ഫയലിൽ ഇല്ല.

3. സപ്ലൈ ചെയ്ത ഇനങ്ങൾ സിഡ്കോ നിർമ്മിതമായവ ആണെന്ന സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.

ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (20/16.04.2023) ലഭ്യമാക്കിയ മറുപടി പ്രകാരം പദ്ധതി രൂപീകരണ സമയത്ത് ഉണ്ടായ ആവശ്യകതയിൽ പിന്നീട്, പദ്ധതി നിർവ്വഹണ സമയത്ത് പദ്ധതി തുകക്ക് അകത്തു നിന്നു കൊണ്ട് മാറ്റം വരുത്തേണ്ടി വന്നു എന്നാണ് നിർവഹണ ഉദ്യോഗസ്ഥൻ അറിയിച്ചിട്ടുള്ളത്. ഡി.പി.സി അംഗീകരിച്ച പദ്ധതിയുടെ നിർവ്വഹണം നടത്തുമ്പോൾ നിർവ്വഹണ ഉദ്യോഗസ്ഥൻ പദ്ധതിയിൽ നിന്നും വ്യതിചലിച്ച് ഫർണിച്ചർ വാങ്ങിയത് ക്രമപ്രകാരമല്ല. ഭാവിയിൽ അപാകങ്ങൾ വരാതെ ശ്രദ്ധിക്കേണ്ടതും, സപ്ലൈ ചെയ്ത ഇനങ്ങൾ സിഡ്കോ നിർമ്മിതമായവ ആണെന്ന സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതുമാണ്. നടപടിക്രമങ്ങൾ പാലിച്ച് മാത്രം പദ്ധതി നിർവ്വഹണം നടത്താൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-23 ചെലവ് രേഖകൾ ലഭ്യമാക്കിയിട്ടില്ല - 421535/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

| ക്രമ നം | പ്രോജക്ട് നമ്പർ, പേര് | ആകെ അടങ്കൽ | ചെലവ്, ബിൽ നമ്പർ. തീയ്യതി |
|---|---|---|---|

| | | | |
|---|---|---|---|
| 1 | 205/22 വീട്ടുവളപ്പിൽ മത്സ്യകൃഷി-ബയോഫ്ലോക് (സ്പിൽ ഓവർ) | വികസന ഫണ്ട് ജനറൽ- ₹144199 സംസ്ഥാനാവിഷ്കൃതം. ₹18400 ഗു.ഭോ.വിഹിതം നേരിട്ട് - ₹828000 | ₹144199, 21220147002600271283/05-08-2021 (ക്യാഷ് ബുക്ക് പ്രകാരം) |
| 2 | 206/22 വീട്ടുവളപ്പിൽ മത്സ്യകൃഷി-പടുതാക്കുളം(സ്പിൽ ഓവർ) | വികസന ഫണ്ട് ജനറൽ – ₹277336 സംസ്ഥാനാവിഷ്കൃതം- ₹164000 ഗുണഭോക്തൃവിഹിതം നേരിട്ട് -₹738000 | ₹277336 , 21220147002600271282/05-08-2021 (ക്യാഷ് ബുക്ക് പ്രകാരം) |
| | | ആകെ തുക | ₹ 421535 |

സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ മേൽ പദ്ധതികൾക്കായി മുകളിൽ പറഞ്ഞ പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്. എന്നാൽ ആയതിന്റെ ബില്ലുകളും അനുബന്ധ ചെലവ് രേഖകളും ലഭ്യമാക്കിയിട്ടില്ല. ലഭ്യമാക്കിയ അപേക്ഷകളും രേഖകളും ഏതൊക്കെ പദ്ധതിയുമായി ബന്ധപ്പെട്ടതാണെന്ന് വ്യക്തമല്ല. ബില്ലുകളും അനുബന്ധ ചെലവ് രേഖകളും ക്രമപ്പെടുത്തി ലഭ്യമാക്കുന്നതിനും, പ്രസ്തുത പദ്ധതികളുടെ ഗുണഭോക്തൃ പട്ടിക, മോണിറ്ററിംഗ് റിപ്പോർട്ട്, പദ്ധതി പൂർത്തീകരണ വിവരം, വാല്വേഷൻ സർട്ടിഫിക്കറ്റ്, കുളം/ടാങ്ക് നിർമ്മിച്ചതിന്റെ ഡീറ്റയിൽഡ് എസ്റ്റിമേറ്റ് എന്നിവ ലഭ്യമാക്കുന്നതിനും ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (38/26-4-23) മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ₹421535 യുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-24 നഗരസഭ സെക്രട്ടറിക്ക് ക്വാർട്ടേഴ്സ് വാടകയും വീട്ടുവാടക ബത്തയും ഒരേസമയം അനുവദിച്ചത് ക്രമപ്രകാരമല്ല.

സ്വന്തമായി ക്വാർട്ടേഴ്സ് ലഭ്യമല്ലാത്ത മുനിസിപ്പാലിറ്റി/കോർപ്പറേഷൻ സെക്രട്ടറിമാർക്ക് വാടക ഇനത്തിൽ ഫണ്ടിന്റെ ലഭ്യതയനുസരിച്ച് തനത് ഫണ്ടിൽ നിന്നും തുക അനുവദിക്കാൻ ജി.ഒ.(ആർ.ടി) നം.15/2017/തസ്വഭവ/തീയതി. 10.01.2017 പ്രകാരം സർക്കാർ അനുമതി നൽകിയിട്ടുണ്ട്. 13-7-20 മുതൽ നഗരസഭ സെക്രട്ടറി താമസിക്കുന്ന ക്വാർട്ടേഴ്സിന്റെ (കെട്ടിട നമ്പർ IV/33F) വാടകയായി പ്രതിമാസം ₹8000 വീതം നഗരസഭയുടെ തനത് ഫണ്ടിൽ നിന്ന് ചെലവഴിക്കുന്നതിന് CR No. 18, തീയതി 13-8-20 പ്രകാരം കൗൺസിൽ തീരുമാനമെടുക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ ചുവടെ കൊടുത്ത പ്രകാരം തുക ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്.

| ക്രമ നമ്പർ | വാടക ഒടുക്കിയ കാലയളവ് | വൗച്ചർ നമ്പർ, തീയതി | തുക |
|---|---|---|---|
| 1 | 15-7-20 മുതൽ 15-8-20 വരെ | 434-8/20-21, 24-8-20 | 8000 |
| 2 | 15-8-20 മുതൽ 15-9-20 വരെ | 558-9/20-21, 29-9-20 | 8000 |
| 3 | 15-9-20 മുതൽ 15-10-20 വരെ | 658-11/20-21, 4-11-20 | 8000 |
| 4 | 15-10-20 മുതൽ 15-11-20 വരെ | 732-11/20-21, 19-11-20 | 8000 |
| 5 | 15-11-20 മുതൽ 15-12-20 വരെ | 868-12/20-21, 28-12-20 | 8000 |
| 6 | 15-12-20 മുതൽ 15-1-21 വരെ | 1027-2/20-21, 1-2-21 | 8000 |
| 7 | 15-1-21 മുതൽ 15-2-21 വരെ | 1117-2/20-21, 23-2-21 | 8000 |
| 8 | 15-2-21 മുതൽ 15-3-21 വരെ | 1244-3/20-21, 20-3-21 | 8000 |

| | | | |
|---|---|---|---|
| 9 | 15-3-21 മുതൽ 15-4-21 വരെ | 72-4/21-22, 20-4-21 | 8000 |
| 10 | 15-4-21 മുതൽ 15-5-21 വരെ | 148-5/21-22, 27-5-21 | 8000 |
| 11 | 16-5-21 മുതൽ 15-6-21 വരെ | 236-6/21-22, 28-6-21 | 8000 |
| 12 | 15-6-21 മുതൽ 15-7-21 വരെ | 542-9/21-22, 9-9-21 | 8000 |
| 13 | 15-7-21 മുതൽ 15-8-21 വരെ | 542-9/21-22, 9-9-21 | 8000 |
| 14 | 15-8-21 മുതൽ 15-9-21 വരെ | 615-9/21-22, 29-9-21 | 8000 |
| 15 | 16-9-21 മുതൽ 16-10-21 വരെ | 683-10/21-22, 26-10-21 | 8000 |
| 16 | 15-10-21 മുതൽ 15-11-21 വരെ | 811-11/21-22, 30-11-21 | 8000 |
| 17 | 15-11-21 മുതൽ 15-12-21 വരെ | 891-12/21-22, 17-12-21 | 8000 |
| 18 | 16-12-21 മുതൽ 15-1-22 വരെ | 1000-1/21-22, 17-1-22 | 8000 |
| 19 | 16-1-22 മുതൽ 15-2-22 വരെ | 1110-2/21-22, 21-2-22 | 8000 |
| 20 | 16-2-22 മുതൽ 15-3-22 വരെ | 1220-3/21-22, 17-3-22 | 8000 |
| | ആകെ | | 160000 |

നഗരസഭ ക്വാർട്ടേഴ്സ് വാടക നൽകുന്ന പക്ഷം സെക്രട്ടറിക്ക് വീട്ടുവാടക അലവൻസ് അനുവദനീയമല്ല. കൂടാതെ അടിസ്ഥാനശമ്പളത്തിന്റെ 2% കൂടി വാടക റിക്കവറിയിനത്തിൽ ഈടാക്കേണ്ടതുണ്ട് (2019 ലെ ജി ഒ(പി) 27/2021/Fin/ 10-2-2021 നമ്പർ ശമ്പള പരിഷ്കരണ ഉത്തരവ്). ഓഡിറ്റ് കാലയളവിൽ ബന്ധപ്പെട്ട നഗരസഭ സെക്രട്ടറി പ്രതിമാസ ശമ്പളത്തോടൊപ്പം വീട്ടുവാടക ബത്തയും കൈപ്പറ്റിയിട്ടില്ലായെന്ന് ഉറപ്പു വരുത്തുന്നതിനായി സെക്രട്ടറി കൈപ്പറ്റിയ ശമ്പള ബില്ലിന്റെ വിശദവിവരം പരിശോധനക്ക് ലഭ്യമാക്കാൻ ആവശ്യപ്പെട്ടതിന് (എൻക്വയറി നമ്പർ 24/18-4-2023) 2022 ഏപ്രിൽ, മെയ്, ജൂൺ മാസങ്ങളിലെ ബില്ലുകളാണ് ഹാജരാക്കിയിട്ടുള്ളത്. ടി ബില്ലുകളിൽ പ്രതിമാസം ₹3312 വീതം വീട്ടുവാടക ബത്ത അനുവദിച്ചിട്ടുണ്ട്.

നഗരസഭ സെക്രട്ടറി താമസിക്കുന്ന ക്വാർട്ടേഴ്സിന്റെ (കെട്ടിട നമ്പർ IV/33F) വാടക നൽകുന്നതുമായി ബന്ധപ്പെട്ട് മാസം കണക്കാക്കിയത് ശരിയായ രീതിയിലല്ല (മേൽ പട്ടികയിലെ വാടക ഒടുക്കിയ കാലയളവ് കാണുക). 15-7-20 മുതൽ 14-8-20 വരെ ഒരു മാസമായി കണക്കാക്കേണ്ടതിനു പകരം 15-8-20 വരെയാണ് ഒരു മാസമായി കണക്കാക്കിയിട്ടുള്ളത്. അടുത്ത മാസം വീണ്ടും ഈ തീയതി മുതൽ തന്നെ ഒരു മാസം തുടങ്ങുമ്പോൾ എല്ലാ മാസത്തേയും 15-ാം തീയതി രണ്ടു പ്രാവശ്യം ആവർത്തിച്ചു വരുന്നുണ്ട്. ക്വാർട്ടേഴ്സിൽ 13-7-20ന് താമസം തുടങ്ങി എന്ന് നോട്ട് ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും 15-7-20 മുതലാണ് വാടക കൊടുത്തിട്ടുള്ളത്. ക്വാർട്ടേഴ്സ് ഉടമയുമായി സെക്രട്ടറി ഉണ്ടാക്കിയ വാടക ഉടമ്പടി പരിശോധനയ്ക്ക് ലഭ്യമാക്കുന്നതിനും വാടക ഒടുക്കുന്നതിന് തീയതി നിശ്ചയിച്ചതിലെ അപാകത സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കുന്നതിനും സെക്രട്ടറിക്ക് നാളിതുവരെ ശമ്പളം അനുവദിച്ച മുഴുവൻ ബില്ലുകളും വാടക റിക്കവറിയിനത്തിൽ 2% വരുന്ന തുകയും നാളിതുവരെ വീട്ടുവാടക ബത്തയിനത്തിൽ അനുവദിച്ച തുകയും തനതു ഫണ്ടിൽ ഒടുക്കിയതുമായി ബന്ധപ്പെട്ട രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കുന്നതിനുമായി നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (24/18-4-2023) മറുപടി ലഭ്യമാക്കിയിട്ടില്ല. രേഖകൾ പരിശോധിച്ച് സർക്കാർ ഉത്തരവ് പ്രകാരമുള്ള നടപടികൾ സ്വീകരിച്ച് വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-25 നഗരസഭയ്ക്ക് ശുചീകരണ വാഹനം വാങ്ങൽ - ജി.എസ്.ടി.ടി.ഡി.എസ് ഈടാക്കിയതിന്റെയും വാഹനം സ്റ്റോക്കിലെടുത്തതിന്റെയും രേഖകൾ ലഭ്യമാക്കിയിട്ടില്ല - ₹

671502 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്ട് നമ്പർ, പേര് | 308/22, നഗരസഭയ്ക്ക് ശുചീകരണ വാഹനം വാങ്ങൽ |
| അടങ്കൽ | ₹10,00,000, ധനകാര്യ കമ്മീഷൻ അവാർഡ് |
| ചെലവ്, ബിൽ നമ്പർ, തീയതി | ₹6,71,502, 21220147002001491555, 27-3-22 |

നഗരസഭയ്ക്ക് മാലിന്യം കൊണ്ടുപോകുന്നതിനുള്ള വാഹനം Gem മുഖാന്തിരം വാങ്ങുന്നതിനാണ് പദ്ധതി തയ്യാറാക്കിയിട്ടുള്ളത്. അടങ്കൽ തുകയ്ക്ക് അനുസൃതമായ Ashok Leyland DOST+ 2510 MMWB Cabin With Load Body P15, Diesel Engine (BSVI) 5 Speed Gear Box Power Steering, Hydraulic Break മോഡൽ മിനി വാഹനം വാങ്ങുന്നതിന് 21-1-22 ന് Gem പോർട്ടലിൽ ഓർഡർ നൽകുകയും മേൽ പറഞ്ഞ ബിൽ പ്രകാരം ₹671502 പിൻവലിച്ച് അശോക് ലെയ്‌ലാന്റ് ലിമിറ്റഡിന്റെ എച്ച്.ഡി.എഫ്. സി ബാങ്ക് അക്കൗണ്ടിലേക്ക് (അക്കൗണ്ട് നമ്പർ 00040310003213) ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്തതിന്റെ അടിസ്ഥാനത്തിൽ ഇൻവോയ്സ് നമ്പർ TN 2101505337, തീയതി 26-3-2022, തുക ₹671502 പ്രകാരം വാഹനം ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. വാഹനം വാങ്ങിയതുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന രേഖകൾ /വിവരങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

1. വാഹനം രജിസ്റ്റർ ചെയ്തതിന്റെയും ഇൻഷൂർ ചെയ്തതിന്റെയും രേഖകൾ.

2. സ്റ്റോക്ക് രജിസ്റ്റർ.

3. വാഹനം സൂക്ഷിക്കുന്നതിനും കൈകാര്യം ചെയ്യുന്നതിനുമായി ആരെയെങ്കിലും ചുമതലപ്പെടുത്തിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരങ്ങളും ടിയാളുമായി കരാറിലേർപ്പെട്ടതിന്റെ രേഖകളും.

4. സി.ജി.എസ്.ടി ആക്ട് 2017, എസ്.ജി.എസ്.ടി ആക്ട് 2017 എന്നിവയിലെ വകുപ്പ് 51(1) പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ജി.എസ്.ടി ബാധകമായ സാധനങ്ങൾ വാങ്ങുകയോ സേവനങ്ങൾ സ്വീകരിക്കുകയോ ചെയ്തതിനു ശേഷം തുക അനുവദിക്കുമ്പോൾ ആകെ കരാർ തുക 2.50 ലക്ഷം രൂപയിൽ അധികമാണെങ്കിൽ സ്രോതസ്സിൽ നിന്നും ജി.എസ്.ടി ഒഴികെയുള്ള തുകയുടെ 2% ജി.എസ്.ടി-ടി.ഡി.എസ് (1% CGST + 1% SGST) ഈടാക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. കേന്ദ്ര സർക്കാരിന്റെ ഓൺലൈൻ പോർട്ടൽ ആയ GeM മുഖേനയുള്ള വാങ്ങലുകൾക്കും ടി.ഡി.എസ് ബാധകമാണ്. എന്നാൽ മേൽ പദ്ധതിയുടെ ഭാഗമായി അശോക് ലെയ്‌ലാന്റ് ലിമിറ്റഡിന് വാഹനം വാങ്ങിയതിന്റെ തുക അനുവദിക്കുമ്പോൾ ആയതിൽ നിന്നും ജി.എസ്.ടി. - ടി.ഡി.എസ്. കുറവ് വരുത്തിയിട്ടില്ല.

അപാകങ്ങൾ പരിഹരിക്കുന്നതിനായി നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (4/6-4-2023) മറുപടി ലഭ്യമാക്കിയിട്ടില്ല. മേല്പറഞ്ഞ അപാകങ്ങളുടെ അടിസ്ഥാനത്തിൽ ₹ 671502 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. രേഖകൾ ലഭ്യമാക്കി തടസം ഒഴിവാക്കേണ്ടതാണ്.

## 1-26 വരൾച്ച ബാധിത പ്രദേശങ്ങളിലെ കുടിവെള്ളവിതരണം - കരാറുകാർക്ക് തുക അനുവദിച്ചതിലെ അപാകങ്ങൾ-₹324797 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

വരൾച്ചാ ദുരിതാശ്വാസത്തിന്റെ ഭാഗമായി 2021-22 വർഷത്തിൽ കുടിവെള്ള വിതരണം നടത്തിയതിന് താഴെപ്പറയും പ്രകാരം തനത് ഫണ്ടിൽ നിന്നും തുക ചെലവഴിച്ചിട്ടുണ്ട്.

| വൗച്ചർ നമ്പർ/ തീയതി | തുക | ചെലവ് വിവരം |
|---|---|---|
| 871/8-12-2021 | 324797/-<br>ആദായനികുതി 1% കുറവ് ചെയ്യാതെയാണ് കരാറുകാരന് തുക അനുവദിച്ചിട്ടുള്ളത്. | ശ്രീ. പ്രജീഷ് സി എന്നവർക്ക് - വാഹനം KL-58 E-3147, 5067.98 Km - കിലോമീറ്ററിന് 40 രൂപ നിരക്കിൽ 5067.98 കിലോമീറ്ററിന് 202719 രൂപ അനുവദിച്ചു. |
| | | ശ്രീ. പ്രജീഷ് സി എന്നവർക്ക് - വാഹനം KL-13 L-1243, 3051.95 Km - |

| | | |
|---|---|---|
| | | കിലോമീറ്ററിന് 40 രൂപ നിരക്കിൽ 3051.95 കിലോമീറ്ററിന് 122078 രൂപ അനുവദിച്ചു. |
| | ആകെ | 324797/- |

കരാറുകാരന് തുക അനുവദിച്ചതിലെ അപാകങ്ങൾ ചുവടെ കൊടുക്കുന്നു.

1. ആദായനികതി ഇനത്തിൽ 1% തുക(3248/- രൂപ) കുറവ് ചെയ്യാതെയാണ് കരാറുകാരന് തുക അനുവദിച്ചിട്ടുള്ളത്.

2. സർക്കാരിന്റെ 02-03-2019 തീയതിയിലെ സ.ഉ (സാധാ)നം.500/2019/തസ്വഭവ ഉത്തരവ് പ്രകാരം ജി പി എസ് ലോഗ്, വാഹനത്തിന്റെ ലോഗ് ബുക്ക്, ട്രിപ്പ് ഷീറ്റ് മുതലായവ ചെക്ക് ചെയ്ത് സുതാര്യത ഉറപ്പ് വരുത്തിയതിന് ശേഷം മാത്രമേ കരാറുകാരന് സെക്രട്ടറി തുക അനുവദിക്കാവൂ എന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ കരാറുകാൻ നൽകിയ ട്രിപ്പ് ഷീറ്റ് ഹാജരാക്കിയിട്ടില്ല. ജെ എച്ച് ഐ മാർ മാന്വലായി തയ്യാറാക്കിയ ജി പി എസ് റീഡിംഗിന്റെ അടിസ്ഥാനത്തിൽ കിലോമീറ്റർ കണക്കാക്കിയാണ് കരാറുകാരന് തുക അനുവദിച്ചിട്ടുള്ളത്.

3. കുടിവെള്ളം വിതരണം നടത്തിയ വാഹനത്തിന്റെ ട്രിപ്പ് ഷീറ്റുകൾ ഹാജരാക്കിയിട്ടില്ലാത്തതിനാൽ ഓഡോമീറ്റർ പ്രകാരമുള്ള അതാത് ദിവസങ്ങളിലെ പ്രാരംഭ കിലോലോമീറ്റർ, അവസാന കിലോമീറ്റർ എന്നീ വിവരങ്ങൾ ഉൾപ്പെട്ട കിലോമീറ്റർ റീഡിംഗ് പരിശോധിച്ചിട്ടില്ല. വാഹനത്തിന്റെ ലോഗ് ബുക്ക് പരിശോധിച്ച് കൃത്യത ഉറപ്പ് വരുത്തിയതായും കാണുന്നില്ല.

4. കുടിവെള്ളം വിതരണം നടത്തുന്ന വാഹനത്തിന്റെ ട്രിപ്പ് ഷീറ്റ്, പുറപ്പെടുന്ന സ്ഥലം, സമയം, സഞ്ചരിച്ച ദൂരം, കുടിവെള്ളം വിതരണം ചെയ്ത സ്ഥലം, സമയം, വെള്ളത്തിന്റെ അളവ് തുടങ്ങിയ വിവരങ്ങൾ കരാറുകാരൻ രേഖപ്പെടുത്തേണ്ടതാണെന്നും ആയത് വാർഡ് കൗൺസിലർമാർ, വില്ലേജ് ഓഫീസർ എന്നിവരെക്കൊണ്ട് അതാത് ദിവസങ്ങളിൽ സാക്ഷ്യപ്പെടുത്തി മുനിസിപ്പാലിറ്റിയെ അറിയിക്കണമെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ ട്രിപ്പ് ഷീറ്റ് വില്ലേജ് ഓഫീസർ സാക്ഷ്യപ്പെടുത്തിയിട്ടില്ല. ഇപ്രകാരം ലഭിക്കുന്ന ട്രിപ്പ് ഷീറ്റുകൾ പരിശോധിച്ച് അതാത് ദിവസം തന്നെ തദ്ദേശസ്ഥാപനത്തിന്റെ ചെയർ പേഴ്സണും സെക്രട്ടറിയും പരിശോധിച്ച് സാക്ഷ്യപ്പെടുത്തേണ്ടതുണ്ട്. എന്നാൽ ഇത്തരത്തിൽ സാക്ഷ്യപ്പെടുത്തിയ വിവരങ്ങളും കേരള വാട്ടർ അതോറിറ്റിയിൽ നിന്നും വെള്ളം അനുവദിച്ചതിന്റെ അളവ് സംബന്ധിച്ച സാക്ഷ്യപത്രവും അതതു വാർഡുകളിൽ കുടിവെള്ള വിതരണം നടത്തിയതിന്റെ വിശദവിവരങ്ങൾ രേഖപ്പെടുത്തിയ വാർഡ് കൗൺസിലർമാരുടെ സാക്ഷ്യപത്രങ്ങളും പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. അപാകങ്ങൾ പരിഹരിക്കാനായി നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (47/27-04-23) മറുപടി ഹാജരാക്കിയിട്ടില്ല. മേല്പറഞ്ഞ അപാകങ്ങളുടെ അടിസ്ഥാനത്തിൽ ₹324797യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കി തടസം ഒഴിവാക്കേണ്ടതാണ്.

## 1-27 മഴക്കാല പൂർവ്വ ശുചീകരണം - ചെലവു രേഖകളും വിനിയോഗ സാക്ഷ്യപത്രവും ലഭ്യമാക്കിയിട്ടില്ല -₹700000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

വൗച്ചർ നമ്പർ 188-6/21-22, 10-6-21, 350000/-രൂപ

വൗച്ചർ നമ്പർ 1273/31-3-22, 510000/- രൂപ

മഴക്കാല പൂർവ്വ ശുചീകരണത്തിനായി 2020-21 വർഷം ശുചിത്വ മിഷനിൽ നിന്ന് ലഭിച്ച 350000/-രൂപ വൗച്ചർ നമ്പർ 188-6/21-22, 10-6-21 പ്രകാരം 35 വാർഡ് സാനിറ്റേഷൻ സമിതികൾക്ക് വാർഡ് ഒന്നിന് 10000/- രൂപ വീതം അനുവദിച്ചിരുന്നു. ഇതിൽ വാർഡ് സാനിറ്റേഷൻ സമിതി കൺവീനർമാരില്ലാത്താത്തതിനാൽ 16 വാർഡുകളിൽ ചെലവഴിക്കാതെ അവശേഷിച്ച 160000/- രൂപ 16-12-21ന് നഗരസഭാ സെക്രട്ടറിയുടെ സൗത്ത് ഇന്ത്യൻ ബാങ്ക് അക്കൗണ്ടിലേക്ക് തിരിച്ചടച്ചിട്ടുണ്ട്. ഇപ്രകാരം തിരിച്ചൊടുക്കിയ 160000/- രൂപയും 2021-22 വർഷത്തേക്ക് ലഭിച്ച 350000/-രൂപയും ചേർത്ത് ആകെ 510000/- രൂപ വൗച്ചർ നമ്പർ 1273/31-3-22 പ്രകാരം വീണ്ടും മെഡിക്കൽ ഓഫീസർക്ക് അനുവദിച്ചിട്ടുണ്ട്. ആദ്യ വൗച്ചറിൽ ചെലവഴിച്ച ₹190000 യും രണ്ടാമത് അനുവദിച്ച ₹510000 യും ചേർത്ത് ആകെ അനുവദിച്ച ₹700000 ചെലവഴിച്ചതിന്റെ രേഖകളും വിനിയോഗ സാക്ഷ്യപത്രവും പരിശോധനയ്ക്ക് ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (45/26-4-2023) മറുപടി നൽകിയിട്ടില്ല. ചെലവ് രേഖകളുടെയും വിനിയോഗ സാക്ഷ്യപത്രത്തിന്റെയും അഭാവത്തിൽ ₹700000യുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-28 സർക്കാർ നിർദ്ദേശം പാലിക്കാതെ ലാസ്റ്റ് ഗ്രേഡ് ഒഴികെയുള്ള ജീവനക്കാരുടെ

ആർജ്ജിതാവധി സറണ്ടർ അനുവദിച്ചു.

ജി.ഒ.(പി) 152/2020/ഫിൻ. തീയതി 05-11-2020 പ്രകാരം ലാസ്റ്റ് ഗ്രേഡ് ജീവനക്കാർ ഒഴികെയുള്ള ജീവനക്കാരുടെ ലീവ് സറണ്ടർ ആനുകൂല്യം 01-06-2021 വരെ അനുവദിക്കുകയില്ല എന്ന് പരാമർശിച്ചിട്ടുണ്ട്. ജി.ഒ.(പി) 104/2021/ഫിൻ തീയതി 26-07-2021 പ്രകാരം 01-06-2021 തീയതി മുതൽ പ്രാബല്യത്തിൽ സറണ്ടർ ആനുകൂല്യം അനുവദിക്കുന്നത് 6 മാസത്തേക്ക് കൂടി ദീർഘിപ്പിച്ചിരുന്നു.എന്നാൽ പുതുക്കിയ നിർദ്ദേശങ്ങൾ വരുന്നതിനു മുൻപുതന്നെ ലാസ്റ്റ് ഗ്രേഡ് വിഭാഗത്തിലുൾപ്പെടുന്ന ജീവനക്കാർ ഒഴികെയുള്ള മുനിസിപ്പാലിറ്റിയിലെ സ്ഥിരജീവനക്കാർക്കും ആർജ്ജിതാവധി സറണ്ടർ അനുവദിച്ചിട്ടുണ്ട്. വിശദവിവരം ചുവടെ കൊടുക്കുന്നു.

| ക്രമ നമ്പർ | പേര് ഉദ്യോഗ പേര് | വൗച്ചർ നമ്പർ / തീയതി | അനുവദിച്ച തുക |
|---|---|---|---|
| 1 | നിഷ പി വി, സൂപ്രണ്ട് | 184-6/21, 8-6-21 | 62376 |
| 2 | രഞ്ചൻ വി, റവന്യൂ ഇൻസ്പെക്ടർ | 184-6/21, 8-6-21 | 58082 |
| 3 | ലിജോയ് കെ.കെ, സീനിയർ ക്ലാർക്ക് | 184-6/21, 8-6-21 | 41245 |
| 4 | തോമസ് കെ ജി, സീനിയർ ക്ലാർക്ക് | 184-6/21, 8-6-21 | 45539 |
| 5 | ഷൈറ എ, സീനിയർ ക്ലാർക്ക് | 184-6/21, 8-6-21 | 44409 |
| 6 | ജയപ്രകാശ് പന്തക്ക, സീനിയർ ക്ലാർക്ക് | 184-6/21, 8-6-21 | 58082 |
| 7 | ബാബു വാതുക്കച്ചാലിൽ, സീനിയർ ക്ലാർക്ക് | 184-6/21, 8-6-21 | 49042 |
| 8 | രമ വി ജി, സീനിയർ ക്ലർക്ക് | 184-6/21, 8-6-21 | 58082 |
| 9 | നിഷാജ് ഇ ടി, സീനിയർ ഗ്രേഡ് ടൈപ്പിസ്റ്റ് | 184-6/21, 8-6-21 | 56726 |
| 10 | ആമിന സി, ക്ലാർക്ക് | 184-6/21, 8-6-21 | 44409 |
| 11 | അബ്ദുൾ മുനീർ കളത്തിൽ, ക്ലാർക്ക് | 184-6/21, 8-6-21 | 46669 |
| 12 | സുരേഷ്ബാബു ഇറക്കോടൻ, ക്ലാർക്ക് | 184-6/21, 8-6-21 | 34239 |

| | | | |
|---|---|---|---|
| 13 | ഷിബിന കെ, ക്ലാർക്ക് | 184-6/21, 8-6-21 | 41245 |
| 14 | രാജേഷ് പി എം, ക്ലാർക്ക് | 286-7/21, 5-7-21 | 30736 |
| 15 | അനീഷ് സി കെ, ക്ലാർക്ക് (1-7-21 പ്രാബല്യം) | 370-7/21, 23-7-21 | 33335 |
| 16 | രാഗേഷ് പാലേരി വീട്ടിൽ, ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് I | 184-6/21, 8-6-21 | 71981 |
| 17 | നമിത നാരായണൻ സി എം, ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് -I | 184-6/21, 8-6-21 | 50285 |
| 18 | രമേഷ് ബാബു കെ പി, ലൈബ്രേറിയൻ ഗ്രേഡ് III | 184-6/21, 8-6-21 | 60907 |

2021-22 സാമ്പത്തിക വർഷത്തെ ആർജ്ജിതാവധി സറണ്ടർ അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് സർക്കാരിൽ നിന്നും തുടർ നിർദ്ദേശങ്ങൾ ലഭിക്കുന്നതിനു മുൻപു തന്നെ ലാസ്റ്റ് ഗ്രേഡ് വിഭാഗത്തിലുൾപ്പെടുന്ന ജീവനക്കാർ ഒഴികെയുള്ള മുനിസിപ്പാലിറ്റിയിലെ സ്ഥിരജീവനക്കാർക്കും ആർജിതാവധി സറണ്ടർ അനുവദിച്ചത് സംബന്ധിച്ച് 22/17-4-2023 പ്രകാരം നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ സർക്കാർ നിർദ്ദേശങ്ങൾ വരുന്നതിന് മുമ്പാണ് ലീവ് സറണ്ടർ അനുവദിച്ചതെന്ന് വ്യക്തമാക്കിയിട്ടുണ്ട്. പുതുക്കിയ സർക്കാർ നിർദ്ദേശങ്ങൾ വരുന്നതിന് മുമ്പ് ആർജ്ജിതാവധി സറണ്ടർ ചെയ്യാൻ അനുമതി നല്കിയത് അപാകമാണ്. ഇത് സംബന്ധിച്ച സർക്കാർ നിർദ്ദേശങ്ങൾ അനുസരിച്ച് തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-29 ക്ഷാമബത്ത കുടിശ്ശിക - പങ്കാളിത്ത പെൻഷൻ വിഹിതം ഒടുക്കിയതിന്റെ രേഖകൾ ലഭ്യമാക്കിയില്ല.

1) വൗച്ചർ നം.1232/21-3-22 (ചെക്ക് നം.UBI 214635/21-3-22) തുക ₹743117

മുനിസിപ്പാലിറ്റിയിലെ 12 കണ്ടിജന്റ് ജീവനക്കാരുടെ ജി.ഒ(പി)25/2021 തീ.8-2-21 പ്രകാരമുള്ള ക്ഷാമബത്ത കുടിശ്ശിക ഇനത്തിൽ ₹743117 ജീവനക്കാരുടെ PF അക്കൗണ്ടിലേക്ക് നൽകിയിട്ടുണ്ട്. ക്ഷാമബത്ത കുടിശ്ശിക ലഭിച്ച ജീവനക്കാരിൽ പങ്കാളിത്ത പെൻഷൻ പദ്ധതിയിൽ ഉൾപ്പെട്ട ജീവനക്കാരുണ്ടെങ്കിൽ അവരുടെ വിവരങ്ങളും പങ്കാളിത്ത പെൻഷൻ വിഹിതം പ്രസ്തുത അക്കൗണ്ടിൽ ഒടുക്കിയതിന്റെ രേഖകളും ബന്ധപ്പെട്ട ഫയലും(ഫയൽ നമ്പർ - എച്ച്1-4395/03) പരിശോധനയ്ക്ക് ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (46/26-4-2023) മറുപടി ലഭ്യമാക്കാത്തതിനാൽ ഇവരിൽ എത്ര പേർ പങ്കാളിത്ത പെൻഷൻ പദ്ധതിയിൽ (എൻപിഎസ്) ഉൾപ്പെട്ടവരാണെന്നും അവരിൽ നിന്നും ക്ഷാമബത്ത കുടിശ്ശികയുടെ 10 ശതമാനവും, മുനിസിപ്പാലിറ്റി ഒടുക്കേണ്ട തുല്യ വിഹിതവും പ്രസ്തുത ജീവനക്കാരുടെ NPS അക്കൗണ്ടിൽ ഒടുക്കിയിട്ടുണ്ടോ എന്ന വിവരവും ലഭ്യമല്ല. പങ്കാളിത്ത പെൻഷൻ പദ്ധതിയിൽ ഉൾപ്പെട്ട ജീവനക്കാരുടെ പ്രതിമാസ ശമ്പളവും ക്ഷാമബത്തയും ചേർന്ന തുകയുടെ 10 ശതമാനവും, തുല്യമായ സ്ഥാപന വിഹിതവും ചേർത്ത് പ്രാൺ അക്കൗണ്ടിൽ നിക്ഷേപിക്കണമെന്ന് GO(P)No.20/2013/Fin-Dt.7.1.2013-ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്. പങ്കാളിത്തപെൻഷൻ വിഹിതം കുറയ്ക്കാതെ മുഴുവൻ തുകയും ജീവനക്കാർക്ക് നൽകിയിട്ടുണ്ടോ എന്ന് വ്യക്തമല്ല. സ്ഥാപന വിഹിതം ഉൾപ്പെടെയുള്ള എൻപിഎസ് തുക ജീവനക്കാരുടെ പ്രാൺ അക്കൗണ്ടിൽ അടവാക്കിയതിന്റെ അനുബന്ധ രേഖകൾ പരിശോധനക്ക് ഹാജരാക്കേണ്ടതാണ്.

2) വൗച്ചർ നം.948/5-1-22(ചെക്ക് നം. SIB 794005/5-1-22) തുക ₹1939567

മുനിസിപ്പാലിറ്റിയിലെ റെഗുലർ ജീവനക്കാരുടെ ജി.ഒ(പി)25/2021 തീ.8-2-21 പ്രകാരമുള്ള ക്ഷാമബത്ത കുടിശ്ശിക ഇനത്തിൽ ₹1939567 ജീവനക്കാരുടെ PF അക്കൗണ്ടിലേക്ക് നൽകിയിട്ടുണ്ട്. അതിൽ പങ്കാളിത്ത പെൻഷൻ പദ്ധതിയിൽ ഉൾപ്പെട്ട ജീവനക്കാരുടെ പങ്കാളിത്ത പെൻഷൻ വിഹിതം പ്രസ്തുത അക്കൗണ്ടിൽ ഒടുക്കിയതിന്റെ രേഖകളും ബന്ധപ്പട്ട ഫയലും(ജി1-77/08) പരിശോധനയ്ക്ക് ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (46/26-4-2023) മറുപടി ലഭ്യമാക്കിയിട്ടില്ല. ജീവനക്കാരുടെ വിഹിതവും സ്ഥാപന വിഹിതവും ഉൾപ്പെടുന്ന തുക പ്രാൺ

അക്കൗണ്ടുകളിലേക്ക് അടവാക്കേണ്ടതും അനുബന്ധ രേഖകൾ ഹാജരാക്കി ഓഡിറ്റ് പരാമർശം ഒഴിവാക്കേണ്ടതുമാണ്.

## 1-30 നഗരസഭ സെക്രട്ടറി -ശമ്പളവും, അലവൻസുകളും, പെൻഷൻ അംശദാനവും അടവാക്കിയതിന്റെ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല.

1994-ലെ കേരളാ മുനിസിപ്പാലിറ്റി ആക്ട് സെക്ഷൻ 48(3), കേരളാ സർവ്വീസ് റൂൾസ് പാർട്ട് 1 റൂൾ 146 എന്നിവ പ്രകാരം നഗരസഭ സെക്രട്ടറി ഒരു സർക്കാർ ഉദ്യോഗസ്ഥനെന്നനിലയിൽ ശമ്പളവും അലവൻസുകളും സംസ്ഥാനത്തിന്റെ സഞ്ചിത നിധിയിൽ നിന്ന് പിൻവലിക്കേണ്ടതും ടിയാന്റെ സേവനം നഗരസഭയ്ക്കായി വിട്ടുനൽകിയിട്ടുള്ളതിനാൽ പ്രസ്തുത തുകകളും പെൻഷൻ അംശദാനവും മുനിസിപ്പാലിറ്റി തനതുഫണ്ടിൽ നിന്ന് മാസം തോറും തിരികെ സർക്കാരിലേയ്ക്ക് അടയ്ക്കേണ്ടതുമാണ്. സെക്രട്ടറിയുടെ ശമ്പളവും, അലവൻസുകളും, പെൻഷൻ അംശദാനവും ഏത് കാലയളവ് വരെ സംസ്ഥാനത്തിന്റെ സഞ്ചിത നിധിയിലേയ്ക്ക് അടവാക്കിയിട്ടുണ്ടെന്നുള്ളതിന്റെ വിവരവും, അടവാക്കിയതിന്റെ വിശദാംശങ്ങളും, ഇനി സഞ്ചിത നിധിയിലേയ്ക്ക് ഒടുക്കാൻ ബാക്കിയുള്ള ശമ്പളത്തിന്റെയും അലവൻസുകളുടെയും വിശദാംശങ്ങളും ലഭ്യമാക്കാനായി നൽകിയ ഓഡിറ്റ് അന്വേഷണത്തിന്(26/18-4-23) മറുപടി ലഭ്യമാക്കിയിട്ടില്ല. സഞ്ചിത നിധിയിൽ നിന്നും സെക്രട്ടറി കൈപ്പറ്റുന്ന ശമ്പളത്തിന്റെ വിവരം രേഖപ്പെടുത്തുന്ന രജിസ്റ്റർ പരിപാലിക്കേണ്ടതും തുക സമയബന്ധിതമായി സഞ്ചിത നിധിയിലേക്ക് ഒടുക്കി വിവരം അറിയിക്കേണ്ടതുമാണ്.

## 1-31 തുടർ വിദ്യാകേന്ദ്രങ്ങളിലെ സാക്ഷരതാ പ്രേരക് മാർക്ക് ഹോണറേറിയം ₹156375 അനുവദിച്ചത്- തനത് ഫണ്ടിലേക്ക് റീക്ലപ്പ് ചെയ്തിട്ടില്ല.

വൗച്ചർ നമ്പർ 138/20-5-21, 71685/- രൂപ (2020 ഡിസംബർ, 2021 ജനുവരി മാസത്തെ വേതനം)
വൗച്ചർ നമ്പർ 1102/21-2-22, 41085/- രൂപ (2021 ഫിബ്രവരി മാസത്തെ വേതനം)

വൗച്ചർ നമ്പർ 763/20-11-21, 43605/- രൂപ (2021 മാർച്ച് മാസത്തെ വേതനം)
ആകെ ₹156375/-

തദ്ദേശ സ്വയംഭരണ (എഫ് എം) വകുപ്പിന്റെ 26-2-21 തീയതിയിലെ സ.ഉ.(സാധാ)626/21/തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം സാക്ഷരത മിഷനിലെ സാക്ഷരത പ്രേരക് മാരുടെ 12/2020 മുതൽ 03/2021 വരെ ഹോണറേറിയം പിന്നീട് പ്രസ്തുത തുക തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് തിരികെ നൽകണമെന്ന വ്യവസ്ഥയോടെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ തനത് ഫണ്ടിൽ നിന്നും നൽകുന്നതിന് അനുമതി നൽകിയിരുന്നു. മട്ടന്നൂർ നഗരസഭ തുടർവിദ്യാകേന്ദ്രങ്ങളിലെ പ്രേരക് മാർക്ക് ഇപ്രകാരം ഹോണറേറിയം നൽകുന്നതിന് തനത് ഫണ്ടിൽ നിന്നും മേൽവൗച്ചറുകൾ പ്രകാരം ആകെ ₹156375 അനുവദിച്ചിട്ടുണ്ട്. കേരള സംസ്ഥാന സാക്ഷരത മിഷനിൽ നിന്നും ഈ തുക തിരികെ ലഭിച്ചതിന്റെ വിവരങ്ങളും ആയത് നഗരസഭയുടെ തനത് ഫണ്ടിലേക്ക് റീക്ലപ്പ് ചെയ്തതിന്റെ വിവരങ്ങളും ലഭ്യമാക്കുന്നതിനായി നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (42/26-4-2023) മറുപടി നൽകിയിട്ടില്ല. ₹156375 നഗരസഭയുടെ തനത് ഫണ്ടിലേക്ക് റീക്ലപ്പ് ചെയ്ത് വിവരം അറിയിക്കേണ്ടതാണ്.

## 1-32 ക്ലീൻ കേരള കമ്പനിക്ക് തുക നൽകൽ -രേഖകൾ ലഭ്യമാക്കിയില്ല - ₹1737067 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്ട് നമ്പർ, പേര് | 133/22, ക്ലീൻ കേരള കമ്പനിക്ക് തുക നൽകൽ |
| അടങ്കൽ | ₹3000000, ധനകാര്യ കമ്മീഷൻ അവാർഡ് |
| ചെലവ് ₹1737067<br>വൗച്ചർ നമ്പർ, തീയതി | ₹779036, 1009/21-1-22<br>₹686749, , 1010/21-1-22<br>₹271282, 1280/3/21-22, 31-3-22 |

നഗരസഭയുടെ ട്രഞ്ചിംഗ് ഗ്രൗണ്ടിൽ ശേഖരിക്കപ്പെടുന്ന അജൈവ മാലിന്യങ്ങൾ ക്ലീൻ കേരള കമ്പനിക്ക് കൈമാറുന്നതിന് ടി കമ്പനിയുമായി 4-8-21 ന് ഉണ്ടാക്കിയ കരാർ ഉടമ്പടി പ്രകാരം തുക കൈമാറുന്നതിനാണ് പ്രോജക്ട് തയ്യാറാക്കിയിട്ടുള്ളത്. സർക്കാർ ഉത്തരവുകൾ, സർക്കുലറുകൾ എന്നിവയ്ക്ക് വിധേയമായി, ട്രഞ്ചിംഗ് ഗ്രൗണ്ടിൽ ശേഖരിച്ച അജൈവമാലിന്യം നീക്കംചെയ്ത വകയിൽ താഴെപ്പറയുന്ന ഇൻവോയ്സുകൾ പ്രകാരം തുക അനുവദിച്ചിട്ടുണ്ട്.

| ക്രമ നമ്പർ | ഇൻവോയ്സ് നമ്പർ, തീയതി | അജൈവ മാലിന്യത്തിന്റെ തൂക്കം കിലോഗ്രാമിൽ | അനുവദിച്ച തുക ₹ |
|---|---|---|---|
| 1 | D22/SER 21-22/314, 28-10-21 | 66020 | 779036 |

| | | | |
|---|---|---|---|
| 2 | SER 0354, 5-10-20 | 58199 | 686749 |
| 3 | D23/SER 21-22/ 867, 30-3-22 | 22990 | 271282 |
| | ആകെ | 147209 | 1737067 |

പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട അപാകങ്ങൾ ചുവടെ കൊടുക്കുന്നു.

1. ക്ലീൻ കേരള കമ്പനിക്ക് തുക അനുവദിച്ചതുമായി ബന്ധപ്പെട്ട ട്രഷറി ബില്ലുകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

2. കമ്പനി തുക കൈപ്പറ്റിയ രേഖകൾ ഇല്ല.

അപാകങ്ങൾ സംബന്ധിച്ച മറുപടി/വിശദീകരണങ്ങൾ ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്(14/12-4-2023) മറുപടി ലഭ്യമാക്കിയിട്ടില്ല. രേഖകളുടെയും വിശദീകരണങ്ങളുടെയും അഭാവത്തിൽ ₹1737067 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-33 ഓട്ടോമാറ്റിക് ബെയ്‌ലിംഗ് മെഷീൻ സ്ഥാപിക്കൽ - ഉപകരണങ്ങൾ സ്ഥാപിച്ചതിന്റെയും പ്രവർത്തനം തുടങ്ങിയതിന്റെയും രേഖകൾ ലഭ്യമാക്കിയിട്ടില്ല - ₹570000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്ട് നമ്പർ, പേര് | 301/22, ഓട്ടോമാറ്റിക് ബെയ്‌ലിംഗ് മെഷീൻ സ്ഥാപിക്കൽ |
| അടങ്കൽ | ₹700000, ധനകാര്യ കമ്മീഷൻ അവാർഡ് |
| ചെലവ്, ബിൽ നമ്പർ, തീയതി | ₹570000, 67/21-22, 27-3-22 |

മട്ടന്നൂർ നഗരസഭയുടെ നഗര മാലിന്യ പരിപാലന കേന്ദ്രത്തിൽ ഓട്ടോമാറ്റിക് ബെയ്‌ലിംഗ് മെഷീൻ സ്ഥാപിക്കുന്നതിനാണ് പദ്ധതി തയ്യാറാക്കിയിട്ടുള്ളത്. ആയത് ടെണ്ടർ/ക്വട്ടേഷൻ നടപടികൾ ഒഴിവാക്കി ക്ലീൻ കേരള കമ്പനിയിൽ നിന്നും വാങ്ങാൻ ഉദ്ദേശിച്ചെങ്കിലും അനുയോജ്യമായ സ്പെസിഫിക്കേഷൻ ഉള്ള മെഷീൻ ലഭ്യമല്ലാത്തതിനാൽ ഇ-ടെണ്ടർ ക്ഷണിക്കുകയും കോളാർ മിൽ സ്റ്റോർ, മലപ്പുറം എന്ന സ്ഥാപനത്തിന്റെ ടെണ്ടർ അംഗീകരിക്കുകയുമാണ് ചെയ്തിട്ടുള്ളത്. കോളാർ മിൽ സ്റ്റോറിന് 11-3-22 ന് സപ്ലൈ ഓർഡർ/ഇൻസ്റ്റലേഷൻ ഓർഡർ (H1-13473/21) നൽകുകയും ടാക്സ് ഇൻവോയ്സ് നമ്പർ B2C/21-22/19054, Date 19-3-22 പ്രകാരം 570000/- രൂപയുടെ ഓട്ടോമാറ്റിക് ബെയ്‌ലിംഗ് മെഷീൻ ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. പദ്ധതി നടത്തിപ്പിലെ അപാകങ്ങൾ ചുവടെ കൊടുക്കുന്നു.

1. ഓട്ടോമാറ്റിക് ബെയ്‌ലിംഗ് മെഷീൻ നഗര മാലിന്യ പരിപാലന കേന്ദ്രത്തിൽ സ്ഥാപിച്ചതിന്റെ ഇൻസ്റ്റലേഷൻ റിപ്പോർട്ടും ഇവ ഉപയോഗിച്ച് പ്രവൃത്തി തുടങ്ങിയതിന്റെ രേഖകളും ലഭ്യമല്ല.

2. ഓട്ടോമാറ്റിക് ബെയ്‌ലിംഗ് മെഷീൻ സ്റ്റോക്കിലെടുത്തതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

3. മെഷിനറിക്ക് ഉണ്ടായേക്കാവുന്ന അറ്റകുറ്റപ്പണികളുമായി ബന്ധപ്പെട്ട് കോളാർ മിൽ സ്റ്റോർ, മലപ്പുറം എന്ന സ്ഥാപനവുമായി എ.എം.സി തയ്യാറാക്കിയതിന്റെ രേഖകളും പദ്ധതിയുടെ മോണിറ്ററിംഗ് റിപ്പോർട്ടും ഫയലിൽ ലഭ്യമല്ല. എ.എം.സി. യുടെ വിശദ വിവരങ്ങളും മെഷിനറിക്ക് ഇതിനോടകം വല്ല തകരാറും വന്നിട്ടുണ്ടെങ്കിൽ ആയതിന്റെ/ പരിഹരിച്ചതിന്റെ വിവരങ്ങളും തകരാർ പരിഹരിക്കുന്നതിന് നാളിതുവരെ ചെലവഴിച്ച തുകയുടെ വിവരങ്ങളും പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

4. സി.ജി.എസ്.ടി ആക്ട് 2017, എസ്.ജി.എസ്.ടി ആക്ട് 2017 എന്നിവയിലെ വകുപ്പ് 51(1) പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ജി.എസ്.ടി ബാധകമായ സാധനങ്ങൾ വാങ്ങുകയോ സേവനങ്ങൾ സ്വീകരിക്കുകയോ ചെയ്തതിനു ശേഷം തുക അനുവദിക്കുമ്പോൾ ആകെ കരാർ തുക 2.50 ലക്ഷം രൂപയിൽ അധികമാണെങ്കിൽ സ്രോതസ്സിൽ നിന്നും ജി എസ് ടി ഒഴികെയുള്ള തുകയുടെ 2% ജി.എസ്.ടി ടി.ഡി.എസ് (1% CGST + 1% SGST) ഈടാക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ മേൽ പദ്ധതിയുടെ ഭാഗമായി കോളാർ മിൽ സ്റ്റോറിന് തുക അനുവദിക്കുമ്പോൾ ആയതിൽ നിന്നും ജി.എസ്.ടി. - ടി.ഡി.എസ്. കുറവ് വരുത്തിയിട്ടില്ല.

അപാകങ്ങൾ പരിഹരിക്കുന്നതിനായി നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (33/25-4-2023) മറുപടി ലഭ്യമാക്കിയിട്ടില്ല. മേല്പറഞ്ഞ അപാകങ്ങളുടെ അടിസ്ഥാനത്തിൽ ₹570000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-34 ജൈവവള നിർമ്മാണ കേന്ദ്രത്തിലേക്ക് ആവശ്യമായ പാക്കിംഗ് ഉപകരണങ്ങൾ വാങ്ങൽ

## - ഉപകരണങ്ങൾ സ്ഥാപിച്ചതിന്റെയും പ്രവർത്തനം തുടങ്ങിയതിന്റെയും രേഖകൾ ലഭ്യമാക്കിയില്ല - ₹165481 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്ട് നമ്പർ, പേര് | 307/22, ജൈവവള നിർമ്മാണ കേന്ദ്രത്തിലേക്ക് ആവശ്യമായ പാക്കിംഗ് ഉപകരണങ്ങൾ |
| അടങ്കൽ | ₹200000, ധനകാര്യ കമ്മീഷൻ അവാർഡ് |
| ചെലവ്, ബിൽ നമ്പർ, തീയതി | ₹165481, 21220147002001403009, 21-3-22 |

മട്ടന്നൂർ നഗരസഭയിലെ വിൻഡ്രോ കമ്പോസ്റ്റ് യൂണിറ്റിൽ നിർമ്മിക്കുന്ന ജൈവവളം പാക്ക് ചെയ്ത് വില്പന നടത്തുന്നതിന് പാക്കിംഗ് ഉപകരണങ്ങൾ (നഗരസഭയുടെ പേരും ബ്രാന്റ് പേരും പ്രിന്റ് ചെയ്ത 25 Kg. കപ്പാസിറ്റിയുള്ള ബാഗ്, വളം നിറച്ചതിന് ശേഷം ചാക്ക് തുന്നുന്നതിനുള്ള മെഷീനുകൾ, തുന്നുന്നതിനുള്ള നൂൽ, യന്ത്ര സഹായത്തോടെ പ്രവർത്തിക്കുന്ന അരിപ്പ) വാങ്ങുന്നതിനാണ് പദ്ധതി തയ്യാറാക്കിയിട്ടുള്ളത്. ചാക്ക്, നൂൽ എന്നിവ വാങ്ങുന്നതിന് ക്വട്ടേഷൻ ക്ഷണിക്കുകയും കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത ശ്രീ ഐശ്വര്യ പോളി സാക്ക്സ്, വളപട്ടണം, കണ്ണൂർ എന്ന സ്ഥാപനത്തിന്റെ ക്വട്ടേഷൻ സ്വീകരിച്ച് ഇൻവോയ്സ് നമ്പർ 3368/14-3-22 പ്രകാരം 1500 ചാക്കുകളും ഇൻവോയ്സ് നമ്പർ 3369/14-3-22 പ്രകാരം 2000 മീറ്ററിന്റെ 5 റീൽ നൂലും വാങ്ങിയിട്ടുണ്ട് (ആകെ തുക ₹30031 + ₹450 = ₹30481).

യന്ത്ര സഹായത്തോടെ പ്രവർത്തിക്കുന്ന അരിപ്പ, വളം നിറച്ചതിന് ശേഷം ചാക്ക് തുന്നുന്നതിനുള്ള മെഷീനുകൾ എന്നിവ വാങ്ങുന്നതിനായി ഇ-ടെണ്ടർ ക്ഷണിക്കുകയും ഐ ആർ ടി സി പ്രോജക്ട് ഇംപ്ലിമെന്റേഷൻ യൂണിറ്റിന്റെ ടെണ്ടർ സ്വീകരിച്ച് ഇൻവോയ്സ് നമ്പർ B2C 20, തീയതി 16-3-22 പ്രകാരം 1,35,000/- രൂപ ചെലവഴിച്ച് സീവറും സ്റ്റിച്ചിംഗ് മെഷീനും വാങ്ങുകയും ചെയ്തിട്ടുണ്ട്. പദ്ധതി നടത്തിപ്പിലെ അപാകതകൾ ചുവടെ കൊടുക്കുന്നു.

1. സീവ്, സ്റ്റിച്ചിംഗ് മെഷീൻ എന്നിവയുടെ സ്പെസിഫിക്കേഷൻ സമർപ്പിക്കുന്നതിനായി IRTC സെക്രട്ടറി 17-2-22 ന് ലഭ്യമാക്കിയ പ്രൊപ്പോസലിന് (നമ്പർ IRTC-PIU/1684/21) അനുമതി ലഭിക്കുന്ന മുറയ്ക്ക് ധാരണാപത്രം ഒപ്പുവച്ച് അതിൻ പ്രകാരമുള്ള വ്യവസ്ഥകൾക്കനുസരിച്ച് പ്രവൃത്തി നടപ്പാക്കുമെന്ന് അറിയിച്ചതനുസരിച്ച് വിൻഡ്രോ കമ്പോസ്റ്റ് യൂണിറ്റിലേക്ക് ഇവ സ്ഥാപിച്ച നൽകുന്നതിന് IRTC ക്ക് കരാർ നൽകുന്നതിന് 25-2-22 ൽ 16-ാം നമ്പറായി നഗരസഭാ കൗൺസിൽ തീരുമാനമെടുത്തിട്ടുണ്ട്. എന്നാൽ IRTC യുമായി നഗരസഭ ഉണ്ടാക്കിയ ധാരണാപത്രം പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

2. വാങ്ങിയ മെഷിനറികൾ വിൻഡ്രോ കമ്പോസ്റ്റ് യൂണിറ്റിൽ സ്ഥാപിച്ചതിന്റെ ഇൻസ്റ്റലേഷൻ റിപ്പോർട്ടും ഇവ ഉപയോഗിച്ച് പ്രവൃത്തി തുടങ്ങിയതിന്റെ രേഖകളും ലഭ്യമല്ല. മെഷീനുകളുടെ അറ്റകുറ്റപണികൾക്കായി നഗരസഭ ഇതിനോടകം തുക ചെലവഴിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരങ്ങൾ ലഭ്യമാക്കാൻ ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും (3/06.04.2023) മറുപടി ലഭ്യമാക്കിയിട്ടില്ല.

3. മെഷിനറികൾക്ക് ഉണ്ടായേക്കാവുന്ന അറ്റകുറ്റപ്പണികളുമായി ബന്ധപ്പെട്ട് IRTC യുമായി എ.എം.സി തയ്യാറാക്കിയതിന്റെ രേഖകളും പദ്ധതിയുടെ മോണിറ്ററിംഗ് റിപ്പോർട്ടും ഫയലിൽ ലഭ്യമല്ല.

അപാകതകൾ സംബന്ധിച്ച വിശദീകരണങ്ങൾ ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (3/6-4-2023) മറുപടി നൽകിയിട്ടില്ലാത്തതിനാൽ ₹165481 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കി തടസം ഒഴിവാക്കേണ്ടതാണ്.

## 1-35 സെക്രട്ടറി നിർവ്വഹണം നടത്തിയ വിവിധ പ്രോജക്ടുകൾ -ചെലവു രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല - ₹9223113 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

2021-22 വർഷം നഗരസഭാ സെക്രട്ടറി നിർവ്വഹണം നടത്തിയ ചുവടെ കൊടുത്ത പ്രോജക്ടുകളുമായി ബന്ധപ്പെട്ട ചെലവുരേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

| ക്രമ നം. | പ്രോജക്ട് നമ്പർ/ | പേര് | അടങ്കൽ | ചെലവ് | ബിൽ നമ്പർ, തീയതി (ACR പ്രകാരം) |
|---|---|---|---|---|---|
| 1 | 5/22 | വയോമിത്രം പദ്ധതി | 1057770 (വികസനഫണ്ട് -ജനറൽ) | 1057770 | 79/07.10.21 |

| | | | | | |
|---|---|---|---|---|---|
| 2 | 284/22 (SO) | എസ് സി ഫ്ലാറ്റിന് സ്ഥലം വാങ്ങൽ | 160900 (വികസനഫണ്ട്- എസ് സി പി) | 127005 | 72/29.09.21 |
| 3 | 403/22 | ലൈഫ് പി എം എ വൈ നഗരസഭാ വിഹിതം (എസ് സി) | 1000000 (വികസനഫണ്ട് - എസ് സി പി) | 1000000 | 265/15.03.22 |
| 4 | 131/22 | കോവിഡ് പ്രതിരോധം - ഡി സി സി ക്ക് ആവശ്യമായ അടിസ്ഥാന സൗകര്യം ഒരുക്കൽ | 1800000- (വികസനഫണ്ട്- ജനറൽ) | 1699338 | ₹123776 9/01.06.21 ₹102210 13/15.06.21 ₹16138 19/06.07.21 ₹126420 34/19.07.21 ₹49490 35/19.07.21 ₹72288 48/05.08.21 ₹81270 55/18.08.21 ₹116163 56/18.08.21 ₹81270 74/05.10.21 ₹27770 75/05.10.21 ₹78260 100/27.10.21 ₹144165 101/30.10.21 ₹82920 137/10.12.21 ₹344800 146/08.12.21 ₹28690 156/28.12.21 ₹55115 172/13.01.21 ₹41263 194/07.02.22 ₹36240 215/18.12.22 ₹80520 262/15.03.22 ₹1510 279/19.03.22 ₹9060 330/27.03.22 |
| 5 | 2/22 | ലൈഫ് പി എം എ വൈ പദ്ധതി വിഹിതം | 5000000 (വികസന ഫണ്ട് | 5000000 | 10/07.06.21 |

| | | | | | |
|---|---|---|---|---|---|
| | | | ജനറൽ)<br>5000000 (തനത് ഫണ്ട്) | | |
| 6 | 354/22 | നഗരസഭ വികസനങ്ങളും സേവനങ്ങളും -വിശദീകരണ കലണ്ടർ തയ്യാറാക്കൽ | 1000000 (തനത് ഫണ്ട്) | 339000 | 136/09.12.21 |
| | | | ആകെ | ₹9223113 | |

മുകളിൽ കൊടുത്ത പ്രകാരം സെക്രട്ടറി നിർവ്വഹണം നടത്തിയ പ്രോജക്ടുകളുടെ ചെലവ് രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കുന്നതിനായി നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (43/26-4-23) മറുപടി ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ പ്രോജക്ടുകളിലെ ചെലവ് തുക ₹9223113 തടസ്സപ്പെടുത്തുന്നു. ചെലവു രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-36 ബയോവേസ്റ്റ് ഷ്രഡ്ഡർ സ്ഥാപിക്കൽ - ഉപകരണങ്ങൾ സ്ഥാപിച്ചതിന്റെയും പ്രവർത്തനം തുടങ്ങിയതിന്റെയും രേഖകൾ ലഭ്യമാക്കിയിട്ടില്ല-₹413000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്ട് നമ്പർ, പേര് | 302/22, ബയോവേസ്റ്റ് ഷ്രഡ്ഡർ സ്ഥാപിക്കൽ |
| അടങ്കൽ | ₹700000, ധനകാര്യ കമ്മീഷൻ അവാർഡ് |
| ചെലവ്, ബിൽ നമ്പർ, തീയതി | ₹413000, 65/21-22, 27-3-22 |

മട്ടന്നൂർ നഗരസഭയുടെ നഗര മാലിന്യ പരിപാലന കേന്ദ്രത്തിൽ ശേഖരിക്കുന്ന ജൈവ മാലിന്യം സംസ്കരിക്കുന്നതിനാവശ്യമായ സൗകര്യം ഒരുക്കുന്നതിനും കേന്ദ്രത്തിൽ എത്തുന്ന ജൈവ മാലിന്യങ്ങൾ ചുരുങ്ങിയ സമയപരിധിയിൽ വളമാക്കി മാറ്റുന്നതിനും സഹായകരമായ ബയോവേസ്റ്റ് ഷ്രഡ്ഡർ സ്ഥാപിക്കുന്നതിനും ആയത് ടെണ്ടർ മുഖേനയോ ടെണ്ടർ/ക്വട്ടേഷൻ കൂടാതെ വാങ്ങാവുന്ന അംഗീകൃത സ്ഥാപനങ്ങളിൽ നിന്നോ വാങ്ങിക്കുന്നതിനുമാണ് പദ്ധതി തയ്യാറാക്കിയിട്ടുള്ളത്. പദ്ധതി വിഭാവനം ചെയ്തത് പ്രകാരം ഇ-ടെണ്ടർ ക്ഷണിച്ചതിൽ രണ്ടു സ്ഥാപനങ്ങൾ പങ്കെടുക്കുകയും (പ്രകൃതി ആലുവ, അംബിക ഗ്രൂപ്പ് ഭോപ്പാൽ) ടെണ്ടർ പ്രകാരമുള്ള സ്പെസിഫിക്കേഷൻ ഉള്ളതും 413000/- രൂപ ക്വാട്ട് ചെയ്തതുമായ പ്രകൃതി ആലുവയുടെ ടെണ്ടർ അംഗീകരിക്കുകയും ചെയ്തു ( 9-3-22 ലെ 4 ാം നമ്പർ കൗൺസിൽ തീരുമാനം). പ്രകൃതിക്ക് 11-3-22 ന് സപ്ലൈ ഓർഡർ/ഇൻസ്റ്റലേഷൻ ഓർഡർ (H1-13537/21) നൽകുകയും ടാക്സ് ഇൻവോയ്സ് നമ്പർ 83/26-3-22 പ്രകാരം 413000/- രൂപയുടെ ബയോവേസ്റ്റ് ഷ്രഡ്ഡർ ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. പദ്ധതി നടത്തിപ്പിലെ അപാകങ്ങൾ ചുവടെ കൊടുക്കുന്നു.

1. ബയോവേസ്റ്റ് ഷ്രഡ്ഡർ നഗര മാലിന്യ പരിപാലന കേന്ദ്രത്തിൽ സ്ഥാപിച്ചതിന്റെ ഇൻസ്റ്റലേഷൻ റിപ്പോർട്ടും ഇവ ഉപയോഗിച്ച് പ്രവൃത്തി തുടങ്ങിയതിന്റെ രേഖകളും ലഭ്യമല്ല.

2. ബയോവേസ്റ്റ് ഷ്രഡ്ഡർ സ്റ്റോക്കിലെടുത്തതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

3. മെഷിനറിക്ക് ഉണ്ടായേക്കാവുന്ന അറ്റകുറ്റപ്പണികളുമായി ബന്ധപ്പെട്ട് പ്രകൃതി ആലുവ എന്ന സ്ഥാപനവുമായി എ.എം.സി തയ്യാറാക്കിയതിന്റെ രേഖകളും പദ്ധതിയുടെ മോണിറ്ററിംഗ് റിപ്പോർട്ടും ഫയലിൽ ലഭ്യമല്ല.
4. സി.ജി.എസ്.ടി. ആക്ട് 2017 എസ്.ജി.എസ്.ടി. ആക്ട് 2017 എന്നിവയിലെ വകുപ്പ് 51(1) പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ സാധനങ്ങൾ വാങ്ങുകയോ സേവനങ്ങൾ സ്വീകരിക്കുകയോ ചെയ്തതിനു ശേഷം തുക അനുവദിക്കുമ്പോൾ ആകെ കരാർ തുക 2.5 ലക്ഷം രൂപയിൽ അധികരിക്കുന്നെങ്കിൽ സ്രോതസ്സിൽ നിന്നും ജി.എസ്.ടി. ഒഴികെയുള്ള തുകയുടെ 2% ജി.എസ്.ടി, ടി.ഡി.എസ്. ആയി ഈടാക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ മേൽ ബിൽ തുകയുടെ 2% ജി.എസ്.ടി, ടി.ഡി.എസ്. ഇനത്തിൽ ഈടാക്കിയിട്ടില്ല.

അപാകങ്ങൾ സംബന്ധിച്ച മറുപടി/വിശദീകരണങ്ങൾ ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (32/25-4-23) മറുപടി ഹാജരാക്കിയിട്ടില്ല. ആയതിനാൽ ₹413000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കി തടസം ഒഴിവാക്കേണ്ടതാണ്.

## 1-37 സി ഡി എസ് മെമ്പർ സെക്രട്ടറി/പ്രോജക്ട് ഓഫീസറുടെ അധികചുമതല വഹിച്ചിരുന്ന ജീവനക്കാരന് നഗരസഭ യു പി എ ഫണ്ടിൽ നിന്ന് ചാർജ്ജ് അലവൻസ് അനുവദിച്ചത് ക്രമപ്രകാരമല്ല. ₹107930യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

വൗച്ചർ നമ്പർ 22-5/21, 6-5-21, ₹46200 – മെമ്പർ സെക്രട്ടറിക്ക് 12 മാസത്തെ ചാർജ്ജ് അലവൻസ് അനുവദിച്ചത് (2020 ജനവരി മുതൽ 2020 ഡിസംബർ വരെ)

വൗച്ചർ നമ്പർ 147-3/22, 11-3-22, ₹ 61730 - മെമ്പർ സെക്രട്ടറിക്ക് 2021 ജനവരി മുതൽ 2021 ഡിസംബർ വരെയുള്ള ചാർജ്ജ് അലവൻസ് അനുവദിച്ചത്.

എസ് ജി എസ് ആർ വൈ പദ്ധതി 2013 മാർച്ച് മാസം നിർത്തലാക്കിയ സാഹചര്യത്തിൽ സി ഡി എസ് മെമ്പർ സെക്രട്ടറി/പ്രോജക്ട് ഓഫീസറുടെ ചുമതലയുള്ള ജീവനക്കാർക്ക് ഓണറേറിയത്തിന് അർഹതയുണ്ടായിരിക്കുകയില്ലെന്ന് കുടുംബശ്രീ മിഷൻ എക്സിക്യൂട്ടീവ് ഡയരക്ടറുടെ 13-04-2016 തീയതിയിലെ 316/എഫ്/2016/ കെ എസ് എച്ച് ഒ നമ്പർ കത്തിൽ വ്യക്തമാക്കിയിട്ടുള്ളതാണ്. പ്രസ്തുത കത്തിലെ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി മട്ടന്നൂർ നഗരസഭയിലെ സി ഡി എസ് മെമ്പർ സെക്രട്ടറിയുടെ ചുമതല വഹിച്ചിരുന്ന ലൈബ്രേറിയൻ ഗ്രേഡ് III ശ്രീ. രമേഷ്ബാബു കെ പി എന്നവർക്ക് അടിസ്ഥാന ശമ്പളത്തിന്റെ 10% നിരക്കിൽ നഗരസഭ യു പി എ ഫണ്ടിൽ നിന്ന് സ്പെഷൽ അലവൻസ് അനുവദിച്ചിട്ടുണ്ട്. വിശദവിവരം ചുവടെ കൊടുക്കുന്നു.

| മാസം | ഉദ്യോഗസ്ഥൻ | അടിസ്ഥാന ശമ്പളം | അലവൻസായി നല്കിയ തുക |
|---|---|---|---|
| 1/20 | ശ്രീ. രമേഷ്ബാബു കെ പി, ലൈബ്രേറിയൻ ഗ്രേഡ് III | 37500 | 3850 |
| 2/20 | ,, | 37500 | 3850 |
| 3/20 | ,, | 37500 | 3850 |
| 4/20 | ,, | 37500 | 3850 |
| 5/20 | ,, | 37500 | 3850 |
| 6/20 | ,, | 37500 | 3850 |
| 7/20 | ,, | 37500 | 3850 |
| 8/20 | ,, | 37500 | 3850 |
| 8/20 | ,, | 37500 | 3850 |
| 10/20 | ,, | 37500 | 3850 |
| 11/20 | ,, | 37500 | 3850 |
| 12/20 | ,, | 38500 | 3850 |
| | | ആകെ | 46200 |
| 1/21 | ,, | 38500 | 3850 |
| 2/21 | ,, | 38500 | 3850 |
| 3/21 | ,, | 53900 | 5390 |
| 4/21 | ,, | 53900 | 5390 |
| 5/21 | ,, | 53900 | 5390 |
| 6/21 | ,, | 53900 | 5390 |
| 7/21 | ,, | 53900 | 5390 |
| 8/21 | ,, | 53900 | 5390 |
| 9/21 | ,, | 53900 | 5390 |
| 10/21 | ,, | 53900 | 5390 |
| 11/21 | ,, | 53900 | 5390 |
| 12/21 | ,, | 55200 | 5520 |
| | | ആകെ | 61730 |

| | | |
|---|---|---|
| | ആകെ തുക | 107930<br>(46200+ 61730) |

കുടുംബശ്രീ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ ഉത്തരവിലെ വ്യവസ്ഥകൾ പാലിക്കാതെ മേൽ സൂചിപ്പിച്ച പ്രകാരം ഓണറേറിയം അനുവദിച്ചത് സംബന്ധിച്ച് മറുപടി ലഭ്യമാക്കുന്നതിനും അടിസ്ഥാന ശമ്പളത്തിന്റെ 10% നിരക്കിലാണ് ചാർജ്ജ് അലവൻസ് അനുവദിക്കേണ്ടത് എന്നിരിക്കേ 1/20 മുതൽ 11/20 വരെ മാസങ്ങളിലെ അടിസ്ഥാന ശമ്പളവും അനുവദിച്ച അലവൻസും തമ്മിൽ പൊരുത്തപ്പെടാത്തതിന് വിശദീകരണം ലഭ്യമാക്കുന്നതിനും നഗരസഭയിൽ മുൻവർഷങ്ങളിൽ സി ഡി എസ് മെമ്പർ സെക്രട്ടറിമാരുടെ ചുമതല വഹിക്കുകയും ദാരിദ്ര്യ നിർമ്മാർജ്ജന പ്രവർത്തനങ്ങൾക്കായി നഗരസഭ കുടുംബശ്രീ സി ഡി എസിന് നൽകുന്ന യു പി എ ഫണ്ട്, എൻ യു എൽ എം ഫണ്ട്, മുനിസിപ്പൽ തനത് ഫണ്ട് മുതലായവയിൽ നിന്ന് ഇപ്രകാരം ഓണറേറിയം കൈപ്പറ്റുകയും ചെയ്ത ജീവനക്കാരിൽ നിന്നും കുടുംബശ്രീമിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 27-12-2022 തീയതിയിലെ നം.13/എഫ്/2022/കെ എസ് എച്ച് ഒ കത്തിന്റെ അടിസ്ഥാനത്തിൽ തുക തിരിച്ചടപ്പിക്കുന്നതിന് സ്വീകരിച്ച നടപടികൾ അറിയിക്കുന്നതിനുമായി നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (25/18-4-2023) 24-4-23 തീയതിയിൽ മെമ്പർ സെക്രട്ടറി മറുപടി ലഭ്യമാക്കിയിട്ടുണ്ട്. 2022 വർഷം മുതൽ ചാർജ്ജ് അലവൻസ് സ്വീകരിക്കുന്നില്ല എന്നും അധികമായി കൈപ്പറ്റിയ തുക തിരികെ ഒടുക്കി വിവരം ലഭ്യമാക്കുമെന്നുമാണ് പ്രോജക്ട് ഓഫീസർ മറുപടിയിൽ അറിയിച്ചിട്ടുള്ളത്. സർക്കാർ ജീവനക്കാരുടെ 2009, 2014, 2019 ശമ്പളപരിഷ്കരണത്തെ തുടർന്ന് പ്രസ്തുത സർക്കാർ ഉത്തരവിലെ നിർദ്ദേശങ്ങൾ പരിഷ്കരിച്ചിട്ടില്ലാത്ത സാഹചര്യത്തിലും സി ഡി എസ് മെമ്പർ സെക്രട്ടറിമാരുടെ ചുമതലയുള്ള ജീവനക്കാർക്ക് ഓണറേറിയത്തിന് അർഹതയുണ്ടായിരിക്കുകയില്ലെന്ന് കുടുംബശ്രീമിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ വ്യക്തമാക്കിയിട്ടുള്ളതിനാലും ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് നൽകിയ മറുപടി അംഗീകരിക്കുന്നില്ല. സി ഡി എസ് മെമ്പർ സെക്രട്ടറിയുടെ അധികചുമതല വഹിച്ചിരുന്ന ജീവനക്കാരന് നഗരസഭ യു പി എ ഫണ്ടിൽ നിന്ന് ഓണറേറിയം ഇനത്തിൽ ക്രമപ്രകാരമല്ലാതെ അനുവദിച്ച 107930/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. ₹107930യും സർക്കാർ ഉത്തരവിനു വിരുദ്ധമായി മുൻവർഷങ്ങളിൽ തുക കൈപ്പറ്റിയിട്ടുണ്ടെങ്കിൽ ആയതും തിരികെ ഒടുക്കി വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-38 പ്രോജക്ട് ഓഫീസർ നിർവ്വഹണം നടത്തിയ വിവിധ പ്രോജക്ടുകളുടെ ചെലവ് രേഖകൾ ലഭ്യമാക്കിയിട്ടില്ല. ₹1665000 യുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

2021-22 വർഷം പ്രോജക്ട് ഓഫീസർ, നഗര ദാരിദ്ര്യ നിർമ്മാർജ്ജന സെൽ നിർവ്വഹണം നടത്തിയ ചുവടെ കൊടുത്ത പ്രോജക്ടുകളുമായി ബന്ധപ്പെട്ട ചെലവുരേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

| ക്രമ നമ്പർ | പ്രോജക്ട് നമ്പർ | പേര് | അടങ്കൽ | ചെലവ് | ബിൽ നമ്പർ,തീയതി (ACR പ്രകാരം) |
|---|---|---|---|---|---|
| 1 | 312/22 | ഭദ്രത ഭവന പദ്ധതി | 100000 (വികസനഫണ്ട് -ജനറൽ) | 80000 | 154/21-22, ₹60000, 28.12.21, 183/21-22, ₹20000, 20.01.22 |
| 2 | 92/22 | എസ് സി വീട് റിപ്പയർ | 1500000 (വികസനഫണ്ട്- എസ് സി പി) | 1435000 | ₹600000, 163/07.01.22 ₹100000, 193/07.02.22 ₹50000, 230/02.03.22 ₹50000, 271/17.03.22 ₹635000, 353/30.03.22 |
| 3 | 95/22 | എസ് ടി വീട് റിപ്പയർ | 150000 (വികസനഫണ്ട്- ടി എസ് പി) | 150000 | ₹75000, 197/08.02.22 ₹75000, 358/30.03.22 |

മുകളിൽ കൊടുത്ത പ്രകാരം പ്രോജക്ട് ഓഫീസർ നിർവ്വഹണം നടത്തിയ പ്രോജക്ടുകളുടെ ചെലവ് രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കുന്നതിനായി നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (43/26-4-23) മറുപടി ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ ₹1665000 യുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

മട്ടന്നൂർ നഗരസഭയിലെ ഭവനരഹിതർക്ക് വീട് നിർമ്മിക്കുന്നതിന് ധനസഹായം നൽകുന്നതിനായി തുടങ്ങിയ ഭദ്രത ഭവന പദ്ധതിയിൽ ആകെയുള്ള 88 ഗുണഭോക്താക്കളിൽ 11 പേർ 2020-21 വർഷം വരെ ഭവനനിർമ്മാണം പൂർത്തിയാക്കിയിരുന്നില്ല (2020-21 വർഷ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 1-36 കാണുക). തൻവർഷം ടി പ്രോജക്ടിൽ ₹80000 ചെലവഴിച്ചിട്ടുണ്ട്. പ്രോജക്ടുകളുമായി ബന്ധപ്പെട്ട ചെലവുരേഖകൾ ലഭ്യമാക്കാത്തതിനാൽ ഏതൊക്കെ ഗുണഭോക്താക്കൾക്കാണ് തുക നൽകിയതെന്ന് വ്യക്തമല്ല. ആർക്കൊക്കെയാണ് തുക അനുവദിച്ചതെന്നതിന്റെയും മേല്പറഞ്ഞ 11 പേരും ഇതിനോടകം വീട് പണി പൂർത്തീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെയും വിവരങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കുന്നതിന് മേല്പറഞ്ഞ പ്രകാരം ഓഡിറ്റ് അന്വേഷണം നൽകിയെങ്കിലും മറുപടി നൽകിയിട്ടില്ല. ഭവനനിർമ്മാണം പൂർത്തീകരിച്ച് വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-39 ബാലസഭ -മാർഗ്ഗരേഖാ വ്യവസ്ഥകൾക്ക വിരുദ്ധമായി അധികം ചെലവഴിച്ച ₹119515 തിരികെ ഈടാക്കേണ്ടതാണ്.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെമ്പർ സെക്രട്ടറി, നഗര ദാരിദ്ര്യ നിർമ്മാർജ്ജന സെൽ |
| പ്രോജക്ട് നമ്പർ, പേര് | 81/22, ബാലസഭ |
| അടങ്കൽ | ₹350000 (വികസന ഫണ്ട്, ജനറൽ) |
| ചെലവ് | ₹222015 |
| ബിൽ നമ്പർ, തീയതി | 10/21-22, തീയതി 26-03-2022 |

2021-22 വർഷത്തെ ബാലസഭ പ്രവർത്തനങ്ങൾ എന്ന പ്രോജക്ടിൽ മട്ടന്നൂർ നഗരസഭ സി ഡി എസ് ന് കീഴിലുള്ള ബാലസഭ അംഗങ്ങൾക്ക് കലാ-കായിക പരിപാടികൾ സംഘടിപ്പിക്കു ന്നതിന് ₹350000 നീക്കി വെക്കുകയും കലാ-കായിക വികസനം, യുവജനക്ഷേമം മേഖലയിൽ ഉൾപ്പെട്ട പ്രസ്തുത പ്രോജക്ടിന്റെ ഫണ്ട് വിനിയോഗിച്ച് സി ഡി എസ് ന് കീഴിലുള്ള 35 എ ഡി എസ്-കളിലെയും ബാലസഭ അംഗങ്ങൾക്ക് കലാപോഷണത്തിന്റെ ഭാഗമായി വിവിധ മത്സരങ്ങൾ സംഘടിപ്പിക്കുക, ഇത്തരം മത്സരങ്ങളിൽ മികച്ച വിജയം കൈവരിക്കുന്നവർക്ക് സി ഡി എസ് തലത്തിലുള്ള മത്സരം, സിഡിഎസ് തലത്തിൽ മുഴുവൻ ബാലസഭ അംഗങ്ങളിൽ നിന്നുമായി വോളിബോൾ, ഫുട്ബോൾ എന്നീ വിഭാഗങ്ങളിൽ ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും പരിശീലനം, നേതൃപാഠപരിശീലനം, പ്രസംഗ പരിശീലനം, സാഹിത്യ ശില്പശാല എന്നിവ സംഘടിപ്പിക്കുകയും ₹ 222015 ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. ചെലവിന്റെ വിശദ വിവരം ചുവടെ കൊടുക്കുന്നു.

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ പേര് | ബാങ്ക് അക്കൗണ്ട് നമ്പർ | ഇനം | അനുവദിച്ച തുക |
|---|---|---|---|---|
| 1 | അനിൽകുമാർ കെ വി, | CNRB 42342200134161 | ഫുട്ബോൾ പരിശീലനം | 72000 |
| 2 | സഹജൻ നനോത്ത്, | CNRB 42452030000214 | വോളിബോൾ പരിശീലനം | 18000 |
| 3 | ചിത്രതാര | SIB 078205300002122 | പന്തൽ, മൈക്ക്, കസേര | 18000 |
| 4 | മെമ്പർ സെക്രട്ടറി, സിഡി എസ്, മട്ടന്നൂർ മുനിസിപ്പാ ലിറ്റി | UBI 340102010028683 | 3 വിധികർത്താക്കൾക്ക് 1000/- വീതം ഹോണറേറിയം | 3000 |
| 5 | വിദ്യ രേഖ | CNRB 3156101008137 | ചായ, കടി, ഉച്ചഭക്ഷണം-കാറ്ററിംഗ് സർവ്വീസ് | 85450 |
| 6 | ജനകീയ ഹോട്ടൽ | UBI 340102010030732 | സി ഡി എസ് തല കലോത്സവം -ചായ, കടി, ഉച്ചഭക്ഷണം | 13860 |
| 7 | ക്യൂട്ടി സ്റ്റോർ, കൂത്തുപറമ്പ് | BARB 68590500000003 | 6 ബോൾ വാങ്ങിയത് | 4500 |
| 8 | ജീനിയസ് ബുക്ക്സ് | SBI 67297888464 | സ്റ്റേഷനറി വാങ്ങിയത് | 675 |

| | | | | |
|---|---|---|---|---|
| 9 | സിറ്റി സ്പോർട്സ് | SBI 38381164463 | ഫുട്ബോൾ, വോളിബോൾ പരിശീലനത്തിന് ബോൾ വാങ്ങിയത് | 6530 |
| | | | ആകെ തുക | ₹ 222015 |

പ്രോജക്ട് നിർവ്വഹണത്തിലെ അപാകങ്ങൾ ചുവടെ കൊടുക്കുന്നു.

1. സ.ഉ.(കൈ)22/18/ത.സ്വ.ഭ.വ, തീയതി 14-02-2018 സബ്സിഡി മാർഗ്ഗരേഖ ഖണ്ഡിക 7.6.17 പ്രകാരം ബാലസഭാ പ്രവർത്തനങ്ങൾക്ക് വാർഡ് ഒന്നിന് ₹1,500യും മുനിസിപ്പൽ തലത്തിൽ ₹50,000യും ചെലവഴിക്കാനാണ് അനുമതിയുള്ളത്. എന്നാൽ മേല്പറഞ്ഞ പ്രോജക്ടിൽ വാർഡ് ഒന്നിന് ₹1500 നിരക്കിൽ ₹52500യും മുനിസിപ്പൽ തലത്തിൽ ₹50000യും ചേർത്ത് ₹102500 ചെലവഴിക്കേണ്ടതിനു പകരം ₹222015യാണ് ചെലവഴിച്ചിട്ടുള്ളത്. മാർഗ്ഗരേഖാ വ്യവസ്ഥകൾക്കു വിരുദ്ധമായി ₹119515 അധികം ചെലവഴിച്ചത് വിശദീകരിക്കപ്പെട്ടിട്ടില്ല.

2. 35 വാർഡുകളിൽ കലാ-കായിക പരിശീലനം നടത്തിയതിന്റെയും ടീം സെലക്ഷൻ നടത്തിയതിന്റെയും രേഖകൾ (പരിശീലനത്തിന് തെരഞ്ഞെടുക്കപ്പെട്ട കുട്ടികളുടെ അപേക്ഷ, പങ്കെടുത്ത കുട്ടികളുടെ പേര്, ഹാജർ വിവരങ്ങൾ, സർട്ടിഫിക്കറ്റ് വിതരണം എന്നിവ) ഇല്ല.

3. പ്രോജക്ടിന്റെ മോണിറ്ററിംഗ് റിപ്പോർട്ട് ഇല്ല.

അപാകങ്ങൾ പരിഹരിക്കാനായി നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (34/25-4-23) മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ മാർഗ്ഗരേഖാ വ്യവസ്ഥകൾക്കു വിരുദ്ധമായി അധികം ചെലവഴിച്ച ₹119515 ഉത്തരവാദിയായവരിൽ നിന്നും ഈടാക്കി വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-40 പ്രവൃത്തി മൂല്യം നെഗോഷ്യേറ്റ് ചെയ്ത തുകയിൽ ലിമിറ്റ് ചെയ്യാത്തതിനാൽ 1706 രൂപ നഷ്ടം

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | മുനിസിപ്പൽ എഞ്ചിനീയർ |
| പ്രോജക്ട് നമ്പർ, പേര് | 263/22, ഗവ. സ്കൂളിൽ ടോയ്‌ലറ്റ് സൗകര്യം ഒരുക്കൽ |
| അടങ്കൽ തുക, ഫണ്ടിനം | 8 ലക്ഷം രൂപ (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) |
| പി എ സി തുക | 633180 |
| ബിൽ നമ്പർ, തീയതി, ചെലവ് തുക | 222014700190015l8294 തീയതി 30-3-22<br>തുക 286911<br>410876 (2022-23 ലെ ചെലവ്) |
| കരാറുകാരന്റെ പേര് | കെ രത്നാകരൻ |
| പി എ സി തുക | 633180 |
| എം ബുക്ക് നമ്പർ | 62/21-22 |
| കരാർ നമ്പർ, തീയതി | 25/20-21 25-2-21 |

മേൽ പ്രവൃത്തിയുടെ ഫയൽ പരിശോധിച്ച് കണ്ടെത്തിയ അപാകങ്ങൾ ചുവടെ കൊടുക്കുന്നു.

1. പ്രവൃത്തി മൂല്യം നെഗോഷ്യേറ്റ് ചെയ്ത തുകയിൽ ലിമിറ്റ് ചെയ്യാത്തതിനാൽ ₹1706 നഷ്ടം

ടെണ്ടറിൽ ഏറ്റവും കുറവ് തുകയായ 622499.90 ക്വാട്ട് ചെയ്ത ശ്രീ.ഷാജി.സി.പി എന്ന കരാറുകാരൻ നഗരസഭയിൽ രജിസ്റ്റർ ചെയ്ത കരാറുകാരൻ അല്ലാത്തതിനാൽ ടിയാളുടെ ടെണ്ടർ ഒഴിവാക്കുകയും തൊട്ടടുത്ത് കുറഞ്ഞ തുക ക്വാട്ട് ചെയ്ത (633179.58) ശ്രീ.കെ.രത്നാകരനുമായി നെഗോഷ്യേറ്റ് ചെയ്യുകയും ആയതു പ്രകാരം ശ്രീ.ഷാജി. സി.പി ക്വാട്ട് ചെയ്ത തുകയേക്കാൾ 1000 രൂപ കുറവ് തുകയിൽ (621499.90) പ്രവൃത്തി ഏറ്റെടുക്കുവാൻ തയ്യാറാണെന്ന് ശ്രീ.കെ.രത്നാകരൻ അറിയിക്കുകയും ചെയ്തിട്ടുണ്ട് (ശ്രീ.കെ.രത്നാകരന്റെ 25-2-2021ലെ കത്ത് കാണുക). എന്നാൽ പ്രവൃത്തിമൂല്യം മേൽതുകയിൽ ലിമിറ്റ് ചെയ്തിട്ടില്ല. ആയതിനാൽ നഗരസഭയ്ക്ക് നഷ്ടം വന്നിട്ടുണ്ട്. വിശദവിവരം ചുവടെ കൊടുക്കുന്നു.

| ഇനം | അനുവദിച്ചത് | അനുവദനീയമായത് | നഷ്ടം |
|---|---|---|---|
| പ്രവൃത്തി മൂല്യം | 623023.84 | 621499.99 | 1523.85 |

| | | | |
|---|---|---|---|
| ജി .എസ്.ടി | 74762 | 74580 | 182 |
| ആകെ തുക | 697785.84 | 696079.99 | 1705.85 |
| | | അധികം നൽകിയ തുക | 1706 |

പ്രവൃത്തി മൂല്യം നെഗോഷ്യറ്റ് ചെയ്ത തുകയിൽ ലിമിറ്റ് ചെയ്യാത്തതിന് വിശദീകരണം നല്കേണ്ടതാണ് എന്ന് അറിയിച്ചുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (28/20-4-2023) മറുപടി ലഭ്യമാക്കിയിട്ടില്ല. അധികം നൽകിയ തുക ഈടാക്കി സഞ്ചിതനിധിയിൽ ഒടുക്ക് വരുത്തേണ്ടതാണ്.

2. പ്രവൃത്തി കാലതാമസത്തിന് പിഴ ഈടാക്കിയിട്ടില്ല.

25-2-21ന് ആരംഭിച്ച് 6 മാസത്തിനുള്ളിൽ 24-8-21ന് പൂർത്തിയാക്കേണ്ടുന്ന പ്രവൃത്തി ഒരു വർഷത്തോളം വൈകിപ്പിച്ചു കൊണ്ട് 5-8-22നാണ് പൂർത്തീകരിച്ചിട്ടുള്ളത്. ഫൈനൽ ബിൽ 2022-23ന് അനുവദിച്ചതിൽ പിഴ ഈടാക്കിയതായി കാണുന്നില്ല. പിഴ ഈടാക്കുന്നത് ഒഴിവാക്കി നൽകാനായി ഭരണസമിതിക്ക് മുൻപിൽ സമർപ്പിച്ച അജണ്ട തീരുമാനം മാറ്റി വച്ചതായി 10-9-21 കൗൺസിൽ തീരുമാനം 8ൽ വ്യക്തമാക്കിയിട്ടുണ്ട്. കാലാവധി ദീർഘിപ്പിച്ചത് സംബന്ധിച്ച് സപ്ലിമെന്ററി എഗ്രിമെന്റ് ചമച്ചിട്ടുമില്ല. ഈ സാഹചര്യത്തിൽ പിഴ ഇനത്തിൽ തുക ഈടാക്കാത്തത് ക്രമവിരുദ്ധമാണ്. കോവിഡ് വ്യാപനത്തിന്റെ പ്രത്യേക സാഹചര്യത്തിൽ സർക്കാർ ഉത്തരവ് (സാധാരണ)നം. 1444/2021/തസ്വഭവ തീയതി പ്രകാരം നിർമാണ പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി പിഴ കൂടാതെ ആറുമാസം ദീർഘിപ്പിച്ചു നൽകുവാനായി അനുമതി നൽകി ഉത്തരവായിട്ടുണ്ട്. മേൽ ആറുമാസകാലാവധി മാത്രം ഒഴിവാക്കികൊണ്ട് ബാക്കി സമയത്തേക്കുള്ള പിഴ തുക ഈടാക്കേണ്ടതാണ്.

## 1-41 മരാമത്ത് പ്രവൃത്തികൾ - കരാർ ചമയ്ക്കുന്നതിലെ അപാകതകൾ

1. കുറഞ്ഞ തുകയ്ക്കുള്ള മുദ്രപത്രത്തിൽ കരാർ ചമയ്ക്കുന്നത് സംബന്ധിച്ച്.

01-04-2018 മുതൽ മരാമത്ത് പ്രവൃത്തികൾക്കും, സേവനങ്ങൾക്കുമുള്ള എഗ്രിമെന്റുകൾക്ക് പ്രത്യേക സ്റ്റാമ്പ് ഡ്യൂട്ടി നിരക്ക് ഏർപ്പെടുത്തുകയും 1959ലെ കേരള സ്റ്റാമ്പ് ആക്ടിൽ ഭേദഗതി വരുത്തുകയും ചെയ്തിട്ടുണ്ട്. മരാമത്ത് പ്രവൃത്തികൾക്കും, സേവനങ്ങൾക്കുമുള്ള എഗ്രിമെന്റുകളുടെ സ്റ്റാമ്പ് ഡ്യൂട്ടി ഓരോ 1000/- രൂപയ്ക്കും 1/- രൂപയായി നിശ്ചയിച്ചിട്ടുണ്ട്. കുറഞ്ഞത് 200/- രൂപയും പരമാവധി 1 ലക്ഷം രൂപയുമായി സ്റ്റാമ്പ് ഡ്യൂട്ടി നിജപ്പെടുത്തിയിട്ടുമുണ്ട്. എന്നാൽ മട്ടന്നൂർ നഗരസഭയിൽ നിർവഹണം നടത്തിയ ചില മരാമത്ത് പ്രവൃത്തികളുടെ കരാർ ഉടമ്പടി തയ്യാറാക്കുന്നതിന് കുറഞ്ഞ തുകയുടെ മുദ്രപ്പത്രം ആണ് ഉപയോഗിച്ചു വരുന്നത്. ഉദാഹരണങ്ങൾ ചുവടെ കൊടുക്കുന്നു.

| പ്രവൃത്തിയുടെ പേര്/നമ്പർ | കരാറുകാരന്റെ പേര് | കരാർ തുക | മുദ്രപത്രത്തിന്റെ വില | ഉപയോഗിച്ചത് | വ്യത്യാസം |
|---|---|---|---|---|---|
| 46/22 പഴശ്ശി കനാൽ ഓണപറമ്പ് റോഡ് റീടാറിംഗ് | പി.അബ്ദുൾ ഖാദർ | 1192617.19+GST | 1200 | 1100 | 100 |
| 102/22 കുംഭം മൂല അംഗൻവാടി റിപ്പയർ | പ്രവീൺ.ടി | 133540.98 | 1400 | 200 | 1200 |
| 58/22 വെമ്പടി ചിറക്കാടി റോഡ് റീടാറിംഗ് | നാസർ.പി | 1468855.49 | 1500 | 1400 | 100 |

| | | | | | |
|---|---|---|---|---|---|
| | | | | | |
| 21/22<br>പൊറോറ സ്കൂൾ ഏളന്നൂർ റോഡ് റീടാറിംഗ് | ഷാഫിർ | 1946355.64 | 1950 | 1800 | 150 |

കുറഞ്ഞ തുകകളുടെ മുദ്ര പത്രത്തിൽ കരാർ ചമയ്ക്കുന്നത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കിയിട്ടില്ല.

2. കരാർ ചമച്ചിട്ടില്ല.

പൊറോറ പെരിയച്ചൂർ റോഡ് റീടാറിംഗ് പ്രവൃത്തിയുടെ ഫയൽ പരിശോധിച്ചതിൽ ഫയലിനോടൊപ്പം ലഭ്യമാക്കിയത് നാലാങ്കേരി- ഹരിപ്പന്നൂർ റോഡ് റീടാറിംഗ് പ്രവൃത്തിയുടെ കരാർ ഉടമ്പടിയാണ്.

| പ്രവൃത്തിയുടെ പേര്/നമ്പർ | കരാറുകാരന്റെ പേര് | കരാർ തുക | ഉപയോഗിക്കേണ്ടുന്ന മുദ്രപത്രത്തിന്റെ വില | ഉപയോഗിച്ചത് | വ്യത്യാസം |
|---|---|---|---|---|---|
| പൊറോറ പെരിയച്ചൂർ റോഡ് | ഷാഫിർ | 1770390.39 | 1800 | - | 1800 |

നാലാങ്കേരി – ഹരിപ്പന്നൂർ റോഡ് റീടാറിംഗ് പ്രവൃത്തിയുടെ ഫയലിൽ അതേ കരാറിന്റെ പകർപ്പ് ഉൾപ്പെടുത്തിയതായും കാണുന്നു. ഇത് സംബന്ധിച്ച് വ്യക്തത വരുത്തേണ്ടതാണ് എന്ന് അറിയിച്ചുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (41/26-4-2023) മറുപടി ലഭ്യമാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് വ്യക്തത വരുത്തേണ്ടതും സർക്കാറിന് നഷ്ടമായ തുക 1800/- രൂപ ഈടാക്കി ഒടുക്ക് വരുത്തേണ്ടതുമാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 ബാലസഭ -മാർഗ്ഗരേഖാ വ്യവസ്ഥകൾക്കു വിരുദ്ധമായി അധികം ചെലവഴിച്ച ₹119515 തിരികെ ഈടാക്കേണ്ടതാണ്.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെമ്പർ സെക്രട്ടറി, നഗര ദാരിദ്ര്യ നിർമ്മാർജ്ജന സെൽ |
| പ്രോജക്റ്റ് നമ്പർ, പേര് | 81/22, ബാലസഭ |
| അടങ്കൽ | ₹ 350000 (വികസന ഫണ്ട്, ജനറൽ) |
| ചെലവ് | ₹ 222015 |
| ബിൽ നമ്പർ, തീയതി | 10/21-22, തീയതി 26-03-2022 |

2021-22 വർഷത്തെ ബാലസഭ പ്രവർത്തനങ്ങൾ എന്ന പ്രോജക്ടിൽ മട്ടന്നൂർ നഗരസഭ സി ഡി എസ് ന് കീഴിലുള്ള

ബാലസഭ അംഗങ്ങൾക്ക് കലാ-കായിക പരിപാടികൾ സംഘടിപ്പിക്കു ന്നതിന് ₹350000 നീക്കി വെക്കുകയും കലാ-കായിക വികസനം, യുവജനക്ഷേമം മേഖലയിൽ ഉൾപ്പെട്ട പ്രസ്തുത പ്രോജക്റ്റിന്റെ ഫണ്ട് വിനിയോഗിച്ച് സി ഡി എസ്സ് ന് കീഴിലുള്ള 35 എ ഡി എസ്-കളിലെയും ബാലസഭ അംഗങ്ങൾക്ക് കലാ പരിപാടി പോഷണത്തിന്റെ ഭാഗമായി വിവിധ മത്സരങ്ങൾ സംഘടിപ്പിക്കുക, ഇത്തരം മത്സരങ്ങളിൽ മികച്ച വിജയം കൈവരിക്കുന്നവർക്ക് സി ഡി എസ് തലത്തിലുള്ള മത്സരം, സിഡിഎസ് തലത്തിൽ മുഴുവൻ ബാലസഭ അംഗങ്ങളിൽ നിന്നുമായി വോളിബോൾ, ഫുട്ബോൾ എന്നീ വിഭാഗങ്ങളിൽ ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും പരിശീലനം, നേതൃപാഠ പരിശീലനം, പ്രസംഗ പരിശീലനം, സാഹിത്യ ശില്പശാല എന്നിവ സംഘടിപ്പിക്കുകയും മേൽ പട്ടികയിൽ പറഞ്ഞ പ്രകാരം ₹ 222015 ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. ചെലവിന്റെ വിശദ വിവരം ചുവടെ കൊടുക്കുന്നു.

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ പേര് | ബാങ്ക് അക്കൗണ്ട് നമ്പർ | ഇനം | അനുവദിച്ച തുക |
|---|---|---|---|---|
| 1 | അനിൽകുമാർ കെ വി, | CNRB 42342200134161 | ഫുട്ബോൾ പരിശീലനം | 72000 |
| 2 | സഹജൻ നനോത്ത്, | CNRB 42452030000214 | വോളിബോൾ പരിശീലനം | 18000 |
| 3 | ചിത്രതാര | SIB 078205300002122 | പന്തൽ, മൈക്ക്, കസേര | 18000 |
| 4 | മെമ്പർ സെക്രട്ടറി, സിഡി എസ്, മട്ടന്നൂർ മുനിസിപ്പാലിറ്റി | UBI 340102010028683 | 3 വിധികർത്താക്കൾക്ക് 1000/- വീതം ഹോണറേറിയം | 3000 |
| 5 | വിദ്യ രേഖ | CNRB 3156101008137 | ചായ, കടി, ഉച്ചഭക്ഷണം-കാറ്ററിംഗ് സർവ്വീസ് | 85450 |
| 6 | ജനകീയ ഹോട്ടൽ | UBI 340102010030732 | സി ഡി എസ് തല കലോത്സവം -ചായ, കടി, ഉച്ചഭക്ഷണം | 13860 |
| 7 | ക്യൂട്ടി സ്റ്റോർ, കൂത്തുപറമ്പ് | BARB 68590500000003 | 6 ബോൾ വാങ്ങിയത് | 4500 |
| 8 | ജീനിയസ് ബുക്ക്സ് | SBI 67297888464 | സ്റ്റേഷനറി വാങ്ങിയത് | 675 |
| 9 | സിറ്റി സ്പോർട്സ് | SBI 38381164463 | ഫുട്ബോൾ, വോളിബോൾ പരിശീലനത്തിന് ബോൾ വാങ്ങിയത് | 6530 |

പ്രോജക്റ്റ് നിർവ്വഹണത്തിലെ അപാകങ്ങൾ ചുവടെ കൊടുക്കുന്നു.

1. സ.ഉ.(കൈ)22/18/ത.സ്വ.ഭ.വ, തീയതി 14-02-2018 സബ്സിഡി മാർഗ്ഗരേഖ ഖണ്ഡിക 7.6.17 പ്രകാരം ബാലസഭാപ്രവർത്തനങ്ങൾക്ക് വാർഡ് ഒന്നിന് ₹1,500 യും മുനിസിപ്പൽ തലത്തിൽ ₹ 50,000 യും ചെലവഴിക്കാനാണ് അനുമതിയുള്ളത്. എന്നാൽ മേല്പറഞ്ഞ പ്രോജക്റ്റിൽ വാർഡ് ഒന്നിന് ₹1500 നിരക്കിൽ ₹52500 യും മുനിസിപ്പൽ തലത്തിൽ ₹50000 യും ചേർത്ത് ₹ 102500 ചെലവഴിക്കേണ്ടതിനു പകരം ₹222015 യാണ് ചെലവഴിച്ചിട്ടുള്ളത്. മാർഗ്ഗരേഖാ വ്യവസ്ഥകൾക്കു വിരുദ്ധമായി ₹119515 അധികം ചെലവഴിച്ചത് വിശദീകരിക്കപ്പെട്ടിട്ടില്ല.

2. 35 വാർഡുകളിൽ കലാ-കായിക പരിശീലനം നടത്തിയതിന്റെയും ടീം സെലക്ഷൻ നടത്തിയതിന്റെയും രേഖകൾ (പരിശീലനത്തിന് തെരഞ്ഞെടുക്കപ്പെട്ട കുട്ടികളുടെ അപേക്ഷ, പങ്കെടുത്ത കുട്ടികളുടെ പേര്, ഹാജർ വിവരങ്ങൾ, സർട്ടിഫിക്കറ്റ് വിതരണം എന്നിവ) ഇല്ല.

3. പ്രോജക്റ്റിന്റെ മോണിറ്ററിംഗ് റിപ്പോർട്ട് ഇല്ല.

അപാകങ്ങൾ പരിഹരിക്കാനായി നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (34/25-4-23) മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ മാർഗ്ഗരേഖാ വ്യവസ്ഥകൾക്കു വിരുദ്ധമായി അധികം ചെലവഴിച്ച ₹119515 ഉത്തരവാദിയായവരിൽ നിന്നും ഈടാക്കി വിവരം ലഭ്യമാക്കേണ്ടതാണ്.

### 3-2 പ്രവൃത്തിമൂല്യം നെഗോഷ്യേറ്റ് ചെയ്ത തുകയിൽ ലിമിറ്റ് ചെയ്യാത്തതിനാൽ 1706 രൂപ നഷ്ടം

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | മുനിസിപ്പൽ എഞ്ചിനീയർ |
| പ്രോജക്ട് നം/പേര് | 263/22 ഗവ.സ്കൂളിൽ ടോയ് ലെറ്റ് സൗകര്യം ഒരുക്കൽ |
| അടങ്കൽ തുക,ഫണ്ടിനം | 8 ലക്ഷം രൂപ (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) |
| പി എ സി തുക | 633180 |
| ബിൽ നംപർ,തീയതി,ചെലവ് തുക | 222014700190015182944 തീയതി 30-3-22<br>തുക 286911<br>410876 (2022-23 ലെ ചെലവ്) |
| കരാറുകാരന്റെ പേര് | കെ രത്നാകരൻ |
| പി എ സി തുക | 633180 |
| എം ബുക്ക് നംപർ | 62/21-22 |
| കരാർ നമ്പർ ,തീയതി | 25/20-21 25-2-21 |

മേൽ പ്രവൃത്തിയുടെ ഫയൽ പരിശോധിച്ച് കണ്ടെത്തിയ അപാകങ്ങൾ ചുവടെ കൊടുക്കുന്നു.

1. പ്രവൃത്തി മൂല്യം നെഗോഷ്യേറ്റ് ചെയ്ത തുകയിൽ ലിമിറ്റ് ചെയ്യാത്തതിനാൽ ₹1706 നഷ്ടം

ടെണ്ടറിൽ ഏറ്റവും കുറവ് തുകയായ 622499.90 ക്വാട്ട് ചെയ്ത ശ്രീ.ഷാജി.സി.പി എന്ന കരാറുകാരൻ നഗരസഭയിൽ രജിസ്റ്റർ ചെയ്ത കരാറുകാരൻ അല്ലാത്തതിനാൽ ടിയാളുടെ ടെണ്ടർ ഒഴിവാക്കുകയും തൊട്ടടുത്ത് കുറഞ്ഞ തുക ക്വാട്ട് ചെയ്ത (633179.58) ശ്രീ.കെ.രത്നാകരനുമായി നെഗോഷ്യേറ്റ് ചെയ്യുകയും ആയതു പ്രകാരം ശ്രീ.ഷാജി. സി.പി ക്വാട്ട് ചെയ്ത തുകയേക്കാൾ 1000 രൂപ കുറവ് തുകയിൽ (621499.90) പ്രവൃത്തി ഏറ്റെടുക്കുവാൻ തയ്യാറാണെന്ന് ശ്രീ.കെ.രത്നാകരൻ അറിയിക്കുകയും ചെയ്തിട്ടുണ്ട്(ശ്രീ.കെ.രത്നാകരന്റെ 25-2-2021 ലെ കത്ത് കാണുക). എന്നാൽ പ്രവൃത്തിമൂല്യം മേൽതുകയിൽ ലിമിറ്റ് ചെയ്തിട്ടില്ല. ആയതിനാൽ നഗരസഭയ്ക്ക് നഷ്ടം വന്നിട്ടുണ്ട്. വിശദവിവരം ചുവടെ കൊടുക്കുന്നു.

| ഇനം | അനുവദിച്ചത് | അനുവദനീയമായത് | വ്യത്യാസം |
|---|---|---|---|
| പ്രവൃത്തി മൂല്യം | 623023.84 | 621499.99 | 1523.85 |
| ജി .എസ്.ടി | 74762 | 74580 | 182 |
| ആകെ തുക | 697785.84 | 696079.99 | 1705.85 |
| | | അധികം നൽകിയ തുക | 1706 |

പ്രവൃത്തി മൂല്യം നെഗോഷ്യേറ്റ് ചെയ്ത തുകയിൽ ലിമിറ്റ് ചെയ്യാത്തതിന് വിശദീകരണം നല്കേണ്ടതാണ് എന്ന് അറിയിച്ചുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (28/20-4-2023) മറുപടി ലഭ്യമാക്കിയിട്ടില്ല. അധികം നൽകിയ തുക ഈടാക്കി സഞ്ചിതനിധിയിൽ ഒടുക്ക് വരുത്തേണ്ടതാണ്.

## ഭാഗം -4
## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സാക്ഷ്യപത്രം നൽകുന്നതിനായി കണക്കുകൾ പരിശോധിച്ച തീയതി | സാക്ഷ്യപത്രം നൽകിയതിന്റെ നമ്പർ/ തീയതി |
|---|---|---|
| 2021-22 | 19-4-2023&20-4-2023 | കെ.എസ്.എ/കെഎൻ ആർ/സി115/531/23 തീയതി: 18.05.2023. |

### 4-2 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല

## 4-3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| വർഷം | നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ നമ്പർ/പേര് | ബില്ല്/വൗച്ചർ/ ചെക്ക് നമ്പർ | മുൻകൂർ നൽകിയ തുക | ചെല വഴിച്ച തുക | ബാക്കി തുക | റിമാർക്ക്സ് |
|---|---|---|---|---|---|---|---|
| 2021-22 | ഭൂജല വകുപ്പ് | 293/21-22 കുഴിക്കൽ അംഗൻ വാടി കുഴൽ കിണർ നിർമ്മാണം | 21220147001901445166 24-3-22 | 45000 | ലഭ്യമല്ല | 45000 | വിനിയോഗ സാക്ഷ്യ പത്രം ലഭ്യമാക്കിയിട്ടില്ല. |
| 2021-22 | ഭൂജല വകുപ്പ് | 344/21-22 കയനി-പൊറോറ എളക്കുഴി അംഗൻവാടി കുഴൽകിണർ നിർമാണം | 21220147001901379625 19.03.22 | 142000 | ലഭ്യമല്ല | 142000 | „ |
| 2021-22 | കേരള വാട്ടർ അതോറിറ്റി | വിവിധ പ്രദേശങ്ങളിൽ കുടിവെള്ളത്തിന് പൈപ്പ് ലൈൻ | 1271/30-3-2022<br>1272/30-3-2022 | 590000<br>380000 | | 970000 | „ |

മേൽ പ്രവൃത്തികൾക്ക് ചെലവഴിച്ച തുകയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരം

ഇല്ല

## 4-5 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം മുനിസിപ്പാലിറ്റിക്ക് വായ്പയിനത്തിൽ വരവില്ല. വായ്പയിനത്തിൽ വർഷാരംഭത്തിൽ തിരിച്ചടക്കാൻ ബാക്കിയുള്ള ₹49409923 യിൽ ₹7851832 തിരിച്ചടച്ചിട്ടുണ്ട്. വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പാ തുക ₹ | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻ വർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണം | GO.147/2009/ ത.സ്വ.ഭ.വ/ 29-7-2009 | 3,93,36,119 | 11036590 | 4905164 | | 6131426* |

| | | | | | | |
|---|---|---|---|---|---|---|
| KURDFC ലോൺ | | | | | | |
| പി.എം. എ.വൈ KURDFC ലോൺ | ഉത്തരവ് ലഭ്യമാക്കിയിട്ടില്ല | 4,42,00,000 | 38373333 | 2946668 | | 35426665 |
| ആകെ | | | 49409923 | 7851832 | | 41558091 |

വായ്പ രജിസ്റ്റർ പ്രകാരം ബാലൻസ് തുകയായി രേഖപ്പെടുത്തിയിരിക്കുന്നത് 6131318 രൂപയാണ്. തുക തമ്മിൽ 108/- രൂപയുടെ വ്യത്യാസം കാണുന്നു. പലിശ തുകയായ 1012230/- രൂപ കൂടി കുറവ് വരുത്തിയ തുകയാണ് (40545861) വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

## 4-6 സ്ഥിര നിക്ഷേപത്തിന്റെ വിവരം

| | |
|---|---|
| മുന്നിരിപ്പ് | 4289982 |
| തൻവർഷം നിക്ഷേപിച്ചത് | 1304767 |
| ആകെ | 5594749 |
| തൻവർഷം പിൻവലിച്ചത് | ഇല്ല |
| വർഷാവസാനം നീക്കിയിരിപ്പ് | 5594749 |

| ക്രമ നമ്പർ | സ്ഥിര നിക്ഷേപത്തിന്റെ വിവരം | കാലാവധി പൂർത്തിയാകുന്ന തീയതി | തുക |
|---|---|---|---|
| 1 | കൊളാരി സർവ്വീസ് കോ ഓപ്പറേറ്റീവ് ബാങ്ക്, മട്ടന്നൂർ<br>FD നമ്പർ 26/2010-11/18-5-2020 | 16-5-2021 | 2627121 |
| 2 | യൂനിയൻ ബാങ്ക്, മട്ടന്നൂർ FD നമ്പർ 721319/28-1-2021 | 28-1-2022 | 1402075 |
| 3 | കൊളാരി സർവ്വീസ് കോ ഓപ്പറേറ്റീവ് ബാങ്ക്, മട്ടന്നൂർ<br>FD നമ്പർ 0302111703477/2022/ 31-3-2022 | 31.03.2023 | 1044553 |
| 4 | ക്ലീൻ കേരള മിഷൻ ഷെയർ സർട്ടിഫിക്കറ്റ് നമ്പർ 033/26-5-2014, 500 എണ്ണം @ ₹1000 | _ | 500000 |
| 5 | ഷെയർ സർട്ടിഫിക്കറ്റ് | - | 16000 |
| 6 | ഷെയർ സർട്ടിഫിക്കറ്റ് | - | 5000 |
| | ആകെ | | 5594749 |

## 4-7 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം

മുനിസിപ്പാലിറ്റിയുടെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് | ഖണ്ഡിക | സമാഹൃത | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ |
|---|---|---|---|---|---|

| വർഷം | നമ്പർ | റിപ്പോർട്ട് വർഷം | നമ്പർ | | അവസ്ഥ |
|---|---|---|---|---|---|
| 2001-02 | 5 | 2004-05 | 4/11-13 | രേഖയില്ല കാലിത്തീറ്റ വിതരണത്തിൽ ക്രമക്കേട് | നിലവിലെ അവസ്ഥ തുടരുന്നു |
| 2016-17 | 3-1 | 2017-18 | 1-13-6 | ഫണ്ട് വിനിയോഗം പുരോഗതി കൈവരിച്ചില്ല | ,, |

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 246375482.51 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 327501336.00 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 121221 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 15999425 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം .

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-39 | 119515 | ശ്രീ.കെ.പി.രമേഷ്ബാബു, പ്രൊജക്ട് ഓഫീസർ, നഗരദാരിദ്ര്യ നിർമാർജ്ജന സെൽ |
| 1-40 | 1706 | ശ്രീ.കെ.ടി.പ്രണാം, മുനിസിപ്പൽ എഞ്ചിനീയർ |
| ആകെ തുക | 121221 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-23 | 421535 | ശ്രീമതി.പ്രീത.പി, സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് |
| 1-25 | 671502 | ശ്രീ,വിനോദ്കുമാർ.എസ് സെക്രട്ടറി |
| 1-26 | 324797 | ശ്രീ.വിനോദ്കുമാർ.എസ് സെക്രട്ടറി |
| 1-27 | 700000 | ശ്രീ,വിനോദ്കുമാർ.എസ് |

| | | |
|---|---|---|
| | | സെക്രട്ടറി |
| 1-32 | 1737067 | ശ്രീ.വിനോദ്കുമാർ.എസ്<br>സെക്രട്ടറി |
| 1-33 | 570000 | ശ്രീ,വിനോദ്കുമാർ.എസ്<br>സെക്രട്ടറി |
| 1-34 | 165481 | ശ്രീ,വിനോദ്കുമാർ.എസ്<br>സെക്രട്ടറി |
| 1-35 | 9223113 | ശ്രീ.വിനോദ്കുമാർ.എസ്<br>സെക്രട്ടറി |
| 1-36 | 413000 | ,, |
| 1-37 | 107930 | ,, |
| 1-38 | 1665000 | ശ്രീ.രമേഷ്ബാബു,<br>പ്രൊജക്റ്റ് ഓഫീസർ,<br>നഗര ദാരിദ്ര്യ നിർമാർജ്ജന സെൽ |
| ആകെ തുക | 15999425 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക | തുക | ഇനം | ഉത്തരവാദിയായ ഉദ്യോഗസ്ഥൻ |
|---|---|---|---|
| 1-6-1 | 5132 | ജി.എസ്.ടി. | ശ്രീ.വിനോദ് കുമാർ.എസ്,<br>സെക്രട്ടറി |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.വിനോദ്കുമാർ.എസ്<br>സെക്രട്ടറി | സെക്രട്ടറി,<br>മട്ടന്നൂർ നഗരസഭ | നാരായണനിവാസ്,<br>തമലം,പൂജപ്പുര.പി.ഒ,<br>തിരുവനന്തപുരം. |
| ശ്രീ.കെ.ടി.പ്രണാം,<br>മുനിസിപ്പൽ എഞ്ചിനീയർ | മുനിസിപ്പൽ എഞ്ചിനീയർ<br>മട്ടന്നൂർ നഗരസഭ | കൊളങ്ങരക്കണ്ടി(H)<br>തൃക്കണ്ണാപുരം,<br>കണ്ണൂർ 670691 |
| ശ്രീ.കെപി.രമേഷ്ബാബു,<br>പ്രൊജക്റ്റ് ഓഫീസർ,<br>നഗരദാരിദ്ര്യനിർമാർജ്ജന സെൽ | പ്രൊജക്റ്റ് ഓഫീസർ,<br>നഗരദാരിദ്ര്യനിർമാർജ്ജന സെൽ,മട്ടന്നൂർ നഗരസഭ | ടി.പി.ഹൗസ്,<br>മാവിലേരി,<br>ചെണ്ടയാട്.പി.ഒ |
| ശ്രീമതി.പ്രീത.പി,<br>സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | അസി.ഡയറക്ടർ ഓഫ് ഫിഷറീസ്,<br>കാസറഗോഡ് | ശ്രീലകം,<br>മുട്ടുങ്ങൽ വെസ്റ്റ്.പി.ഒ<br>വടകര |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നുമുള്ള ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1997-98 തനത് ഫണ്ട് | എൽ.എഫ്/കെ.എൻ.ആർ/ബി.1/ 1808/ 11(2)/23-11-2011 | 3 |
| 1997-98 പദ്ധതി വിഹിതം | എൽ.എഫ്/കെ.എൻ.ആർ/ബി.1/ 1808/ 11(1)/23-11-2011 | 12 |
| 1998-99 തനത് ഫണ്ട് | എൽ.എഫ്/കെ.എൻ.ആർ/ബി.1/ 1808/ 11(4)/23-11-2011 | 11 |
| 1998-99 പദ്ധതി വിഹിതം | എൽ.എഫ്/കെ.എൻ.ആർ/ബി.1/ 1808/ 11(3)/23-11-2011 | 11 |
| 1999-00 തനത് ഫണ്ട് | എൽ.എഫ്/കെ.എൻ.ആർ/ബി.1/ 1808/ 11(6)/23-11-2011 | 10 |
| 1999-00 പദ്ധതി വിഹിതം | എൽ.എഫ്/കെ.എൻ.ആർ/ബി.1/ 1808/ 11(5)/23-11-2011 | 3 |
| 2000-01 പദ്ധതി വിഹിതം | എൽ.എഫ്/കെ.എൻ.ആർ/ബി.1/ 1808/ 11(7)/23-11-2011 | 17 |
| 2000-01 തനത് ഫണ്ട് | എൽ.എഫ്/കെ.എൻ.ആർ/ബി.1/ 1808/ 11(8)/23-11-2011 | 1 |
| 2001-02 തനത് ഫണ്ട് | എൽ.എഫ്/കെ.എൻ.ആർ/ബി.1/ 1808/ 11(10)/23-11-2011 | 10 |
| 2001-02 പദ്ധതി വിഹിതം | എൽ.എഫ്/കെ.എൻ.ആർ/ബി.1/ 1808/ 11(9)/23-11-2011 | 7 |
| 2002-03 | എൽ.എഫ്/കെ.എൻ.ആർ/ബി.1/ 1808/ 11(11)/23-11-2011 | 4 |

| | | |
|---|---|---|
| 2003-04 | എൽ.എഫ്/കെ.എൻ.ആർ/ബി.1/ 1808/ 11(12)/23-11-2011 | 7 |
| 2004-05 | എൽ.എഫ്/കെ.എൻ.ആർ/ബി.1/ 1808/ 11(13)/23-11-2011 | 13 |
| 2005-06 | എൽ.എഫ്/കെ.എൻ.ആർ/ബി.1/ 1808/ 11(14)/23-11-2011 | 11 |
| 2006-07 | എൽ.എഫ്/കെ.എൻ.ആർ/ബി.3/ 490/ 13/16-5-2013 | 15 |
| 2007-08 | എൽ.എഫ്/കെ.എൻ.ആർ/ബി.3/ 1927/ 13/16-5-2013 | 25 |
| 2008-09 | എൽ.എഫ്/കെ.എൻ.ആർ/ബി.3/ 1371/ 13/4-1-2014 | 29 |
| 2009-10 | എൽ.എഫ്/കെ.എൻ.ആർ/ബി.3/ 1371/ 13/4-1-2014 | 30 |
| 2010-11<br>2011-12 | എൽ.എഫ്/കെ.എൻ.ആർ/ബി.3/ 146/ 15/29-7-2015 | 47 |
| 2012-13<br>2013-14<br>2014-15 | എൽ.എഫ്/കെ.എൻ.ആർ/ബി.3/ 2059/16/29-2-2016 | 31 |
| 2015-16 | കെ.എസ്.എ/കെ.എൻ.ആർ/ബി.2/ 178/17/10-2-2017 | 8 |
| 2016-17 | കെ.എസ്.എ/കെ.എൻ.ആർ/സി.13/ 1806/17/27-11-2017 | 18 |
| 2017-18 | കെ.എസ്.എ/കെ.എൻ.ആർ/സി.16/ 126/19/14-3-2019 | 12 |
| 2018-19 | കെ.എസ്.എ/കെ.എൻ.ആർ/സി.16/ 1789/19/22-1-2020 | 36 |
| 2019-20 | കെ.എസ്.എ/കെ.എൻ.ആർ./സി.15/ 41/2022 തീയതി: 11.05.2022 | 27 |
| 2020-21 | കെ.എസ്.എ/കെ.എൻ.ആർ./സി.15/ 42/2022 തീയതി: 12.05.2022 | 29 |

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
കണ്ണൂർ ജില്ലാ ഓഡിറ്റ് കാര്യാലയം

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള മുനിസിപ്പൽ ആക്ടിന്റെ 295-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്രാജ് നഗരപാലികാ സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കണ്ണൂർ ജില്ലയിലെ മട്ടന്നൂർ മുനിസിപ്പാലിറ്റിയുടെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കണ്ണൂർ ജില്ലയിലെ മട്ടന്നൂർ മുനിസിപ്പാലിറ്റിയുടെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-3-1

## RECEIPT & PAYMENT STATEMENT

| | | | |
|---|---|---|---|
| Mattannur Municipality<br>RECEIPT & PAYMENT STATEMENT | | | |
| For the period from 01-April-2021 to 31-March-2022 | | | |
| Code.No | Description of Items | Schedule No | Amount |
| | RECEIPTS | | |
| | Opening Balance | | |
| Bank | Bank | RP-40(a) | 135879369.51 |
| Cash | Cash | RP-40(a) | 1712571.00 |
| | Operating | | |
| 110000000 | Tax Revenue | RP-1 | 3118630.00 |
| 130000000 | Rental income from Panchayat Properties | RP-3 | 0.0 |
| 140000000 | Fees & User Charges | RP-4 | 3922755.00 |
| 150000000 | Sale & Hire Charges | RP-5 | 253534.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-6 | 138908387.00 |
| 171000000 | Interest Earned | RP-8 | 246648.00 |
| 180000000 | Other Income | RP-9 | 2.00 |
| 431000000 | Sundry Debtors (Receivables) | RP-37 | 32744320.00 |
| | Non Operating | | |
| 311000000 | Earmarked Funds | RP-22 | 10114404.00 |
| 320000000 | Grants, Funds & Contributions for Specific | RP-24 | 49980959.00 |

| | | | |
|---|---|---|---|
| | Purposes | | |
| 340000000 | Deposits Received | RP-27 | 2665419.00 |
| 350000000 | Other Liabilities | RP-29 | 4410265.00 |
| 460000000 | Loans, Advances and Deposits | RP-41 | 10160.00 |
| | Grand total | | 383967423.51 |
| | PAYMENTS | | |
| | Operating | | |
| 210000000 | Establishment Expenses | RP-10 | 35383442.00 |
| 220000000 | Administrative Expenses | RP-11 | 3888834.00 |
| 230000000 | Operations & Maintenance | RP-12 | 6690500.00 |
| 240000000 | Interest & Finance Charges | RP-13 | 26382.00 |
| 250000000 | Decentralised Plan Programme- Productive Sector | RP-14 | 20603462.00 |
| 251000000 | Decentralised Plan Programme- Service Sector | RP-45 | 25861160.00 |
| 252000000 | Decentralised Plan Programme- Infrastructure Sector | RP-46 | 67635781.00 |
| 253000000 | Decentralised Plan Programme- Projects not included in Sector Division | RP-47 | 4411327.00 |
| 260000000 | Grants, Contributions and Compensations from Own Fund | RP-15 | 87500.00 |
| 350000000 | Other Liabilities | RP-29 | 18844207.00 |
| 420000000 | Investments | RP-34 | 1044553.00 |
| 431000000 | Sundry Debtors (Receivables) | RP-37 | 90320483.00 |

| | | | |
|---|---|---|---|
| | Non Operating | | |
| 280000000 | Prior Period Item / Transfer to Reserve Funds(ILGMS) | RP-19 | 32800.00 |
| 311000000 | Earmarked Funds | RP-22 | 3977870.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-24 | 437132.00 |
| 330000000 | Secured Loans | RP-25 | 5917394.00 |
| 340000000 | Deposits Received | RP-27 | 3482859.00 |
| 350000000 | Other Liabilities | RP-29 | 13391592.00 |
| 410000000 | Fixed Assets | RP-31 | 20621883.00 |
| 412000000 | Capital work in Progress | RP-33 | 3552175.00 |
| 460000000 | Loans, Advances and Deposits | RP-41 | 1290000.00 |
| | Closing Balance | | |
| Bank | Bank | RP-40(b) | 56466087.51 |
| Cash | Cash | RP-40(b) | 0.0 |
| | Grand Total | | 383967423.51 |

## അനുബന്ധം-3-2
## INCOME & EXPENDITURE STATEMENT

| Mattannur Municipality<br>INCOME & EXPENDITURE STATEMENT | | | |
|---|---|---|---|
| For the period from 01-April-2021 to 31-March-2022 | | | |
| Code.No | Description of Items | Schedule No | Amount |
| | INCOME | | |
| 110000000 | Tax Revenue | I-1 | 23983742.00 |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 15384700.00 |
| 140000000 | Fee & User Charges | I-4(b) | 6153705.00 |
| 150000000 | Sale & Hire Charges | I-5(b) | 253534.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 143694655.00 |
| 171000000 | Interest Earned | I-8 | 246648.00 |
| 180000000 | Other Income | I-9 | 14086.00 |
| | Total Income | | 189731070.00 |
| | EXPENDITURE | | |
| 210000000 | Establishment Expenses | I-10(b) | 60334151.00 |
| 220000000 | Administrative Expenses | I-11(b) | 3977920.00 |

| | | | |
|---|---|---|---|
| 230000000 | Operations & Maintenance | I-12(b) | 6694552.00 |
| 240000000 | Interest & Finance Charges | I-13 | 26382.00 |
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 20603462.00 |
| 251000000 | Decentralised Plan Programme-Service Sector | I-14 | 27700760.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14 | 68593651.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14 | 4411327.00 |
| 260000000 | Grants, Contributions & Compensation from Own Fund / Subsidies | I-15 | 87500.00 |
| | Total Expenditure | | 192429705.00 |
| | Gross Surplus / Deficit of income over Expenditure | | -2698635.00 |
| 280000000 | Prior Period Item / Transfer to Reserve Funds(ILGMS) | I-18 | -13570549.00 |
| | Net difference (Prior period Income - Prior period Expenditure) | | 10871914.00 |
| 290000000 | Transfer to Reserve Funds/Prior Period Item (ILGMS) | I-18(a) | 0.0 |

## അനുബന്ധം-3-3
## BALANCE SHEET

| Mattannur Municipality<br>BALANCE SHEET | | | |
|---|---|---|---|
| As on 31-March-2022 | | | |
| Code.No | Description of Items | Schedule No | Amount |
| | LIABILITIES | | |
| | Reserve & Surplus | | |
| 310000000 | Panchayat / Municipal Fund | B-1 | 202825139.37 |

| | | | |
|---|---|---|---|
| 311000000 | Earmarked Funds - Special Funds/Sinking Fund/Trust or Agency Fund | B-2 | 7500555.00 |
| 312000000 | Reserves | B-3 | 245290946.00 |
| | Total Reserve & Surplus | | 455616640.37 |
| | Grants, Contributions for Specific Purposes | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 178248926.00 |
| | Total Grants, Contributions for Specific Purposes | | 178248926.00 |
| | Loans | | |
| 330000000 | Secured Loans | B-5 | 40545861.00 |
| | Total Loans | | 40545861.00 |
| | Current Liabilities & Provisions | | |
| 340000000 | Deposits Received | B-7 | 53968508.00 |
| 350000000 | Other Liabilities | B-9 | 5797418.74 |
| | Total Current Liabilities and Provisions | | 59765926.74 |
| | TOTAL LIABILITIES | | 734177354.11 |
| | ASSETS | | |
| | Fixed Assets | | |
| 410000000 | Fixed Assets | B-11 | 500065116.00 |
| 411000000 | Accumulated Depreciation | B-11 | -19904746.00 |
| 412000000 | Capital Work in Progress | B-11 | 46561323.00 |
| | Total Fixed Assets | | 526721693.00 |

| | | | |
|---|---|---|---|
| | Investments | | |
| 420000000 | Investments-General Fund | B-12 | 5334535.00 |
| | Total Investments | | 5334535.00 |
| | Current Assets, Loans and Advances | | |
| 430000000 | Stock-in-hand | B-14 | 0.0 |
| 431000000 | Sundry Debtors (Receivables) | B-15 | 135134000.60 |
| 432000000 | Accumulated Provisions Against Debtors (Receivables) | B-21 | -1229846.00 |
| 450000000 | Cash and Bank Balance | B-17 | 56466087.51 |
| 460000000 | Loans, Advances and Deposits | B-18 | 11678229.00 |
| | Total Current Assets, Loans and Advances | | 202048471.11 |
| | Other Assets | | |
| 470000000 | Other Assets | B-19 | 72655.00 |
| | Total Other Assets | | 72655.00 |
| | Miscellaneous Expenditure (To the Extent not written off) | | |
| 480000000 | Miscellaneous Expenditure to be written off | B-20 | 0.0 |
| | Total Miscellaneous Expenditure (To the Extent not written off) | | 0.0 |
| | TOTAL ASSETS | | 734177354.11 |

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.